# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

മേയ് 2015 വാല്യം 42 ലക്കം 2 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 16 വില 5.00 രൂപ


# നാണംകെട്ട അഴിമതിഭരണവും പരിഹാസ്യമാകുന്ന അഴിമതിവിരുദ്ധ പോരാട്ടവും

**ജനദ്രോഹവും അഴിമതിയും പിടിപ്പുകേടും അലങ്കാരമായി കൊണ്ടുനടക്കുന്ന സംസ്ഥാനത്തെ യുഡിഎഫ് ഭരണത്തെ ജനങ്ങൾ സർവ്വാർത്ഥത്തിലും വെറുക്കുന്നുവെന്നതാണ് കേരള രാഷ്ട്രീയത്തിന്റെ വർത്തമാന സ്ഥിതി. ആ വെറുപ്പിന്റെ അളവിനെയും കടത്തിവെട്ടുന്ന ഒന്നായിരിക്കുന്നു പ്രതിപക്ഷത്തിന്റെ നായകത്വത്തിൽ നടക്കുന്ന അഴിമതിവിരുദ്ധപ്പോരാട്ടത്തോടുള്ള ജനങ്ങളുടെ അവജ്ഞയും പുച്ഛവും. ധിക്കാരപൂർവ്വം ജനങ്ങളുടെ ക്ഷമയെ പരീക്ഷിക്കുന്ന യുഡിഎഫ് ഭരണത്തിനെതിരെ ഉയരേണ്ടത് ഇത്തരത്തിലുള്ള പൊറാട്ടുനാടകമാണോ?**

**ഓ**രോ ദിനം ചെല്ലുംതോറും യുഡിഎഫ് സർക്കാരിന്റെ ജനദ്രോഹം സർവ്വസീമകളെയും ലംഘിക്കുകയാണ്. രാഷ്ട്രീയനേതൃത്വം നടത്തുന്ന അഴിമതിയുടെ വാർത്തകൾ നിമിഷംപ്രതി പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. സോളാർ സംഘത്തിന് കോടികളുടെ തട്ടിപ്പ് നടത്താൻ എല്ലാ ഒത്താശയും നൽകി എന്ന ആരോപണം ഉയർന്നതുമുതൽ ഈ സർക്കാരിനെതിരെ അഴിമതി ആരോപണങ്ങളുടെ മലവെള്ളപ്രവാഹമാണ് ഉണ്ടായിട്ടുള്ളത്. നേഴ്സുമാരുടെ വിദേശ റിക്രൂട്ടിംഗിന്റെ മറയിൽ 200 കോടിയോളം രൂപ വെട്ടിച്ചവർ മുതൽ ജനശ്രീ തട്ടിപ്പുകാർ വരെയുള്ള ഒട്ടനവധി തസ്കരസംഘങ്ങൾ ഈ സർക്കാരിന്റെ തണലിൽ വിലസുകയാണ്. ഇക്കൂട്ടരുടെ ഇടനിലക്കാരായി പ്രവർത്തിച്ചുകൊണ്ട് തട്ടിപ്പുപണത്തിന്റെ വലിയ പങ്ക് പറ്റുന്നവരായി ഭരണരാഷ്ട്രീയ നേതൃത്വം ഒന്നടങ്കം മാറിയിരിക്കുന്നു. ബാർമുതലാളിമാരുമായി മാത്രമല്ല, ക്വാറി-ഭൂമാഫിയായുമായും കോടികളുടെ ഇടപാടുകളാണ് നടക്കുന്നത്. കേരളമെമ്പാടും നടക്കുന്ന നിയമവിരുദ്ധമായ ഖനനവും ക്വാറിയിംഗും, ഭരണക്കാർക്ക് നൽകിയിട്ടുള്ള കോടികളുടെ ബലത്തിലാണ് മുന്നേറുന്നത്.

ബാറുകൾ തുറപ്പിക്കാനും അടപ്പിക്കാനുമൊക്കെ ഭരണക്കാർക്ക് കോടികൾ നൽകിയിട്ടുണ്ടെന്നാണ് ആരോപണങ്ങൾ തെളിയിക്കുന്നത്. സംസ്ഥാനത്തെ ധനകാര്യമന്ത്രിക്കെതിരെയുള്ള അഴിമതിആരോപണത്തിന്റെ തുടർച്ചയായി എക്സൈസ് മന്ത്രിയും കുറ്റാരോപിതനായിരിക്കുകയാണ്. ഭരണത്തിലിരിക്കുന്ന മന്ത്രിക്കെതിരെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് കേസന്വേഷണം നടത്തേണ്ടുന്ന സാഹചര്യം വന്നിട്ടും പ്രസ്തുത മന്ത്രി സ്ഥാനം ഒഴിയാൻ തയ്യാറായിട്ടില്ല. നിഷ്പക്ഷവും സ്വതന്ത്രവുമായ അന്വേഷണം നടക്കുന്നുണ്ടെന്ന സന്ദേശം ജനങ്ങൾക്ക് നൽകുന്നതിനായിട്ടെങ്കിലും മന്ത്രി സ്വന്തം സ്ഥാനം ഒഴിയേണ്ടതാണ്. ഒരു ബാഹ്യസ്വാധീനവും ചെലുത്താതെ തനിക്കെതിരെയുള്ള അന്വേഷണം സ്വതന്ത്രമായി, നീതിപൂർവ്വം മുന്നോട്ടുകൊണ്ടുപോകാൻ ഭരണത്തിലിരിക്കുന്ന ഒരു മന്ത്രി അനുവദിക്കുമെന്ന് കരുതുന്ന ഒരു കൊച്ചുകുട്ടി പോലും കേരളത്തിലില്ല. ഒരു മന്ത്രിയുടെ രാഷ്ട്രീയഭാവി ഇല്ലാതാക്കുംവിധം തെളിവുകൾ ശേഖരിക്കാനും അപ്രകാരം തെളിവ് ലഭിച്ചാൽ അത് വെളിച്ചത്തുകൊണ്ടുവരാനും ഏത് ഉദ്യോഗസ്ഥനാണ് കഴിയുക? അത്രമേൽ നിർഭയമായി, നിഷ്പക്ഷമായി തന്റെ കടമകൾ നിർവ്വഹിക്കുവാൻ ഉദ്യോഗസ്ഥർക്ക് സ്വാതന്ത്ര്യം നൽകപ്പെട്ടിട്ടുണ്ടോ? കേരളത്തിന്റെ വർത്തമാനസ്ഥിതിയിൽ അങ്ങിനെ ഒരിക്കലും കരുതാൻ കഴിയില്ല.

അഴിമതിയോടൊപ്പമോ ഒരു പക്ഷേ അതിനാക്കാളേറെയോ സാമൂഹ്യ- സാമ്പത്തിക-രംഗത്തെ നയങ്ങളും നികുതി-ചാർജ്ജ് വർദ്ധനവുകളും വിദ്യാഭ്യാസവിരുദ്ധ നടപടികളുമാണ് ജനങ്ങളുടെ ജീവിതത്തെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങൾ. ജനങ്ങളുടെ നികുതിപ്പണം ചെലവഴിച്ച്, ഭരണമെന്ന പേരിൽ രാപകൽ തെക്ക്-വടക്ക് ഞെളിഞ്ഞ് നടക്കുന്ന ഭരണക്കാരിൽ ആർക്കെങ്കിലും ആരോടെങ്കിലും ഉത്തരവാദിത്വമുണ്ടോ? ആരോടെങ്കിലും പ്രതിബദ്ധതയുണ്ടോ? നടത്തിപ്പുകാരും ഇടനിലക്കാരുമായി നിന്നുകൊണ്ട് അവിഹിത കരാറുകളും ഇടപാടുകളും നടത്തി കോടികളുടെ കമ്മീഷൻ തരപ്പെടുത്തുന്നതിന്റെ തിരക്കിൽ പാഞ്ഞുനടക്കുന്ന യുഡിഎഫ് മന്ത്രിപ്പടയ്ക്ക് ജനജീവിതത്തിന്റെ പ്രശ്നങ്ങൾ പരിഗണിക്കാൻ എവിടെയാണ് സമയം. ഭരണപരമായ ഉത്തരവാദിത്തനിർവ്വഹണത്തിന്റെ രംഗത്ത് കുറ്റകരമായ അലംഭാവവും വീഴ്ചയുമാണ് ഇവർ കാട്ടുന്നത്. ഇക്കഴിഞ്ഞ എസ്എസ്എൽസി പരീക്ഷാഫലപ്രഖ്യാപനം കൈകാര്യം ചെയ്ത രീതി കണ്ടിട്ട്, ഭരണക്കാരെ കൈയ്യിൽ കിട്ടുന്നതെന്തുംകൊണ്ട് പ്രഹരിക്കാനുള്ള രോഷമാണ് ജനങ്ങൾക്കുണ്ടായത്. റെക്കോർഡ് വേഗത്തിൽ എസ്എസ്എൽസി പരീക്ഷാഫലപ്രഖ്യാപനം നടത്താനിറങ്ങിയതോടെ സംസ്ഥാനത്തെ 5.5 ലക്ഷം വരുന്ന വിദ്യാർത്ഥികളും മാതാപിതാക്കളും മാത്രമല്ല വിദ്യാഭ്യാസസ്നേഹികളായ ഏവരും ഉൽക്കണ്ഠാകുലരായിരുന്നു. ഏവരും ആശങ്കപ്പെട്ടതുപോലെ തന്നെ സംഭവിച്ചു. ഏതാണ്ട് മൂവായിരത്തോളം കുട്ടികളുടെ ഗ്രേഡ് നിർണ്ണയി

(ശേഷം 2-ാം പേജിൽ)

## സ്ത്രീവിമോചന പോരാട്ടങ്ങൾക്ക് കരുത്തുപകർന്ന് അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടനയുടെ നാലാമത് സംസ്ഥാന സമ്മേളനം

**മേ**യ് 8,9,10 തീയതികളിൽ അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ നാലാമത് സംസ്ഥാന സമ്മേളനം ആലപ്പുഴയിൽ നടന്നു. അതിക്രമങ്ങൾക്കും വർഗ്ഗീയതക്കും അന്ധവിശ്വാസങ്ങൾക്കും തൊഴിലവകാശ നിഷേധങ്ങൾക്കും മദ്യവിപത്തിനുമെതിരെ- സ്ത്രീകൾ എന്ന മുദ്രാവാക്യമുയർത്തി രണ്ടുമാസത്തിലേറെക്കാലം നീണ്ടുനിന്ന പ്രചാരണത്തിനുശേഷമാണ് സമ്മേളനം നടത്തപ്പെട്ടത്. മെയ് 8 ന് വനിതകളുടെ ഉജ്ജ്വലമായ പ്രകടനത്തോടെയാണ് സമ്മേളനം ആരംഭിച്ചത്. പ്രകടനത്തിനു സമാപനം കുറിച്ചുകൊണ്ട് ആലപ്പുഴ നഗരചത്വരത്തിൽ ചേർന്ന പൊതുസമ്മേളനം കാലിക്കട്ട് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലറും പ്രമുഖ ചരിത്രപണ്ഡിതനുമായ ഡോ. കെ. കെ.എൻ.കുറുപ്പ് ഉദ്ഘാടനം ചെയ്തു.



പൊതുസമ്മേളനം പ്രമുഖ ചരിത്രകാരൻ ഡോ.കെ.കെ.എൻ.കുറുപ്പ് ഉദ്ഘാടനം ചെയ്യുന്നു. സഖാക്കൾ ഛായാമുഖർജി, മിനി കെ.ഫിലിപ്പ്, ഡോ.വി.വേണുഗോപാൽ എന്നിവർ മുൻനിരയിൽ

ഭരണാധികാരികൾ ഇന്ത്യയെ കോർപ്പറേറ്റുകളുടെ രാജ്യമാക്കി മാറ്റുകയാണെന്നും കോർപ്പറേറ്റ് വിപ്ലവമാണ് ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നത് എന്നും ഡോ.കെ.കെ. എൻ.കുറുപ്പ് അഭിപ്രായപ്പെട്ടു. ഓരോ ഇക്കണോമിക് സോൺ രൂപപ്പെടുമ്പോഴും സർക്കാരുകളുടെ അധികാരവും അധികാരപരിധിയും അത്രകണ്ട് കുറയുകയാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരമുയർത്തിയ ജ്വാലയോ, സ്വാതന്ത്ര്യസമരം മുന്നോട്ടുവച്ച സാംസ്കാരിക വിപ്ലവമോ മുന്നോട്ടുകൊണ്ടുപോകുവാൻ പിന്നാലെ വന്നവർക്ക് കഴിഞ്ഞില്ല. സ്ത്രീപുരുഷ സമത്വം വിഭാവനം ചെയ്യുന്ന ഭരണഘടന ഹൈജാക്ക് ചെയ്യപ്പെട്ടിരിക്കുകയാണ് എന്നും സാംസ്കാരികവിപ്ലവം അനിവാര്യമായിരിക്കുന്ന സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന വൈസ്പ്രസിഡന്റ് മിനി കെ.ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ അഖിലേന്ത്യ പ്രസിഡന്റ് ഛായ മുഖർജി മുഖ്യ പ്രഭാഷണം നടത്തി. സ്ത്രീസുരക്ഷാ സമിതി സംസ്ഥാന പ്രസിഡന്റ് ഡോ.വിൻസെന്റ് മാളിയേക്കൽ, ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസ്സോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ്, ഐഎൻപിഎ ആലപ്പുഴ ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ, ഡോ. അമൃത, കേരള മത്സ്യസംസ്കരണ തൊഴിലാളി യൂണിയൻ(കെഎംഎസ്റ്റിയു) സംസ്ഥാന ജനറൽ സെക്രട്ടറി എസ്.സീതിലാൽ, കെഎംഎസ്റ്റിയു ആലപ്പുഴ ജില്ല പ്രസിഡന്റ് രേവമ്മ ചന്ദ്രൻ, എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ഡോ.വി.വേണുഗോപാൽ, സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ വനിതാവിഭാഗം വൈസ്പ്രസിഡന്റ് കെ.ജി.ലളിതാഭായ്, സാധുജനവിമോചന സംയുക്തവേദി സംസ്ഥാന ട്രഷറർ അയ്യപ്പൻ കൈതക്കര, എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ്

(ശേഷം 7-ാം പേജിൽ)

# അഴിമതിയുടെ കറപുരളാത്ത ശരിയായ നേതൃത്വത്തിൻ കീഴിലേ അഴിമതി വിരുദ്ധ പോരാട്ടം ലക്ഷ്യം നേടൂ

(ഒന്നാംപേജിൽ നിന്ന്)

ക്കുന്നതിലും അത് ടാബുലേറ്റ് ചെയ്യുന്നതിലും ഗുരുതരമായ തെറ്റ് സംഭവിച്ചു. എഴുതാത്ത വിഷയങ്ങൾക്കും മാർക്ക് രേഖപ്പെടുത്തിയതായി നിരവധി കേസ്സുകൾ ഉണ്ടായി. എന്തിന് പരീക്ഷയേ എഴുതാത്ത വിദ്യാർത്ഥിക്ക് ജയം പ്രഖ്യാപിച്ച സംഭവവും ഉണ്ടായി. സർവ്വത്ര പരാതികളും ആരോപണങ്ങളും ഉയർന്നതോടെ ഫലപ്രഖ്യാപനത്തിൽ വീഴ്ച പറ്റിയതായി സർക്കാരിന് അംഗീകരിക്കേണ്ടി വന്നു. ഒടുവിൽ ആദ്യ ഫലപ്രഖ്യാപനം അപ്പാടെ പിൻവലിച്ച് ചരിത്രത്തിൽ ആദ്യമായി രണ്ടാം ഫലപ്രഖ്യാപനം നടത്തേണ്ടി വന്നു. ഈ ഫലപ്രഖ്യാപനത്തിൽ തിരുത്തപ്പെട്ടത് ടാബുലേഷനുമായി ബന്ധപ്പെട്ടുണ്ടായ തെറ്റുകൾ മാത്രമാണ്. ടാബുലേഷനേക്കാൾ വേഗതയിൽ നടത്തപ്പെട്ട മൂല്യനിർണ്ണയത്തിൽ പിഴവുകൾ സംഭവിച്ചിരിക്കാൻ സാധ്യത വളരെ കൂടുതലാണ്. അവ പരിശോധിക്കപ്പെട്ടിട്ടില്ല. അവ കൂടി കണ്ടെത്തിയിരുന്നെങ്കിൽ ഫലപ്രഖ്യാപനത്തിലെ വീഴ്ചയുടെ മാനം ഇപ്പോഴുണ്ടായതിനേക്കാൾ ഗുരുതരമാണെന്ന് തെളിഞ്ഞേനെ.

ഈ കൂട്ടക്കുഴപ്പങ്ങൾക്കിടയിൽ ഫലപ്രഖ്യാപനത്തിലെ വളരെ ഗൗരവമേറിയ വശം ചർച്ച ചെയ്യപ്പെടാതെ പോയി. സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന വിജയശതമാനം നേടാൻ കഴിഞ്ഞുവെന്നും അത് വിദ്യാഭ്യാസനിലവാരത്തിന്റെ ഉയർച്ചയെയാണ് കാണിക്കുന്നതെന്നുമുള്ള സർക്കാർ വാദമാണ് ജനങ്ങൾ ഗൗരവപൂർവ്വം പരിശോധിക്കേണ്ടിയിരുന്നത്. ഈ അവകാശവാദം ആദ്യമായി കേരളത്തിൽ അവതരിപ്പിച്ചത് എൽ.ഡി.എഫ് സർക്കാരാണ്. 2009ൽ തലേവർഷത്തേക്കാൾ 30ൽ അധികം വിജയശതമാനവർദ്ധനവ് സൃഷ്ടിച്ചുകൊണ്ടുള്ള റിസൽറ്റ് വന്നപ്പോൾ അത് സർക്കാരിന്റെ വമ്പിച്ച നേട്ടമായി ഇടതുസർക്കാർ പ്രചരിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ പ്രസ്തുത വിജയശതമാന വർദ്ധനവിന് വിദ്യാഭ്യാസനിലവാരവുമായി ഒരു ബന്ധവുമില്ല എന്നത് വിദ്യാഭ്യാസ വിദഗ്ധർ പലരും ചൂണ്ടിക്കാട്ടിയിരുന്നു. സർക്കാർ ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ സൃഷ്ടിച്ച ഒന്നായിരുന്നു അന്നത്തെ 'ഉന്നതവിജയം'. തുടർന്നുള്ള വർഷങ്ങളിൽ വിജയശതമാനം ഉയർന്നുകൊണ്ടേയിരുന്നു. ഏറ്റവും ഒടുവിൽ 98 ശതമാനമാണ് വിജയം. സേ പരീക്ഷ കൂടി കഴിയുന്നതോടെ ഇത് 99 ശതമാനമായി മാറും. പരീക്ഷ എഴുതുന്നവരെല്ലാം (എന്തിന് എഴുതാത്തവരും) ജയിക്കുമെന്നതായിരിക്കുന്നു സാഹചര്യം. എന്നാൽ വിജയശതമാനം ഇപ്രകാരം ഉയരുമ്പോഴും വിദ്യാഭ്യാസ നിലവാരം പാടേ ഇടിയുന്നതാണ് ജനങ്ങൾ കാണുന്ന വസ്തുത. സ്വന്തം പേര് പോലും മാതൃഭാഷയിൽ എഴുതാനറിയാത്തവർ വരെ എസ്.എസ്.എൽ.സി പരീക്ഷയിൽ ജയിക്കുന്നുവെന്നത് റിസൽറ്റിന്റെ ഫലശൂന്യതയെയാണ് കാണിക്കുന്നത്. പൊതുവിദ്യാഭ്യാസത്തിന്റെ തകർച്ച പൂർണ്ണമാക്കുന്ന ഒന്നായി റിസൽറ്റിനെയും മാറ്റിയിരിക്കുന്നുവെന്ന ഏറ്റവും ഗുരുതരമായ പ്രശ്നത്തെ ജനങ്ങളിൽ നിന്നും മറച്ചുവയ്ക്കുകയാണ് യുഡിഎഫും എൽഡിഎഫും ചെയ്യുന്നത്. റിസൽറ്റ് 'കുളമാക്കിയ' യുഡിഎഫും റിസൽറ്റിന്റെ കുഴപ്പങ്ങൾക്കെതിരെ ഒച്ചവയ്ക്കുന്ന എൽഡിഎഫും ലക്ഷ്യമിടുന്നത് അതാണ്.

പുതിയതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ ഉൾപ്പടെ ആവശ്യത്തിന് ഡോക്ടർമാരെ യുദ്ധകാലവേഗതയിൽ നിയമിക്കേണ്ടിയിരിക്കെ, കഴിഞ്ഞ 1 വർഷമായി നടപടി ഉണ്ടായിട്ടില്ല. ഈ വർഷവും സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ സീറ്റുകളിൽ കുറെയെണ്ണത്തിന്റെ അംഗീകാരം നഷ്ടപ്പെടാൻ പോവുകയാണ്. കല്ലിന് കാറ്റുപിടിച്ച പോലെയാണ് സർക്കാരിന്റെ ഇരിപ്പ്. കെഎസ്ആർടിസി ജീവനക്കാരുടെ പെൻഷൻ നൽകുന്നത് നിരന്തരമായി മുടങ്ങിക്കൊണ്ടിരിക്കുകയാണ്. മൂന്നുമാസത്തെയെങ്കിലും കുടിശ്ശിക എപ്പോഴും നിലനിർത്തിക്കൊണ്ടാണ് പെൻഷൻ തുക വല്ലപ്പോഴും വിതരണം ചെയ്യുന്നത്. പ്രശ്നപരിഹാരം അനന്തമായി നീളുകയാണ്.

ഇപ്രകാരം ഉത്തരവാദിത്ത നിർവ്വഹണത്തിന്റെ രംഗത്ത് തികഞ്ഞ പരാജയമായ ഈ സർക്കാരിനെതിരെ ഉയരുന്ന രോഷത്തിനും പ്രതിഷേധത്തിനും സംഘടിതരൂപം നൽകിക്കൊണ്ട് ശക്തമായ ജനാധിപത്യമുന്നേറ്റം സംഘടിപ്പിക്കേണ്ടത് പ്രതിപക്ഷധർമ്മമാണ്. എന്നാൽ പാർലമെന്ററി കണക്കുകൂട്ടലിന്റെ അടിസ്ഥാനത്തിലുള്ള ചില ചടങ്ങ്സമരങ്ങൾ സംഘടിപ്പിച്ച് എന്തെങ്കിലും ചെയ്തു എന്ന് വരുത്തിത്തീർക്കുക മാത്രമാണ് പ്രതിപക്ഷം ഇപ്പോൾ ചെയ്യുന്നത്. പാർലമെന്ററി ലക്ഷ്യങ്ങൾ മാത്രമേ ഈ സമരപരിപാടികൾക്കുള്ളൂ എന്നതിനാലാണ് ആർ.ബാലകൃഷ്ണപിള്ളയെപ്പോലുള്ള അഴിമതിരാജാക്കന്മാർ ഇടതുമുന്നണിയുടെ അഴിമതിവിരുദ്ധപ്പോരാട്ടത്തിലെ താരമൂല്യമുള്ള നേതാക്കന്മാരായി മാറുന്നത്. അഴിമതിക്കാരനാണെന്ന് ഇൻഡ്യയിലെ പരമോന്നതകോടതി കണ്ടെത്തുകയും അങ്ങനെ ശിക്ഷിക്കപ്പെടുകയും ചെയ്ത കേരളത്തിലെ ഏക രാഷ്ട്രീയ നേതാവാണ് ആർ. ബാലകൃഷ്ണപിള്ള. ഈ മാന്യദേഹത്തിന്റെ അഴിമതിവരുദ്ധതയ്ക്ക് എന്ത് സത്യസന്ധതയാണുള്ളത്? ഇദ്ദേഹം അഴിമതിവിരുദ്ധനാണെന്ന് കേരളത്തിലെ സുബോധമുള്ള ഒരു വ്യക്തിപോലും കരുതുന്നില്ല. യുഡിഎഫ് സർക്കാരിനെതിരെ ആർ.ബാലകൃഷ്ണപിള്ള കൈക്കൊണ്ടിരിക്കുന്ന നിലപാടിൽ അഴിമതിക്കെതിരായ സമീപനത്തിന്റെയോ പോരാട്ടത്തിന്റെയോ ഒരു വിഷയവും അന്തർഭവിച്ചിട്ടില്ല. മറിച്ച് യുഡിഎഫിനോടൊപ്പം നിന്ന് വിലപേശി വാങ്ങാവുന്നതെല്ലാം കൈവശപ്പെടുത്തിയതിനുശേഷം (അദ്ദേഹത്തിനായി രൂപീകരിക്കപ്പെട്ട മുന്നോക്കവികസന കോർപ്പറേഷന്റെ ക്യാബിനറ്റ് പദവിയോടുകൂടിയ ചെയർമാൻ സ്ഥാനമുൾപ്പടെ) തന്റെ പുതിയ 'ആവശ്യങ്ങൾ' അംഗീകരിച്ചില്ല എന്നതിന്റെ പേരിലാണ് അദ്ദേഹം യുഡിഎഫ് വിട്ടത്. അല്ലാതെ അഴിമതിവിരുദ്ധതയുടെ അസ്കിതയൊന്നും അദ്ദേഹത്തിനില്ല. ഇത് കേരളത്തിൽ ആർക്കാണറിഞ്ഞുകൂടാത്തത്. ആദർശത്തിന്റെ ആൾരൂപം എന്ന ചെല്ലപ്പേരുള്ള വി.എസ്.അച്യുതാനന്ദൻ ഉൾപ്പടെയുള്ളവർ ഒരു ഉളുപ്പും കൂടാതെ ആവേശപൂർവ്വം അദ്ദേഹത്തെ സ്വീകരിച്ച് അഴിമതിവിരുദ്ധ സമരപ്പന്തലിൽ കൂടെയിരുത്തുന്നതിന് ഒരു ലക്ഷ്യമേയുള്ളൂ. അടുത്ത തെരഞ്ഞെടുപ്പിൽ പിള്ള വഴി നാല് നായർ വോട്ട് തരപ്പെടുത്തുക. കേരളത്തിൽ ഇടതുമുന്നണി നടത്തുന്ന 'ഐതിഹാസികമായ അഴിമതിവിരുദ്ധപ്പോരാട്ടം' (ദേശാഭിമാനി വിശേഷണം!) ഇതാണ്.

കഴിഞ്ഞവർഷം പാലക്കാട്ട് നടന്ന സ്പെഷ്യൽ പ്ലീനത്തിലെ സെമിനാറിലേക്ക് മാണി സാർ ക്ഷണിക്കപ്പെട്ടതിനും ഇതേ ലക്ഷ്യമാണുണ്ടായിരുന്നത്. അദ്ദേഹത്തിന്നെതിരെ തന്നെ സമരം നടത്തേണ്ടി വന്നതിന്റെ ചളിപ്പ്, മാറ്റിയെടുക്കാൻ ഇടതുമുന്നണി അനുഭവിച്ച പങ്കപ്പാട് അവർക്കേ അറിയൂ. കെ.എം.മാണിക്കെതിരെ മിണ്ടുന്നില്ല എന്ന സിപിഐയുടെ കുത്ത് സഹിക്കവയ്യാതെയാണ് മാണിക്കെതിരെ പാതിവെന്ത രൂപത്തിലുള്ള അഴിമതി വിരുദ്ധപ്പോരാട്ടവുമായി രംഗത്തിറങ്ങിയത്. ഏതാനും പാർട്ടിഅണികളെ കളക്ട്രേറ്റ് പടിക്കലോ സെക്രട്ടേറിയറ്റ് നടയിലോ നിരത്തി നടത്തുന്ന ഈ അനുഷ്ഠാനപരിപാടി ജനങ്ങളിൽ സൃഷ്ടിക്കുന്നത് മനംപിരട്ടലും പുച്ഛവുമാണ്. അതിന്റെകൂടെ ബാലകൃഷ്ണപിള്ള കൂടി ചേർന്നതോടെ സമരത്തിന്റെ ലക്ഷ്യം പകൽപോലെ വ്യക്തമായി. യു.ഡി.എഫിനെതിരെയുള്ള വികാരത്തെ വോട്ടാക്കാനുള്ള ഒരു നാടകം മാത്രമാണ് ഈ സമരം.

ജനങ്ങളെ സങ്കുചിതമായ തെരഞ്ഞെടുപ്പ് ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള കരുക്കൾ ആക്കുകയാണ് എന്ന് ബോദ്ധ്യമുള്ളതുകൊണ്ടാണ് അവർ ഇടതുമുന്നണി പ്രഖ്യാപിക്കുന്ന സമരങ്ങളിൽ നിന്നും അകന്നുനിൽക്കുന്നത്. അതോടൊപ്പം സമരനേതൃത്വത്തിന്റെ ചരിത്രവും ജനങ്ങൾ പരിശോധിക്കും. അധികാരത്തിൽ അവരോധിതമായിട്ടുള്ള സന്ദർഭങ്ങളിലെല്ലാം അഴിമതിയുടെ പാപക്കറ പുരണ്ടിട്ടുള്ള ഒരു നേതൃത്വമാണ് സമരത്തിന് ആഹ്വാനം ചെയ്യുന്നതെങ്കിൽ ജനങ്ങൾ ആ സമരത്തിൽ സഹകരിക്കുന്നതെങ്ങനെ? സമരങ്ങളുടെ വിശ്വസനീയമായ ഒരു നേതൃത്വമായി ഇടതുമുന്നണിക്ക് ഇനി മാറണമെങ്കിൽ വീഴ്ചകളും തെറ്റുകളും തുറന്നുപറയാൻ അവർ തയ്യാറാകണം. ഇതിനോടകം നടന്നിട്ടുള്ള എല്ലാ പരിശോധനകളിലും അന്വേഷണങ്ങളിലും അഴിമതി നടന്നിട്ടുണ്ടെന്ന് സംശയാതീതമായി തെളിയിക്കപ്പെട്ട കേസ്സാണ് കേരളാ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനം. അഴിമതി നടന്നിട്ടില്ല എന്ന് സ്ഥാപിക്കാൻ ഒരു മുടന്തൻന്യായം പോലും പറയാൻ സിപിഐ(എം)ന് കഴിയാതെ പോയ ഈ കേസ്സിലെങ്കിലും തങ്ങൾക്ക് വീഴ്ചപറ്റി എന്ന് തുറന്ന് അംഗീകരിക്കാൻ തയ്യാറാകാത്തത് എന്തുകൊണ്ടാണ്. ഇപ്രകാരം ഒരു നേതൃത്വത്തിന് സംസ്ഥാനത്ത് അഴിമതിവിരുദ്ധപ്പോരാട്ടം നയിക്കാൻ ഒരു യോഗ്യതയുമില്ല.

സംസ്ഥാനത്തെ യുഡിഎഫ് ഭരണത്തിനെതിരെ താഴേത്തലം മുതൽ ജനങ്ങളുടെ സമരസംഘടനകൾക്ക് രൂപം നൽകിക്കൊണ്ട് സുശക്തമായ ജനാധിപത്യമുന്നേറ്റം സംഘടിപ്പിക്കുകയാണ് ഇന്നത്തെ അടിയന്തര കടമ. ജനതാൽപ്പര്യം സത്യസന്ധമായി ഉയർത്തിപ്പിടിക്കുന്ന പ്രക്ഷോഭമാണെന്ന ഉത്തമബോദ്ധ്യം ജനങ്ങൾക്കുണ്ടായാൽ ആയിരങ്ങളായി സാധാരണജനങ്ങൾ ആ സമരത്തിൽ അണിനിരക്കും. സംശുദ്ധമായ പൊതുപ്രവർത്തനത്തിന്റെ ചരിത്രമുള്ള ഒരു നേതൃത്വത്തിൻ കീഴിൽ ജനങ്ങൾ പതിനായിരങ്ങളായി ഒത്തുചേരും. സങ്കുചിത ലക്ഷ്യങ്ങളുടെ സ്പർശംപോലുമില്ലാത്ത ഒരു പ്രക്ഷോഭത്തിന്റെ വേദിയിൽ ജീവൻ വെടിയാൻ തയ്യാറായി ജനങ്ങൾ മുന്നോട്ടുവരും. അത്തരമൊരു പ്രക്ഷോഭം സംഘടിപ്പിക്കുന്നതിന്റെ മുമ്പിലെ കടമകൾ ഏറ്റെടുക്കാൻ ഇടതു-ജനാധിപത്യ പാർട്ടികളുടെ നേതൃത്വങ്ങളെ പ്രേരിപ്പിക്കുകയാണ് ആ പ്രസ്ഥാനങ്ങളിലെ സത്യസന്ധരായ അണികൾ ചെയ്യേണ്ടുന്നത്. സ്വയംതിരുത്തൽ അടക്കമുള്ള കടമകൾ പ്രസ്തുത കക്ഷികൾ ഏറ്റെടുക്കണം. അതിന് മുതിരാത്തിടത്തോളംകാലം ജനാധിപത്യസമരങ്ങൾ ശക്തിപ്പെടുകയില്ല. പ്രബുദ്ധമായ ജനാധിപത്യസമരങ്ങളുടെ അഭാവം വലതുപക്ഷ-വർഗ്ഗീയ ശക്തികൾ മുതലെടുക്കുകയും ചെയ്യും. വർത്തമാനകാല രാഷ്ട്രീയ സാഹചര്യത്തിന്റെ ആപൽക്കരമായ പ്രവണതകളുടെ പശ്ചാത്തലത്തിൽ, ഒരു നിമിഷം വൈകാതെ പ്രവർത്തന നിരതരായി ഏവരും മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. ■

## പ്രോവിഡന്റ് ഫണ്ട് നിക്ഷേപത്തിന്റെ 5 ശതമാനം സ്റ്റോക് മാർക്കറ്റിൽ നിക്ഷേപിക്കാനുള്ള ബിജെപി സർക്കാരിന്റെ തീരുമാനം പിൻവലിക്കുക

### – സഖാവ് പ്രൊവാഷ്ഘോഷിന്റെ പ്രസ്താവന

റിട്ടയർമെന്റ് ഫണ്ട് സ്ഥാപനമായ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ(ഇപിഎഫ്ഒ) നിക്ഷേപത്തുകയുടെ 5 ശതമാനം ഊഹക്കച്ചവട സ്ഥാപനമായ സ്റ്റോക്മാർക്കറ്റിൽ നിക്ഷേപിക്കാനുള്ള തീരുമാനത്തെ ഞങ്ങൾ അതിശക്തമായി എതിർക്കുന്നു. പി.എഫിലെ ബോർഡ് ഓഫ് ട്രസ്റ്റീസ് പ്രതിനിധികളുടെയും എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും എതിർപ്പുകളെ അവഗണിച്ചുകൊണ്ടുള്ള ഈ നീക്കം തൊഴിലാളികളും ജീവനക്കാരും കഷ്ടപ്പെട്ട് സമ്പാദിച്ച തുക ഓഹരിക്കമ്പോളത്തിന്റെ പ്രവചനാതീതമായ ചാഞ്ചാട്ടങ്ങൾക്കും ഉയർച്ച താഴ്ചകൾക്കും അനിശ്ചിതത്വത്തിനും തുറന്നു കൊടുത്തിരിക്കുകയാണ്. ഇപ്രകാരം നിക്ഷേപിക്കപ്പെട്ട തുക സമ്പൂർണ്ണമായി ഒലിച്ചുപോകാൻ ഇടയാക്കുന്നതും സാമൂഹ്യസുരക്ഷാ ഫണ്ടിന്റെ സുരക്ഷിതത്വം ഇല്ലാതാക്കുന്നതുമാണ്. ഭാവിയിൽ പി.എഫ്. ഫണ്ടിൽനിന്നും ഓഹരി കമ്പോളത്തിലേക്ക് തിരിച്ചുവിടുന്ന തുകയുടെ അളവ് കൂടാനുള്ള സാധ്യതയും നിലനിൽക്കുന്നു. പി.എഫിൽ പണം നിക്ഷേപിക്കുന്നവരുടെ അവസ്ഥ കൂടുതൽ വഷളാകാനുള്ള സാധ്യതയും നിലനിൽക്കുന്നു. ഓഹരികമ്പോളത്തിലെ ഊഹക്കച്ചവടത്തിലേക്ക് കൂടുതൽ തുക ഒഴുക്കുവാനും വിദേശ-സ്വദേശ ഊഹനിക്ഷേപകർക്ക് ചൂതാട്ടത്തിലൂടെ വൻനേട്ടങ്ങൾ കൊയ്യാനുമുള്ള സാധ്യതകൾ തുറന്നിടുകയെന്നതുമാണ് ഇതിന്റെ പിന്നിലുള്ള ലക്ഷ്യം.

ഈ അപകടകരമായ നീക്കത്തിനെതിരെ സംഘടിതവും സുശക്തവുമായ ചെറുത്തുനിൽപ്പ് വളർത്തിയെടുക്കുവാൻ രാജ്യത്തെ മുഴുവൻ ജനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കേന്ദ്രസർക്കാരിന്റെ ഈ തീരുമാനത്തെ പിൻവലിപ്പിക്കുന്ന തരത്തിൽ സുശക്തമായൊരു ചെറുത്തുനിൽപ്പിന് മുന്നോട്ടുവരാൻ രാജ്യത്തെ എല്ലാ ട്രേഡ് യൂണിയനുകളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■



ഭൂമി പിടിച്ചെടുക്കൽ ബില്ലിനെതിരെ വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ മേയ് 5 ന് പാർലമെന്റിനുമുന്നിൽ നടന്ന കർഷക റാലിയെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റിയംഗം സഖാവ് സത്യവാൻ അഭിസംബോധന ചെയ്യുന്നു.

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) 67-ാം സ്ഥാപനവാർഷികാചരണം

# ശാസ്ത്രീയദർശനമായ മാർക്സിസം-ലെനിനിസത്തിന് മാത്രമേ മനുഷ്യരാശിയെ മുന്നോട്ട് നയിക്കാൻ കഴിയൂ-സഖാവ് കൃഷ്ണചക്രവർത്തി

(67-ാം സ്ഥാപനവാർഷികം ആചരിച്ചുകൊണ്ട് പാർട്ടി കേരള സംസ്ഥാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 28-ന് കോട്ടയത്ത് നടന്ന പൊതുസമ്മേളനത്തിൻ പാർട്ടി പോളിറ്റ് ബ്യൂറോ അംഗം സഖാവ് കൃഷ്ണചക്രവർത്തി നടത്തിയ പ്രസംഗം)




കോട്ടയത്ത് നടന്ന 67-ാം പാർട്ടി സ്ഥാപന വാർഷികാചരണയോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പോളിറ്റ്ബ്യൂറോ അംഗം സഖാവ് കൃഷ്ണചക്രവർത്തി മുഖ്യപ്രഭാഷണം നടത്തുന്നു.

സഖാവ് അദ്ധ്യക്ഷൻ, ഇടതുപക്ഷ ഐക്യമുന്നണിയുടെ ചെയർമാൻ സഖാവേ, വേദിയിലിരിക്കുന്ന പാർട്ടി സംസ്ഥാനകമ്മിറ്റിയംഗങ്ങളേ, സഖാക്കളേ, സുഹൃത്തുക്കളേ,

നാം നമ്മുടെ പ്രിയപ്പെട്ട പാർട്ടിയുടെ 67-ാം സ്ഥാപന വാർഷികം ആചരിക്കുന്ന ഈ വേളയിൽ നേപ്പാളിലും ഇൻഡ്യയിലെ ഏതാനും സംസ്ഥാനങ്ങളിലും വലിയ കെടുതികളുണ്ടായിരിക്കുകയാണ്. ആയിരക്കണക്കിനാൾക്കാരാണ് നിസ്സഹായരായി മരണമടഞ്ഞത്. മനുഷ്യന് പ്രകൃതിശക്തികളെ നിയന്ത്രിക്കാൻ കഴിയാതിരുന്ന ഒരു കാലമുണ്ടായിരുന്നു. വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, കാട്ടുതീ, ഭൂകമ്പം തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങളുടെ മുന്നിൽ മനുഷ്യൻ നിസ്സഹായനായിരുന്നു. ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പുള്ള അവസ്ഥ അതായിരുന്നു. മനുഷ്യൻ പ്രകൃതിശക്തികൾക്കെതിരെ പൊരുതി. ആധുനിക ശാസ്ത്രങ്ങളുടെ വികാസത്തോടെ മനുഷ്യൻ പ്രകൃതിയെയും പ്രകൃതിശക്തികളെയും നിയന്ത്രിക്കാൻ ആരംഭിച്ചു. ഇക്കാലത്ത് സർക്കാരിന് യഥാർത്ഥത്തിൽ താല്പര്യമുണ്ടെങ്കിൽ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ കഴിയും. എന്നാൽ ഇപ്പോഴും ചില പ്രകൃതിശക്തികളുടെ മുന്നിൽ മനുഷ്യൻ നിസ്സഹായനാണെന്നതിൽ സംശയമില്ല. ഉദാഹരണത്തിന്, ആയിരങ്ങളുടെ ജീവൻ അപഹരിച്ച സുനാമി. അതുപോലെ ഒറീസ്സയിലെ ചുഴലിക്കൊടുങ്കാറ്റ്. എന്നാൽ ഇത്തരം പ്രതിഭാസങ്ങൾ പോലും സംഭവിക്കുന്നതിന് വളരെ മുമ്പു തന്നെ ശാസ്ത്രത്തിന്റെ സഹായത്തോടെ അവ പ്രവചിക്കാൻ മനുഷ്യന് സാധിക്കും. അങ്ങനെ, അപകടമേഖലയിൽ നിന്ന് ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതുപോലുള്ള മുൻകരുതലെടുക്കാനും കഴിയും. പക്ഷെ, അത് സാധിക്കണമെങ്കിൽ ഗവണ്മെന്റ് ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒന്നായിരിക്കണം.

ശാസ്ത്രത്തിന് തടസ്സമില്ലാതെ വികസിക്കാനുള്ള സാഹചര്യമുണ്ടെങ്കിൽ, പല പ്രകൃതിക്ഷോഭങ്ങളെയും നിയന്ത്രിക്കാനല്ലെങ്കിൽ മുൻകൂട്ടി മനസ്സിലാക്കാനും കരുതൽ നടപടികളെടുക്കാനുമെങ്കിലും സാധിക്കും. ദുര മൂത്ത ചൂഷക മുതലാളിവർഗ്ഗത്തിന്റെ നീരാളിപ്പിടിത്തത്തിൽ നിന്ന് ശാസ്ത്രത്തെ മോചിപ്പിക്കാൻ കഴിഞ്ഞാൽ ശാസ്ത്രം അത്ഭുതങ്ങൾ സൃഷ്ടിക്കും. അതിന് ദൃഷ്ടാന്തങ്ങളുണ്ട്. റഷ്യയെ ഒരിക്കൽ യൂറോപ്പിലെ ഏറ്റവും രോഗാതുരമായ രാജ്യമായാണ് കണക്കാക്കിയിരുന്നത്. വിപ്ലവത്തിന് മുമ്പ് ആ രാജ്യം സാമ്പത്തികമായും സാങ്കേതികമായും വളരെ പിന്നിലായിരുന്നു. വിപ്ലവത്തിന് ശേഷം റഷ്യ ലോകത്തെ ഏറ്റവും മുന്നിൽ നിൽക്കുന്ന രാജ്യങ്ങളിലൊന്നായി മാറി. അക്കാലത്തെ ഏറ്റവും ശക്തമായ രാജ്യങ്ങളായിരുന്നു ഇംഗ്ലണ്ടും ഫ്രാൻസും. ഫാസിസ്റ്റ് ജർമ്മനിയുടെ സൈനികശക്തിക്ക് മുന്നിൽ ഈ രാജ്യങ്ങൾ അടിയറവ് പറയുന്ന കാഴ്ചയാണ് ലോകം കണ്ടത്. ഒരു മാസത്തിനുള്ളിൽ ഫ്രാൻസ് ജർമ്മനിയുടെ ചവിട്ടടിയിലായി. ഇംഗ്ലണ്ട് ഏത് നിമിഷവും അടിയറവ് പറയും എന്ന അവസ്ഥയിലായിരുന്നു. വിദൂരത്താണെങ്കിൽപ്പോലും അമേരിക്ക ഭയന്നുവിറയ്ക്കുകയായിരുന്നു. ആ സമയത്താണ് ജർമ്മനി റഷ്യയെ ആക്രമിച്ചത്. മഹാനായ സ്റ്റാലിന്റെ നേതൃത്വത്തിൽ റഷ്യ, ജർമ്മനി, ഇറ്റലി, ജപ്പാൻ അച്ചുതണ്ട് ശക്തികളെ നിലംപരിശാക്കി. സോഷ്യലിസ്റ്റ് സംസ്കാരവും സോഷ്യലിസ്റ്റ് ശാസ്ത്രവും സോഷ്യലിസ്റ്റ് സംഘടനയും ഉണ്ടായിരുന്നതുകൊണ്ടാണ് റഷ്യയ്ക്കത് സാധിച്ചത്. സഖാവ് സ്റ്റാലിന്റെ നേതൃത്വത്തിൻ കീഴിൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ ശാസ്ത്രം സ്വതന്ത്രമായിരുന്നു എന്നതുകൊണ്ടാണ് അത് സാദ്ധ്യമായത്. എന്നാൽ മുതലാളിത്തത്തിൻ കീഴിൽ ശാസ്ത്രത്തിന്റെ നിർബ്ബാധമായ പുരോഗതി അസാദ്ധ്യമാണ്.

ഒരിക്കൽ മുതലാളിത്തം തന്നെയാണ് ആധുനികശാസ്ത്രത്തിന് വേണ്ടി നിലകൊണ്ടിരുന്നത്. ജന്മിത്തത്തിനെതിരെ പൊരുതിക്കൊണ്ട് ബൂർഷ്വാസി ആധുനിക ശാസ്ത്രത്തെ ആനയിച്ചു. കോപ്പർനിക്കസിന്റെയും തുടർന്നുവന്ന ഗലീലിയോയുടെയും ന്യൂട്ടന്റെയും മറ്റനവധി ശാസ്ത്രജ്ഞന്മാരുടെയും കാലമായിരുന്നു അത്. അന്ന് മുതലാളിത്തം വ്യാവസായികവികാസത്തിന് വേണ്ടി നിലകൊണ്ടിരുന്നു. അക്കാലത്ത് മുതലാളിത്തത്തിന് പുരോഗമനസ്വഭാവമുണ്ടായിരുന്നു, വിപ്ലവസ്വഭാവമുണ്ടായിരുന്നു. പ്രതിസന്ധി മുതലാളിത്തത്തെ ഗ്രസിച്ചിരുന്നില്ല. ലോകംമുഴുവൻ അവരുടെ മുന്നിൽ തുറന്നുകിടക്കുകയായിരുന്നു. പക്ഷെ, ചൂഷണത്തിലധിഷ്ഠിതമാണ്. അത് മുതലാളിത്തത്തിന്റെ സഹജമായ നിയമമാണ്. തന്മൂലം അത് സ്വന്തം പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. കമ്പോളപ്രതിസന്ധി. ഇപ്പോൾ അവർക്ക് സാങ്കേതികപുരോഗതിയെ ഭയമാണ്. എന്തെന്നാൽ, സാങ്കേതികശാസ്ത്രത്തിന്റെ നിർബ്ബാധമായ വികാസമുണ്ടായാൽ ഉൽപ്പാദനം വൻതോതിൽ ഉയരും. അത് കമ്പോളപ്രതിസന്ധിയെ അതീവരൂക്ഷമാക്കും. അതിനാൽ അവർ ശാസ്ത്രത്തെ നിയന്ത്രിക്കാൻ തുടങ്ങി. അവർക്ക് ലാഭമുണ്ടാക്കാൻ എന്തുമാത്രം ആവശ്യമുണ്ടോ അത്രയും മാത്രം ശാസ്ത്രവികാസം. അതാണ് ഇപ്പോൾ അവരുടെ കാഴ്ചപ്പാട്. ശാസ്ത്രത്തിന് യാതൊരു മേഖലയിലും യാതൊരു വളർച്ചയും ഉണ്ടാകുന്നില്ല എന്നല്ല. പക്ഷെ, വളരെ നിയന്ത്രിതമായും പരിമിതമായും ഉള്ള വളർച്ചയേ അവർ അനുവദിക്കുന്നുള്ളൂ. എന്തെന്നാൽ, ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ലെനിൻ ചൂണ്ടിക്കാട്ടിയതുപോലെ, മുതലാളിത്തം പ്രതിസന്ധിയുടെ ഘട്ടത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു. മുതലാളിത്തത്തിന്റെ വളർച്ചയുടെ പരമോന്നതഘട്ടമാണ് സാമ്രാജ്യത്വമെന്നും, അത് മരണാസന്ന മുതലാളിത്തത്തിന്റെ ഘട്ടമാണെന്നും ലെനിൻ ചൂണ്ടിക്കാണിച്ചു. മുതലാളിത്തം ഇന്ന് എവിടെയും പ്രതിസന്ധിയിലാണ്. നമ്മുടെ രാജ്യത്ത് മാത്രമല്ല, ലോകത്തെവിടെയും ഇന്ന് അതാണ് സ്ഥിതി. ആ പ്രതിസന്ധി ഏറ്റവുമധികം അനുഭവിക്കുന്ന രാജ്യമാണ് അമേരിക്ക. ഈ പ്രതിസന്ധിയിൽ നിന്ന് സമൂഹത്തെ രക്ഷിക്കാൻ തൊഴിലാളിവർഗ്ഗത്തിന് മാത്രമേ സാധിക്കുകയുള്ളൂ. വിപ്ലവകാരിയായ തൊഴിലാളിവർഗ്ഗത്തിന്. മുതലാളിത്തത്തെ നിഷ്കാസനം ചെയ്ത് സോഷ്യലിസം സ്ഥാപിക്കുന്നതിലൂടെ തൊഴിലാളിവർഗ്ഗം സമൂഹത്തെ മോചിപ്പിക്കും. അതാണ് മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവം. പക്ഷെ, അതിന് വിപ്ലവപ്പാർട്ടി ആവശ്യമാണ്. വിപ്ലവപ്പാർട്ടിയില്ലാതെ വിപ്ലവം സാദ്ധ്യമല്ലെന്ന് ലെനിൻ പഠിപ്പിച്ചിട്ടുണ്ട്. വിപ്ലവം നടന്നിട്ടുള്ള രാജ്യങ്ങളിലെല്ലാം ആ വിപ്ലവം നയിച്ചിട്ടുള്ളത് തൊഴിലാളിവർഗ്ഗവിപ്ലവപ്പാർട്ടികളാണ്. റഷ്യയിൽ ലെനിനും തുടർന്ന് സ്റ്റാലിനും നയിച്ച ബോൾഷെവിക്പാർട്ടി. ചൈനയിൽ മാവോസെതുങ്ങിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി. വിയറ്റ്നാമിലും ഉത്തരകൊറിയയിലും ക്യൂബയിലും എല്ലാം അങ്ങനെ തന്നെ.

മുതലാളിത്തവ്യവസ്ഥിതി ആവിർഭവിക്കുന്നതിന് മുമ്പ് ജന്മിത്തവ്യവസ്ഥിതിയാണ് നിലനിന്നിരുന്നത്. രാജാക്കന്മാരും നാടുവാഴികളുമാണ് ഭരണം നടത്തിയിരുന്നത്. ഉൽപ്പാദനോപാധികളുടെ മേൽ രാജാധിപത്യത്തിന്റെ പരമമായ നിയന്ത്രണാധികാരമുണ്ടായിരുന്നു. കൃഷിയായിരുന്നു മുഖ്യമായ ഉൽപ്പാദനം. അല്പം ചില കൈത്തറികളും കരകൗശലവസ്തുക്കളും കൂടി ഉണ്ടായിരുന്നു. ഉൽപ്പാദനവികാസത്തിന് സാങ്കേതികവിദ്യയുടെ ആവശ്യമുണ്ടായിരുന്നു. വ്യത്യസ്ത ശാസ്ത്രശാഖകളുടെ വികാസത്തിനനുസരിച്ച് സാങ്കേതികവിദ്യയും വളർന്നു.

ശാസ്ത്രത്തിന്റെ വളർച്ചയ്ക്ക്, സാങ്കേതികരംഗത്തെ വികാസം എന്ന് മാത്രമല്ല അർത്ഥം. അത് ശാസ്ത്രത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വശമാണെന്നതിൽ സംശയമില്ല. പക്ഷെ, അതിനെക്കാൾ പ്രധാനമാണ് ശാസ്ത്രം ശാസ്ത്രീയവീക്ഷണവും ശാസ്ത്രീയസമീപനവും പ്രദാനം ചെയ്യുന്നുവെന്നത്. ശാസ്ത്രീയമായ സമീപനവും വീക്ഷണവും വളർത്തിയെടുക്കുന്നതിനുവേണ്ടി നാം ശ്രമിക്കുന്നു. എന്തെന്നാൽ നാം സത്യത്തിന് വേണ്ടി സമരം ചെയ്യുന്നവരാണ്. സത്യം അറിയാതെ നമുക്ക് സമൂഹത്തെ മുന്നോട്ടുനയിക്കാനോ, പഴയ സംസ്കൃതിയിൽ നിന്ന് പുതിയൊരു സംസ്കൃതി കെട്ടിപ്പടുക്കാനോ സാദ്ധ്യമല്ല. സമൂഹത്തിന്റെ മാറ്റത്തിന്, മനുഷ്യന്റെ മാറ്റത്തിന്, സംസ്കൃതിയുടെ മാറ്റത്തിന്, സത്യം അനിവാര്യമാണ്.

ഇന്ന് സമൂഹം പ്രതിസന്ധിയിലാണ്. അതിന് കാരണം നിലനിൽക്കുന്ന മുതലാളിത്ത വ്യവസ്ഥിതിയുടെ പ്രതിസന്ധിയാണ്. എന്താണ് മുതലാളിത്തത്തിന്റെ പ്രതിസന്ധി? അമിതോല്പാദനമെന്ന പ്രതിസന്ധിയാണത്. മുതലാളിത്തവ്യവസ്ഥിതിയിൽ ഉൽപ്പാദനം നടത്തുന്നത് ലാഭം നേടുന്നതിന് വേണ്ടി വിറ്റഴിക്കുക എന്ന ലക്ഷ്യത്തോടെയാണ്. പരമാവധി ലാഭം എന്നതാണ് മുതലാളിത്തത്തിന്റെ നിയമം. തൊഴിലാളിവർഗ്ഗത്തെ പരമാവധി ചൂഷണം ചെയ്താലേ മുതലാളിവർഗ്ഗത്തിന് പരമാവധി ലാഭം ലഭിക്കുകയുള്ളൂ. മുതലാളിമാർ യാതൊരു സമ്പത്തും ഉൽപ്പാദിപ്പിക്കുന്നില്ലെന്നോർക്കണം. എല്ലാ സമ്പത്തും ഉൽപ്പാദിപ്പിക്കുന്നത്, അദ്ധ്വാനിക്കുന്ന ജനങ്ങളാണ്, തൊഴിലാളിവർഗ്ഗമാണ്. ആ സമ്പത്തിനെ മുതലാളിവർഗ്ഗം കൈയടക്കുന്നു. കൊടിയ ചൂഷണം മൂലം തൊഴിലാളിവർഗ്ഗത്തിന്റെ സ്ഥിതി ശോചനീയമായിത്തീരുന്നു. അവരുടെ ക്രയശേഷി ഇടിയുന്നു. ജനങ്ങളുടെ ക്രയശേഷിയാണ് വിപണി. ക്രയശേഷി ഇടിയുകയെന്നാൽ വിപണി ചുരുങ്ങുന്നുവെന്നാണർത്ഥം. അങ്ങനെ, സാങ്കേതികവിദ്യയിലുണ്ടാകുന്ന മുന്നേറ്റം മൂലം ഉൽപ്പാദനം വർദ്ധിക്കുകയും, അതേസമയം തന്നെ, മുതലാളിത്തചൂഷണം മൂലം അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ക്രയശേഷി ചുരുങ്ങിവരികയും ചെയ്യുന്നതുമൂലം വിപണിയിൽ പ്രതിസന്ധി സൃഷ്ടിക്കപ്പെടുന്നു. അങ്ങനെയാണ് അമിതോൽപ്പാദനമുണ്ടാകുന്നത്. ജനങ്ങളുടെ ആവശ്യങ്ങളെ അപേക്ഷിച്ചുള്ള അമിതോൽപ്പാദനമല്ല. വിപണിയെ അപേക്ഷിച്ചുള്ള അമിതോൽപ്പാദനം. നമ്മുടെ സഹോദരിമാർ, പിതാക്കന്മാർ, കുഞ്ഞുങ്ങൾ, വേണ്ടത്ര ആഹാരമോ വസ്ത്രമോ ഇല്ലാതെ തെരുവിൽ അലയുമ്പോൾത്തന്നെയാണ് മുതലാളിത്തത്തെ സംബന്ധിച്ചിടത്തോളം അമിതോൽപ്പാദനമുണ്ടാകുന്നത്. അമിതോൽപ്പാദനത്തെ മറികടക്കാൻ വേണ്ടി മുതലാളിവർഗ്ഗം ഉൽപ്പാദനം കുറയ്ക്കുന്നു. അവർ തൊഴിൽസ്ഥാപനങ്ങൾ അടച്ചിടുന്നു. തന്മൂലം തൊഴിലില്ലായ്മ പെരുകുന്നു. ജനങ്ങളുടെ ക്രയശേഷി വീണ്ടും കുറയുന്നു. അത് അമിതോൽപ്പാദന പ്രതിസന്ധിയെ വീണ്ടും രൂക്ഷമാക്കുന്നു. ഈ പ്രതിസന്ധി മുതലാളിത്തത്തെ നശിപ്പിക്കും. അമിതോൽപ്പാദനത്തിന്റെയും കമ്പോളപ്രതിസന്ധിയുടേതുമായ ഈ കാലഘട്ടത്തിൽ മുതലാളിത്തം ഉയർന്ന സാങ്കേതികവിദ്യയെ ഭയപ്പെടുന്നു. സാങ്കേതികശാസ്ത്രരംഗത്ത് യാതൊരു വളർച്ചയും ഉണ്ടാകുന്നില്ല എന്നല്ല അതിനർത്ഥം. മുതലാളിത്ത രാജ്യങ്ങൾ വിപണിക്ക് വേണ്ടി പരസ്പരം മത്സരിച്ചുകൊണ്ടിരിക്കുകയാണ്. ഉയർന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ഉൽപ്പാദനം നടത്താൻ കഴിഞ്ഞാൽ ഈ മത്സരത്തിൽ എതിരാളിയെ കടത്തിവെട്ടാൻ കഴിയും. ആ അളവിൽ മുതലാളിത്തത്തിന് ശാസ്ത്ര-സാങ്കേതിക വിദ്യയുടെ ആവശ്യമുണ്ട്. പക്ഷെ, ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും നിർബ്ബാധവും സ്വതന്ത്രവുമായ വികാസം അവർ താല്പര്യപ്പെടുന്നില്ല.

ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും സ്വതന്ത്രമായ വളർച്ച ഉറപ്പാക്കിയാൽ ഉൽപ്പാദനരംഗത്ത് വൻ കുതിച്ചുകയറ്റമുണ്ടാക്കാവുന്ന സാഹചര്യമാണിന്നുള്ളത്. അങ്ങനെ ചെയ്താൽ ഉൽപ്പാദനത്തിൽ സുലഭത സൃഷ്ടിച്ചുകൊണ്ട് മനുഷ്യനെ പട്ടിണിയിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കാനും, അങ്ങനെ യഥാർത്ഥത്തിൽ മനുഷ്യനെ സ്വതന്ത്രനാക്കാനും സാധിക്കും. ഇന്ന് തൊഴിലാളിവർഗ്ഗം താല്പര്യപ്പെടുന്നത് അതാണ്. തൊഴിലാളിവർഗ്ഗം ശാസ്ത്രത്തിന്റെ വളർച്ചയ്ക്കുവേണ്ടി പൊരുതുന്നു. ശാസ്ത്രത്തിന് മാത്രമേ ജീവിതത്തെപ്പറ്റി ശരിയായ ധാരണ നൽകാൻ സാധിക്കുകയുള്ളൂ. എന്തെന്നാൽ, ശാസ്ത്രം സത്യം വെളിപ്പെടുത്തുന്നു. സത്യമറിയാതെ ജീവിതത്തെപ്പറ്റി കൂടുതൽ മെച്ചപ്പെട്ട ധാരണ ആർജ്ജിക്കാൻ സാധിക്കുകയില്ല. പക്ഷെ, ഇന്ന് ബൂർഷ്വാസി ആശയക്കുഴപ്പങ്ങൾ

(ശേഷം 4-ാം പേജിൽ)

# മരണാസന്ന മുതലാളിത്തം ശാസ്ത്രത്തെ ഭയപ്പെടുന്നു

(3-പേജിൽ നിന്നും തുടർച്ച)

സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. ശാസ്ത്രത്തെ മറന്നേയ്ക്കൂ എന്നാണ് ബൂർഷ്വാസി പറയുന്നത്. മനുഷ്യന് മനസ്സമാധാനം നൽകാൻ ശാസ്ത്രത്തിന് കഴിയില്ല എന്നവർ പറയുന്നു. മതവിശ്വാസം മാത്രമേ മനസ്സമാധാനം തരികയുള്ളു എന്നവർ പറയുന്നു. നേരെ വിപരീതമാണ് യാഥാർത്ഥ്യം. സത്യം അറിയുമ്പോൾ മാത്രമേ മനുഷ്യന് യഥാർത്ഥ സംതൃപ്തിയും മനസ്സമാധാനവും ഉണ്ടാവുകയുള്ളു. സത്യം അറിയാനുള്ള ഒരേയൊരു മാർഗ്ഗം ശാസ്ത്രമാണ്. എന്തെന്നാൽ ലോകം നിലനിൽക്കുന്നത് ആരുടെയെങ്കിലും ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചോ ഏതെങ്കിലും വലിയ സിദ്ധന്മാരുടെ പ്രവചനങ്ങൾക്കനുസരിച്ചോ അല്ല.

ചുരുക്കത്തിൽ, ശാസ്ത്രവും സാങ്കേതിക ജ്ഞാനവും വികസിക്കുകയാണെങ്കിൽ ഇപ്പോൾ നാം കാണുന്നതുപോലുള്ള പ്രകൃതിക്ഷോഭങ്ങളെ മനസ്സിലാക്കാനും നിയന്ത്രിക്കാനും മനുഷ്യന് കഴിയും. ഭൗമാന്തർഭാഗത്തെ പ്രക്രിയകളെ കാലേകൂട്ടി മനസ്സിലാക്കാനും മുൻകരുതലെടുക്കുന്നതിലൂടെ വിലപ്പെട്ട ജീവനുകൾ രക്ഷിക്കാനും മനുഷ്യന് സാധിക്കും. അതിന് സാധിക്കണമെങ്കിൽ ശാസ്ത്രം സ്വതന്ത്രമായിരിക്കണം. ശാസ്ത്രത്തെ മോചിപ്പിക്കുകയെന്നത് തൊഴിലാളിവർഗ്ഗത്തിന്റെ കടമയാണ്. ഈ കർത്തവ്യത്തെപ്പറ്റി തൊഴിലാളിവർഗ്ഗം ആഴത്തിൽ മനസ്സിലാക്കിയിരിക്കേണ്ടതാണ്. തൊഴിലാളിവർഗ്ഗം സമൂഹത്തെ മുതലാളിത്തചൂഷണത്തിൽ നിന്ന് മുക്തമാക്കണം. അതുവഴി, ശാസ്ത്രത്തെയും മുതലാളിത്തത്തിന്റെ പിടിയിൽ നിന്ന് സ്വതന്ത്രമാക്കുകയും, ശാസ്ത്രത്തിന്റെ നിർബ്ബാധമായ പുരോഗതി ഉറപ്പാക്കുകയും വേണം.

ശാസ്ത്രം പ്രകൃതിശക്തികളെ മെരുക്കാൻ മാത്രമല്ല, ലോകത്തെ മാറ്റാനും മനുഷ്യനെ സഹായിക്കുന്നു. ഇന്നത്തെ ലോകത്തെ മാറ്റുകയെന്നാൽ, മുതലാളിത്ത വ്യവസ്ഥിതിയെ മാറ്റി പകരം കൂടുതൽ ഉയർന്ന സംസ്കൃതി സ്ഥാപിക്കുകയെന്നർത്ഥം. മുതലാളിത്തത്തിൻകീഴിൽ ഉൽപ്പാദനോപാധികളുടെ മേൽ സ്വകാര്യ ഉടമസ്ഥതയാണ് നിലനിൽക്കുന്നത്. പകരം സാമൂഹ്യ ഉടമസ്ഥത സ്ഥാപിക്കണം. മുതലാളിത്തത്തിൽ ഉൽപ്പാദനത്തിന്റെ ലക്ഷ്യം മുതലാളിമാർക്ക് ലാഭമുണ്ടാക്കുകയെന്നതാണ്. പകരം, സമൂഹത്തിന്റെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റുകയെന്ന ലക്ഷ്യത്തോടെയുള്ള ഉൽപ്പാദനം സംഘടിപ്പിക്കപ്പെടണം. വിപ്ലവം എന്നതിന്റെ ശരിയായ അർത്ഥം അതാണ്. വിപ്ലവം മഹനീയവും ശ്രേഷ്ഠവുമാണ്. എന്തുകൊണ്ടെന്നാൽ, അത് മനുഷ്യനെ മോചിപ്പിക്കുകയും കൂടുതൽ ഉയർന്ന നാഗരികതയ്ക്കും, കൂടുതൽ ഉയർന്ന സംസ്കാരത്തിനും, കൂടുതൽ ഉയർന്ന ജീവിതവീക്ഷണത്തിനും ജന്മം നൽകുകയും ചെയ്യുന്നു.

വിപ്ലവപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ശാസ്ത്രം വളരെ പ്രധാനമാണ്. മാർക്സിസം – ലെനിനിസം അഥവാ ദ്വന്ദ്വാത്മക ഭൗതികവാദം എല്ലാ ശാസ്ത്രങ്ങളുടെയും ശാസ്ത്രമാണ്. ആ ശാസ്ത്രം നാം ആഴത്തിൽ മനസ്സിലാക്കുകയും പഠിക്കുകയും ഉൾക്കൊള്ളുകയും വേണം. ജനങ്ങളെ മോചിപ്പിക്കുകയെന്നാൽ, മുതലാളിത്തചൂഷണത്തിന്റെ നീരാളിപ്പിടിത്തത്തിൽ നിന്ന് ശാസ്ത്രത്തെ മോചിപ്പിക്കുക എന്നുകൂടിയാണർത്ഥം. അവ വേറിട്ട പ്രസ്ഥാനങ്ങളല്ല. നാം തൊഴിലാളിവർഗ്ഗത്തിന്റെ വിമോചനത്തെക്കുറിച്ച് പറയുമ്പോൾ, ശാസ്ത്രത്തിന്റെ വിമോചനത്തെക്കുറിച്ചുകൂടിയാണ് പറയുന്നത്. തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവപ്പാർട്ടിക്കുമാത്രമേ അത് ചെയ്യാൻ സാധിക്കുകയുള്ളു. നമ്മുടെ രാജ്യത്ത് ആ വിപ്ലവപ്പാർട്ടി സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇൻഡ്യ (കമ്മ്യൂണിസ്റ്റ്) ആണ്. ഇപ്പോൾ അത് തെളിയിക്കപ്പെട്ടിരിക്കുകയാണ്. സിപിഐ-യെയും സിപിഐ(എം)-നെയും അവയിൽ നിന്ന് പിളർന്നുവന്ന മറ്റ് പാർട്ടികളെയും നോക്കൂ. ഒന്നുകിൽ, പാർലമെന്ററി നേട്ടങ്ങൾക്കുവേണ്ടി ഏത് ശക്തിയുമായി കൂട്ടുകൂടുന്ന അവസരവാദം; അതല്ലെങ്കിൽ സാഹസികത. ഇത് രണ്ടുമല്ലാതെ മറ്റൊരു പാത അവർക്കറിയില്ല. അത് സ്വാഭാവികവുമാണ്. മാർക്സിസം-ലെനിനിസത്തിന്റെ പാത ശരിയായി പിന്തുടരുന്നതിൽ അവർ പരാജയപ്പെട്ടു. അതിനാൽ, ഇൻഡ്യയിൽ നിലനിൽക്കുന്ന വസ്തുനിഷ്ഠസാഹചര്യം ശരിയായും സമഗ്രമായും വിലയിരുത്താനും ഇതൊരു മുതലാളിത്ത രാഷ്ട്രമാണെന്ന് മനസ്സിലാക്കാനും അവർ പരാജയപ്പെട്ടു. ഇവിടെ കുത്തകകൾ, മുതലാളിവർഗ്ഗം, ആണ് ഭരണകൂടാധികാരം കൈയാളുന്നത്. ആ ബൂർഷ്വാസിയെ ഭരണകൂടാധികാരത്തിൽ നിന്ന് തൂത്തെറിയണം. അതാണ് വിപ്ലവം. പക്ഷെ അവർ പറയുന്നത് ഇൻഡ്യയിലെ വിപ്ലവം സാമ്രാജ്യത്വത്തിനും ജന്മിത്തത്തിനുമെതിരെയാകണമെന്നാണ്. നമ്മുടെ രാജ്യത്തിന് ജന്മിത്തം എവിടെയാണുള്ളത്. മൈക്രോസ്കോപ്പ് വച്ച് നോക്കിയാൽ പോലും ജന്മിത്തത്തെ എങ്ങും കണ്ടെത്താൻ കഴിയില്ല. സാമ്രാജ്യത്വത്തിന്റെ കാര്യവും അങ്ങനെ തന്നെ. ദേശീയ മുതലാളിവർഗ്ഗം അധികാരത്തിലിരിക്കുമ്പോൾ, സാമ്രാജ്യത്വവും ജന്മിത്തവുമാണ് ശത്രുവെന്ന് പറയുന്നതിലൂടെ അവർ സത്യത്തിൽ ചെയ്യുന്നത്, യഥാർത്ഥശത്രുവിനെ ജനങ്ങളുടെ ദൃഷ്ടിയിൽ നിന്ന് മറച്ചുപിടിക്കുക എന്നതാണ്. അങ്ങനെ, ഫലത്തിൽ അവർ വിപ്ലവത്തെ വഞ്ചിക്കുകയാണ്. ഈ തെറ്റായ നിലപാടിന്റെ അനിവാര്യപരിണതിയാണ് അവസരവാദവും സാഹസികതയും.

കർഷകത്തൊഴിലാളികളുൾപ്പെടെയുള്ള തൊഴിലാളിവർഗ്ഗം, ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും അർദ്ധതൊഴിലാളിവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന പാവപ്പെട്ട ജനവിഭാഗങ്ങളുമായി ഉറ്റ സഖ്യത്തിൽ വർത്തിച്ചുകൊണ്ടും, മദ്ധ്യവർഗ്ഗത്തിന്റെ പിന്തുണയോ സൗഹാർദ്ദപൂർവ്വമായ നിഷ്പക്ഷതയോ എങ്കിലും നേടിയെടുത്തുകൊണ്ടും, ചെറുന്യൂനപക്ഷം വരുന്ന മുതലാളിവർഗ്ഗത്തെ ഒറ്റപ്പെടുത്തണം. അപ്പോൾ മാത്രമേ വിപ്ലവത്തിനുള്ള സാഹചര്യം ഒരുങ്ങുകയുള്ളു.

ഇതാണ് സഖാവ് ശിബ്ദാസ് ഘോഷ് നൽകിയിട്ടുള്ള വിശകലനം. ഇൻഡ്യൻ യാഥാർത്ഥ്യത്തെ പ്രതിഫലിപ്പിക്കുന്ന ശരിയായ വിശകലനം ഇതാണ്. എന്നാൽ, മേൽപറഞ്ഞ പാർട്ടികളിൽ ഒന്നുപോലും ഇത് അംഗീകരിക്കുന്നില്ല. അതുകൊണ്ട് അവർക്ക് പ്രശ്നങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയേയില്ല. അതിനാൽ ഈ പാർട്ടികളിൽ സിപിഐ-യെയും സിപിഐ(എം)-നെയും പോലുള്ള പ്രമുഖ പാർട്ടികൾ എങ്ങനെയും പാർലമെന്റിൽ അധികാരം നേടുകയെന്ന ലക്ഷ്യത്തോടുകൂടിയുള്ള അവസരവാദ ലൈൻ പിന്തുടരുന്നു. നക്സലൈറ്റുകൾ എന്നറിയപ്പെടുന്ന കൂട്ടർ സാഹസികതയുടെ മാർഗ്ഗത്തിലും നീങ്ങുന്നു. വിപ്ലവത്തിനുള്ള സാഹചര്യം സജ്ജമാകുന്നതുവരെയും നമ്മെ സംബന്ധിച്ചിടത്തോളം ഇടതു-ജനാധിപത്യ ശക്തികളുടെ യോജിച്ച സമരം ആവശ്യമാണ്. ലെനിൻ നൽകിയിട്ടുള്ള പാഠമാണത്.

വിപ്ലവത്തിനുള്ള സാഹചര്യം സജ്ജമാകുന്നതുവരെയും, തൊഴിലാളിപ്രസ്ഥാനത്തിൽ പങ്കാളികളാകാൻ സന്നദ്ധരായ ശക്തികളുമായിച്ചേർന്നുള്ള ഇടതുജനാധിപത്യ മുന്നണി രൂപീകരിച്ച് സമരം സംഘടിപ്പിക്കുക എന്ന ആശയം ലെനിൻ നൽകി.

അത്തരത്തിൽ നമ്മൾ ഐക്യത്തിലേർപ്പെടുന്ന പാർട്ടികൾ വിപ്ലവപ്പാർട്ടികളാണോ അല്ലയോ എന്നത് പ്രസക്തമല്ല. തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങളുയർത്തിപ്പിടിക്കുന്ന ജനാധിപത്യ സമരങ്ങളിൽ പങ്ക് ചേരാൻ അവർ തയ്യാറാണെങ്കിൽ അവരുമായി സഖ്യത്തിലേർപ്പെടാൻ നാം തയ്യാറാണ്. നാം ഇന്നോളവും പിന്തുടർന്നുവന്ന നിലപാടിതാണ്. പാർട്ടി രൂപീകൃതമായ അവസരത്തിൽത്തന്നെ നമ്മൾ ഐക്യമുന്നണിയിലുണ്ടായിരുന്നു. സിപിഐ അക്കാലത്ത്, 1947 – 48 കാലത്ത് ഐക്യമുന്നണിയിൽ നിന്ന് അകറ്റിനിർത്തപ്പെട്ടിരിക്കുകയായിരുന്നു. സ്വാതന്ത്ര്യസമരകാലത്ത് ബ്രിട്ടീഷുകാരുമായി ചേർന്ന് സ്വാതന്ത്ര്യസമരത്തെ വഞ്ചിച്ച പാർട്ടി എന്ന നിലയിൽ അന്ന് സിപിഐ വെറുക്കപ്പെട്ട പാർട്ടിയായിരുന്നു. അന്ന് സിപിഐ-യെ ഐക്യമുന്നണിയിൽ ഉൾപ്പെടുത്താൻ വേണ്ടി നമ്മുടെ പാർട്ടി വാദിച്ചു. അവരെ ഐക്യമുന്നണിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത മറ്റ് പാർട്ടികളെ പറഞ്ഞുബോദ്ധ്യപ്പെടുത്തിയത് സഖാവ് ശിബ്ദാസ് ഘോഷ് ആയിരുന്നു. ഇപ്പോൾ അവർ അതെല്ലാം മറന്നിരിക്കുന്നു. അങ്ങനെ ദീർഘകാലം നമ്മൾ ഐക്യമുന്നണിയിൽ ഉണ്ടായിരുന്നു.

ഒടുവിൽ സിപിഐ(എം) നമ്മുടെ പാർട്ടിയെ ഐക്യമുന്നണിയിൽ നിന്ന് പുറത്താക്കാൻ വേണ്ടി നീക്കങ്ങൾ നടത്തി. നമ്മൾ മുന്നണിയിലുള്ളപ്പോൾത്തന്നെ ജനങ്ങൾക്കിടയിൽ നമ്മുടെ ലൈൻ സ്ഥാപിച്ചെടുക്കുകയെന്ന ലക്ഷ്യത്തോടെ പ്രത്യയശാസ്ത്ര സംവാദങ്ങളിൽ ഏർപ്പെട്ടിരുന്നു. സിപിഐ(എം) സംവാദങ്ങളെ ഭയപ്പെട്ടു. നമ്മൾ അവരോട് ചോദിച്ചു. നിങ്ങളുടേത് ഒരു വലിയ പാർട്ടിയല്ലേ. എന്തിനാണ് ആശയസമരങ്ങളെ ഭയപ്പെടുന്നത്. ജനങ്ങൾക്കിടയിൽ പ്രത്യയശാസ്ത്ര-രാഷ്ട്രീയ ചർച്ചകളുണ്ടാകട്ടെ. അതുവഴി ജനങ്ങളുടെ ബോധനിലവാരം ഉയരട്ടെ. അത് ജനങ്ങളുടെ ഐക്യത്തിന് ഒരു വിള്ളലുമുണ്ടാക്കുകയില്ല. ഐക്യമുന്നണിയുടെ തത്ത്വം തന്നെ അതാണ്. ഐക്യം-സമരം-ഐക്യം എന്നതാണ് ഐക്യമുന്നണിയുടെ തത്ത്വമെന്ന് ലെനിൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പൊതുശത്രുവിനെതിരെ യോജിക്കാൻ തയ്യാറുള്ള ആരുമായും നമ്മൾ യോജിക്കുന്നു. പക്ഷെ, അവരുടെയും നമ്മുടെയും ലൈൻ വ്യത്യസ്തങ്ങളാണ്.

അടിസ്ഥാനവിപ്ലവലൈനിന്റെ കാര്യത്തിൽ വ്യത്യാസമുണ്ട്. അനവധി വിഷയങ്ങളിൽ വ്യത്യാസമുണ്ട്. ഈ വിഷയങ്ങളിൽ തുറന്ന സംവാദമുണ്ടാകട്ടെ. നിങ്ങളുടെ ലൈൻ ശരിയാണെങ്കിൽ ജനങ്ങൾ അത് അംഗീകരിക്കും. ഞങ്ങളുടെ ലൈനാണ് ശരിയെങ്കിൽ ജനങ്ങൾ അതംഗീകരിക്കും. അതിൽ ഭയപ്പെടേണ്ട കാര്യമെന്ത്? ഞങ്ങളുടേത് ചെറിയ പാർട്ടിയാണെങ്കിലും ഞങ്ങൾ ഭയപ്പെടുന്നില്ല. വലിയ പാർട്ടിയായ നിങ്ങൾ ഭയപ്പെടുന്നതെന്തിന്? ഐക്യമുന്നണി സ്വീകരിക്കുന്ന പൊതുവായ പ്രവർത്തനപദ്ധതിയും പൊതുവായ ലൈനും എല്ലാവരും പാലിക്കണം. പക്ഷെ, പ്രത്യയശാസ്ത്രസംവാദം ഒഴിവാക്കാനാവില്ല. നിങ്ങൾ വിപ്ലവത്തിൽ വിശ്വസിക്കുന്നുവെങ്കിൽ അതിന് വേണ്ടി നിങ്ങൾ വാദിക്കുകതന്നെ ചെയ്യും. പ്രത്യയശാസ്ത്രസമരം ഐക്യമുന്നണിയിൽ ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്. സിപിഐ(എം) അതിനോട് യോജിച്ചില്ല. അങ്ങനെയാണ് ഐക്യം തകർന്നത്.

ഇപ്പോൾ ജനങ്ങൾ സിപിഐ(എം)-നെ വെറുക്കുന്നു. അധികാരത്തിലിരുന്നപ്പോൾ ജനകീയ സമരങ്ങൾ വളർത്തിയെടുക്കുന്നതിന് പകരം അവർ സമരങ്ങളെ അടിച്ചമർത്തി. സിംഗൂരിലും നന്ദിഗ്രാമിലും അവർ അതാണ് ചെയ്തത്. ബംഗാളിൽ അവർ കോൺഗ്രസ്സിന്റെ അതേ ശൈലിയിൽ ജനാധിപത്യസമരങ്ങളെ അടിച്ചമർത്തി. ജനങ്ങളെ അവർ തൃണവൽഗണിച്ചു. അതിനാൽ ജനങ്ങൾ അവർക്ക് കനത്ത തിരിച്ചടി നൽകി. ഇപ്പോൾ അവർ നമ്മെ സമീപിച്ചിരിക്കുകയാണ്. നമുക്ക് അവരുമായി സഹകരിക്കാൻ വിരോധമൊന്നുമില്ല. അങ്ങനെ ദേശീയതലത്തിൽ ഇടതുപക്ഷപ്പാർട്ടികളുടെ ഐക്യവേദി – ഐക്യമുന്നണിയല്ല – നിലവിൽ വന്നിരിക്കുന്നു. നമ്മുടെ പാർട്ടിയും സിപിഐ, സിപിഐ(എം), ആർഎസ്പി, ഫോർവേർഡ്ബ്ലോക്ക്, സിപിഐ(എംഎൽ)-ലിബറേഷൻ എന്നീ ആറ് ഇടതുപക്ഷപ്പാർട്ടികൾ യോജിച്ച് ജനങ്ങളുടെ ചില നീറുന്ന പ്രശ്നങ്ങളുന്നയിച്ചുകൊണ്ടുള്ള സമരങ്ങൾ വളർത്തിയെടുത്തുകൊണ്ടിരിക്കുന്നു. അതൊരു ഐക്യമുന്നണിയായി വളർന്നുവരുകയാണെങ്കിൽ നല്ലത്. പക്ഷെ, അത് ശരിയായ ഗതിക്രമത്തിൽ വളർന്നുവരണം.

ഐക്യം-സമരം-ഐക്യം എന്ന തത്ത്വം അനുസരിച്ചും പൊതുമിനിമം പരിപാടിയെ അടിസ്ഥാനപ്പെടുത്തിയുമാകണം ഐക്യമുന്നണി. മാക്സിമം പരിപാടിയുടെ കാര്യത്തിൽ അന്തരമുണ്ട്. ഞങ്ങളുടേത് മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവവും നിങ്ങളുടേത് ജനകീയ ജനാധിപത്യ വിപ്ലവവുമാണ്. അതിനാൽ ആ വിഷയത്തിൽ പൊതുപരിപാ

(ശേഷം 6-ാം പേജിൽ)




കൊൽക്കത്തയിലെ ശഹീദ് മീനാർ മൈതാനത്ത് നടന്ന ഏപ്രിൽ 24 ആചരണ സമ്മേളനത്തിന്റെ സദസ്സ്. കോംസമോൾ വോളന്റിയർമാർ ഗാർഡ് ഓഫ് ഓണർ നൽകുന്നു.

# സിപിഐ(എം) പാർട്ടി കോൺഗ്രസ്സിൽ സഖാവ് പ്രൊവാഷ്ഘോഷ് നടത്തിയ പ്രസംഗം




വിശാഖപട്ടണത്തുനടന്ന സിപിഐ(എം) പാർട്ടി കോൺഗ്രസ്സിൽ എസ്‌യുസിഐ(സി) ജനറൽസെക്രട്ടറി സഖാവ്പ്രൊവാഷ്ഘോഷ് പ്രസംഗിക്കുന്നു. സഖാവ് പ്രകാശ്കാരാട്ട് സമീപം .

സഖാവ് അദ്ധ്യക്ഷൻ, സിപിഐ(എം) ജനറൽ സെക്രട്ടറി സഖാവ് പ്രകാശ് കാരാട്ട്, സിപിഐ(എം) പോളിറ്റ് ബ്യൂറോ അംഗങ്ങൾ, മറ്റ് ഇടതുപക്ഷ പാർട്ടി നേതാക്കൾ, പ്രതിനിധി സഖാക്കളെ,

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ പേരിൽ ഞാൻ നിങ്ങളെ അഭിവാദ്യം ചെയ്യുന്നു. നിങ്ങളുടെ പാർട്ടി കോൺഗ്രസ്സിന്റെ ഉദ്ഘാടന സമ്മേളനത്തിലേയ്ക്ക് ഞങ്ങളുടെ പാർട്ടിയെ ക്ഷണിച്ചതിന് നന്ദി പറയുന്നു.

സഖാക്കളെ, നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായ ഒരു സന്ദർഭത്തിലാണ് നിങ്ങളുടെ പാർട്ടി കോൺഗ്രസ് നടക്കുന്നത്. രാജ്യത്തെ ഏറ്റവും വലിയ ഇടതുപക്ഷ പാർട്ടി എന്ന നിലയിൽ, ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ഭാവിപരിപാടികൾ, നിങ്ങളുടെ തീരുമാനങ്ങളെയും അതിന്റെ നടപ്പിലാക്കലിനെയും വലിയൊരളവിൽ ആശ്രയിച്ചിരിക്കുന്നു.

മുതലാളിത്തം ഒരിക്കൽ, ജനാധിപത്യത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനും വേണ്ടി നിലകൊണ്ടിരുന്നെങ്കിൽ, സാമ്രാജ്യത്വഘട്ടത്തിൽ അത് ഉദ്യോഗസ്ഥ വാഴ്ചയ്ക്കും സൈനികവൽക്കരണത്തിനും വേണ്ടിയാണ് നിലകൊള്ളുന്നതെന്ന് മഹാനായ ലെനിൻ വളരെ മുമ്പുതന്നെ നിരീക്ഷിച്ചിട്ടുണ്ട്. ഉദാരജനാധിപത്യമെന്ന മുദ്രാവാക്യം ബൂർഷ്വാസി കയ്യൊഴിഞ്ഞിരിക്കുന്നുവെന്ന്, തന്റെ നിര്യാണത്തിന് തൊട്ടുമുമ്പുനടന്ന സിപിഎസ്‌യുവിന്റെ 19-ാം പാർട്ടി കോൺഗ്രസ്സിൽ മഹാനായ സ്റ്റാലിനും ചൂണ്ടിക്കാണിച്ചു. പാർലമെന്ററി ജനാധിപത്യമെന്നത് നിർലജ്ജമായ ഒരു കാപട്യമാണെന്ന്, സ്വതന്ത്രവും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പ് എന്ന് കൊട്ടിഘോഷിക്കുന്നത് വെറും വഞ്ചന മാത്രമാണെന്ന് ഇന്ന് നാം മനസ്സിലാക്കുന്നു. ജനവിധിയല്ല, ബൂർഷ്വാസിയുടെ തീരുമാനമാണ് തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കുന്നത്. തെരഞ്ഞെടുപ്പിന്റെ പേരിൽ, വിശ്വസ്തനായ ഒരു രാഷ്ട്രീയ സേവകനു പകരം, ഭരണമുതലാളി വർഗ്ഗം മറ്റൊരാളെ അവരോധിക്കുന്നു എന്നുമാത്രം. ബൂർഷ്വാ ജനാധിപത്യത്തിന്റെ അവശേഷിപ്പുകൾ പോലും തുടച്ചുനീക്കപ്പെട്ടിരിക്കുകയാണിന്ന്. ഫാസിസത്തിന്റെ ഇരുട്ട് പല രൂപത്തിൽ, അളവിൽ, വികസിതവും പിന്നാക്കവുമായ എല്ലാ മുതലാളിത്ത രാജ്യങ്ങളിലും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്.

ഫാസിസത്തിന് മൂന്ന് സ്വഭാവവിശേഷങ്ങളുണ്ട്. മൂലധനത്തിന്റെ കേന്ദ്രീകരണം അഥവാ വർദ്ധിച്ചുവരുന്ന കുത്തകവൽക്കരണം, ഭരണസംവിധാനത്തിൽ കേന്ദ്രീകരിക്കപ്പെടുന്ന അധികാരം, ആത്മീയതയും ശാസ്ത്രത്തിന്റെ സാങ്കേതികവശവും തമ്മിലുള്ള ലയനത്തിലൂടെ സാംസ്കാരികരംഗത്ത് സാധിച്ചെടുക്കുന്ന ചിന്തയുടെ അന്ധമായ ചിട്ടപ്പെടുത്തൽ എന്നിവയാണവ. നമ്മുടെ രാജ്യത്ത് ഈ പ്രത്യേകതകളൊക്കെ ദൃശ്യമാണ്. ബൂർഷ്വാസിയുടെ ആവശ്യകതയ്ക്ക് നിരക്കും പടി കോൺഗ്രസ്സിന്റെ സ്ഥാനത്ത് ബിജെപിയെ അവരോധിച്ചിരിക്കുന്നു. ഒരുവശത്ത്, ബൂർഷ്വാസിയുടെ നിർദ്ദയമായ സാമ്പത്തിക ചൂഷണവും ക്രൂരമായ രാഷ്ട്രീയ അടിച്ചമർത്തലും തീവ്രമായി തുടരാനും മറുവശത്ത് ഫാസിസ്റ്റുവൽക്കരണ പ്രക്രിയയെ ത്വരിതപ്പെടുത്താനും സഹായകമായി വർത്തിക്കാൻ ബിജെപി പ്രതിജ്ഞാബദ്ധമാണ്.

ഫാസിസ്റ്റ് ഹിറ്റ്ലറെ കഴിഞ്ഞ നൂറ്റാണ്ടിലെ മഹദ്‌വ്യക്തിത്വങ്ങളായ റോമെയ്ൻ റോളണ്ട്, ഐൻസ്റ്റീൻ, ബർണാഡ് ഷാ, രവീന്ദ്രനാഥ ടാഗോർ തുടങ്ങിയവരൊക്കെ അപലപിച്ചപ്പോൾ ആർഎസ്എസ്-ന്റെ ആത്മീയാചാര്യനായ എം.എസ് ഗോൾവാൾക്കർ ഹിറ്റ്ലറെ പുകഴ്ത്തുകയാണുണ്ടായത്. ഇന്ത്യയിലെ ഹിന്ദുക്കളെ ശുദ്ധീകരിക്കുന്നതിൽ ഹിറ്റ്ലർ മാർഗ്ഗദർശിയാണ് എന്നാണദ്ദേഹം വാഴ്ത്തിയത്. ഒരു ഹിന്ദു ദേശീയ പ്രസ്ഥാനം എന്നതിനുപകരം കേവലമൊരു ബ്രിട്ടീഷ് വിരുദ്ധപ്രസ്ഥാനമെന്ന് പറഞ്ഞ് സ്വാതന്ത്ര്യസമരത്തെയും ഇന്ത്യൻ നവോത്ഥാനത്തെയും ഗോൾവാൾക്കർ തള്ളിപ്പറയുകയും ചെയ്തു. ബിജെപി പേറുന്നത് ആ പാരമ്പര്യമാണ്. ആശയരംഗത്തും സാംസ്കാരിക മേഖലയിലും അത് രൂക്ഷമായ ആക്രമണങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മദ്ധ്യയുഗീനമായ, മതപരമായ ആശയങ്ങളും സംസ്കാരവും പുനരുജ്ജീവിപ്പിച്ച്, പരിപോഷിപ്പിച്ച് കൊണ്ടുവരികയാണവർ. ആധുനിക ശാസ്ത്രം കണ്ടെത്തിയ അറിവുകളെല്ലാം പുരാതന ഭാരതത്തിൽ നിലവിലുണ്ടായിരുന്നു എന്ന് നിർലജ്ജം അവകാശപ്പെടുകയാണവർ. ശാസ്ത്രത്തിന്റെ സ്ഥാനത്ത് അവർ പുരാണത്തെ പ്രതിഷ്ഠിക്കുന്നു. അതിനനുസരിച്ച് പാഠപുസ്തകങ്ങൾ തിരുത്തിയെഴുതുന്നു. സിലബസ് രൂപീകരിക്കുന്നതുപോലും ഹിന്ദുമതഭ്രാന്തും പാരമ്പര്യവാദവുമൊക്കെ കുത്തിനിറക്കാനും ശാസ്ത്രീയ മനോഘടനയും യുക്തിചിന്തയും തകർത്ത് അന്ധത ഊട്ടിയുറപ്പിക്കാനും ഉതകുംവിധമാണ്, ഏറെ അപകടകരമായ ആക്രമണമാണിത്. മറുവശത്ത്, വർഗ്ഗീയ കലാപങ്ങൾക്ക് കളമൊരുക്കിയും ആസൂത്രണം ചെയ്തും ജനങ്ങളെ മതവിശ്വാസത്തിന്റെ പേരിൽ തമ്മിലടിപ്പിച്ച് അദ്ധ്വാനിച്ച് ജീവിക്കുന്നവരുടെ ഐക്യം തകർത്ത് ജനകീയ പ്രക്ഷോഭങ്ങളുടെ വളർച്ച തടയാനും ഹിന്ദു വോട്ട്ബാങ്ക് സൃഷ്ടിച്ചെടുക്കാനും ശ്രമിക്കുന്നു. തികച്ചും ഹീനമായ പദ്ധതിയാണിത്.

ഇതു മാത്രമല്ല, മുതലാളിവർഗ്ഗ താൽപര്യാർത്ഥം എല്ലാ മാനുഷിക മൂല്യങ്ങളെയും നൈതികതയെയും സദാചാര ധാരണകളെയും തകർക്കുകയെന്ന ലക്ഷ്യത്തോടെ അവർ സാംസ്കാരിക മേഖലയിൽ ആക്രമണം കേന്ദ്രീകരിക്കുന്നു. പുതുതലമുറയുടെ മാനം കെടുത്തുന്നു. സ്ത്രീകളെ അപമാനിക്കലും ബലാൽസംഗങ്ങളും കൊലപാതകങ്ങളും മാത്രമല്ല പെൺകുട്ടികൾക്കും വൃദ്ധകൾക്കും മേലുള്ള അതിക്രമങ്ങളും പെരുകുന്നത് യാദൃശ്ചികമല്ല. ഈ നാട്ടിലാണോ റാംമോഹനും വിദ്യാസാഗറും ഫൂലേയും രവീന്ദ്രനാഥ ടാഗോറും ശരത്ചന്ദ്ര ചാറ്റർജിയും പ്രേംചന്ദും സുബ്രഹ്മണ്യഭാരതിയുമൊക്കെ പിറന്നത്? നമ്മുടെ നാട് നശിക്കുകയാണ്. ഏറ്റവും അന്ധകാരമയമായ കാലഘട്ടത്തിലൂടെയാണ് രാജ്യം കടന്നുപോകുന്നത്.

ഉയർന്നുവരുന്ന ഒരു സാമ്രാജ്യത്വ ശക്തിയെന്ന നിലയിൽ നമ്മുടെ രാജ്യം അമേരിക്കൻ സാമ്രാജ്യത്വവുമായി കൈകോർത്ത് നീങ്ങുന്നതും നാം കാണേണ്ടതുണ്ട്. അമേരിക്കയുമായി സാമ്പത്തിക, രാഷ്ട്രീയ, സൈനിക മേഖലകളിലൊക്കെ ബന്ധം ദൃഢപ്പെടുത്തുകയാണ്. ദക്ഷിണേഷ്യ, ഇന്ത്യൻമഹാസമുദ്ര മേഖല, മദ്ധ്യപൂർവ്വദേശം, ആഫ്രിക്ക തുടങ്ങിയ മേഖലകളിലേക്കെല്ലാം ഇന്ത്യയുടെ സ്വാധീനം വിപുലപ്പെടുത്തുകയും കൂടുതൽ നിക്ഷേപമൂലധനവും ചരക്കുകളും കയറ്റി അയയ്ക്കുകയുമാണ് ഇതിലൂടെ ഉന്നംവയ്ക്കുന്നത്. അതേസമയം തന്നെ, ബ്രിക്സ് രാജ്യങ്ങളുടെ സഖ്യത്തിൽ സജീവമായി നിലയുറപ്പിച്ച് അമേരിക്കയുമായുള്ള വിലപേശൽശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ, അമേരിക്കൻ സാമ്രാജ്യത്വത്തിനും ഇന്ത്യൻ മുതലാളി വർഗ്ഗത്തിനുമെതിരെ ശക്തവും സുദീർഘവും വീറുറ്റതുമായ ഇടതു-ജനാധിപത്യ പ്രക്ഷോഭം വികസിപ്പിച്ചെടുക്കുകയും അതോടൊപ്പംതന്നെ, ബിജെപിയും ആർഎസ്എസും മറ്റും സാംസ്കാരിക-പ്രത്യയശാസ്ത്ര മേഖലകളിൽ നടത്തുന്ന ഹീനമായ ആക്രമണങ്ങളെ ചെറുത്തു തോൽപ്പിക്കാൻ ഉതകുംവിധമുള്ള ശക്തമായ സാംസ്കാരിക മുന്നേറ്റം വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ് കാലഘട്ടം നമ്മോടാവശ്യപ്പെടുന്നത്. ഇടതുപക്ഷഐക്യത്തെക്കുറിച്ചുള്ള സഖാവ് പ്രകാശ് കാരാട്ടിന്റെ അഭിപ്രായത്തോട് എനിക്ക് യോജിപ്പാണ്. ഇവിടെ ഒരു കാര്യം വളരെ പ്രധാനമാണ്. സിപിഐ-യുടെ പാർട്ടികോൺഗ്രസ്സിലും ഞാനത് ഉന്നയിച്ചിരുന്നു. ആരാണ് ഇടതുപക്ഷം, ഏതാണ് മതേതരകക്ഷി, ഏതാണ് ജനാധിപത്യ പാർട്ടി? ഇക്കാര്യത്തിൽ വലിയ ആശയക്കുഴപ്പം നിലവിലുണ്ട്. ഈ വിഷയത്തിൽ ഒരു അവ്യക്തതയും പാടില്ല. മാർക്സിസം മനസിലാക്കുന്നതിലും നടപ്പിലാക്കുന്നതിലും അടിസ്ഥാനപരമായ വ്യത്യസ്തത നിലനിൽക്കുമ്പോഴും മാർക്സിസ്റ്റ് പാർട്ടികളെന്ന് സ്വയം കരുതുന്ന പാർട്ടികളെ ഇടതുപക്ഷ പ്പാർട്ടികൾ എന്നു വിളിക്കാം. കോൺഗ്രസ്സും മറ്റു പ്രാദേശിക, ജാതീയ പാർട്ടികളുമൊക്കെ തെരഞ്ഞെടുപ്പിൽ ബിജെപിയെ എതിർക്കുന്നതുകൊണ്ടു മാത്രം അവയെ മതേതര-ജനാധിപത്യ പാർട്ടികളായി പരിഗണിക്കാനാവില്ല. മതേതരമെന്ന വാക്ക് പാശ്ചാത്യ നാടുകളിൽ നിന്നു വന്നതാണ്. ചരിത്രപരമായി നോക്കിയാൽ പാശ്ചാത്യ നവോത്ഥാനത്തിന്റെയും ജനാധിപത്യ വിപ്ലവത്തിന്റെയുമൊക്കെ സൃഷ്ടിയാണത്. ഒരു പ്രകൃത്യാതീത ശക്തിയെയും അംഗീകരിക്കാതിരിക്കുകയും പ്രകൃതിയെയും ഭൗതിക ലോകത്തെയും മാത്രം അംഗീകരിക്കുകയും ചെയ്യുന്ന കാഴ്ചപ്പാടാണ് തത്വചിന്താപരമായി മതേതരത്വം എന്നതു കൊണ്ടർത്ഥമാക്കുന്നത്. ഭരണകൂടം, രാഷ്ട്രീയ കാര്യങ്ങൾ, സംസ്കാരം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ നിന്നൊക്കെ മതപരമായ ആചാരങ്ങളെ അകറ്റിനിർത്തുക എന്നതാണതിന്റെ രാഷ്ട്രീയ വിവക്ഷ. ഭരണകൂടം മതത്തെ പ്രോത്സാഹിപ്പിക്കുകയോ അതിൽ ഇടപെടുകയോ ചെയ്യാൻ പാടില്ല. മതം വ്യക്തിപരമായ വിഷയമാണ്, സ്വാതന്ത്ര്യസമരകാലത്ത് വിപ്ലവഭീതിയാൽ ദേശീയ ബൂർഷ്വാസി രാഷ്ട്രീയമായി ബ്രിട്ടീഷ് സാമ്രാജ്യത്വവുമായും പ്രത്യയശാസ്ത്രപരമായും സാംസ്കാരികമായും മതവുമായും സന്ധിചെയ്യുകയും എല്ലാമതങ്ങൾക്കും തുല്യ പ്രോത്സാഹനം നൽകലാണ് മതേതരത്വം എന്ന് ഉദ്ഘോഷിക്കുകയും ചെയ്തു. ഇത് കപട മതേതരത്വമാണ്. മതേതര-ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും വർഗ്ഗീയതയ്ക്കെതിരായ നിലപാട് സ്വീകരിക്കുകയും ജാതീയതയെയും പ്രാദേശിക വാദത്തെയുമെല്ലാം എതിർക്കുകയും സാമ്രാജ്യത്വത്തോട് നിരന്തര ശത്രുത പുലർത്തുകയും ഇടതുപക്ഷത്തെ പിന്തുണയ്ക്കുകയും അധികാരത്തിലായാലും പ്രതിപക്ഷത്തായാലും ജനകീയ പ്രക്ഷോഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പാർട്ടികളാണ് ജനാധിപത്യ പാർട്ടികൾ. ഇടതു-മതേതര-ജനാധിപത്യ ശക്തികളുടെ ഐക്യം എന്ന പേരിൽ തെരഞ്ഞെടുപ്പ് നേട്ടങ്ങളെ മാത്രം ലാക്കാക്കി തട്ടിക്കൂട്ടുന്ന കൂട്ടുകെട്ടുകളെ നമുക്ക് അംഗീകരിക്കാനാവില്ല.

സ്വാതന്ത്ര്യം ലഭിച്ച ഉടനെയുള്ള കാലയളവ് ഉജ്ജ്വലമായ ഇടതുപക്ഷ മുന്നേറ്റത്തിന്റെ കാലയളവായിരുന്നു. ആ സമരങ്ങളിൽ അനേകം പേർ ചോരചൊരിഞ്ഞു. പലരും രക്തസാക്ഷികളായി. അന്ന് കോൺഗ്രസ്സിനുള്ള ഏക ബദലായി ഇടതുപക്ഷത്തെയാണ് ജനങ്ങൾ കണ്ടിരുന്നത്. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലെ ഇടതുധാരയുടെ തുടർച്ചയെന്ന നിലയിലും സ്റ്റാലിനെയും മാവോയെയും പോലുള്ള മഹാന്മാരായ നേതാക്കൾ നയിച്ച ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്താൽ ശക്തിപ്പെടുത്തപ്പെട്ട നിലയിലുമാണ് അന്ന് ഇടതുപക്ഷ മുന്നേറ്റമുണ്ടായത്. എന്നാൽ ഇന്ന് സ്ഥിതിയാകെ മാറിയിരിക്കുന്നു. ഒരു വശത്ത്, നമ്മുടെ രാജ്യത്തെ ഇടതുപക്ഷം ചെയ്തുകൂട്ടിയ അബദ്ധങ്ങളും നടത്തിയ വ്യതിചലനങ്ങളും ജനങ്ങളിൽ സൃഷ്ടിച്ച അവിശ്വാസവും ആശയക്കുഴപ്പങ്ങളും. മറുവശത്ത്, ബൂർഷ്വാസിയുടെ വിടുപണിക്കാരെന്ന നിലയിൽ തിരുത്തൽവാദികൾ സ്റ്റാലിനെതിരെ നടത്തിയ, അദ്ദേഹത്തിന്റെ മാത്രമല്ല ലെനിന്റെ തന്നെ ആധികാരികത തകർക്കാൻ നടത്തിയ, ആക്രമണങ്ങളിലൂടെ സോഷ്യലിസത്തിന്റെ തകർച്ചയ്ക്കും മുതലാളിത്ത പുനസ്ഥാപനത്തിനും കളമൊരുക്കപ്പെട്ട അവസ്ഥ.

ഇങ്ങനെയൊക്കെയാണെങ്കിലും, മുൻ സോവിയറ്റ് യൂണിയനിലും പൂർവ്വ യൂറോപ്യൻ സോഷ്യലിസ്റ്റ് നാടുകളിലും ലെനിന്റെയും സ്റ്റാലിന്റെയും ചിത്രങ്ങളുമേന്തി, സോഷ്യലിസത്തിന്റെ തിരിച്ചുവരവിനായി മുറവിളി കൂട്ടിക്കൊണ്ട്, ആയിരങ്ങൾ തെരുവിലണയുന്നത് ഹൃദയാവർജ്ജകമായ കാര്യം തന്നെ. മുതലാളിത്ത പ്രതിസന്ധിക്ക് പരിഹാരമെന്നോണം ആവിഷ്ക്കരിക്കപ്പെട്ട ആഗോളീകരണ പദ്ധതി, പ്രതിസന്ധി രൂക്ഷമാക്കനേ ഉപകരിച്ചുള്ളൂ എന്നതും ശ്രദ്ധേയമാണ്. ആഗോള മുതലാളിത്ത വ്യവസ്ഥ ഒരു പതിറ്റാണ്ടിലേറെയായി മുമ്പൊരിക്കലും ഉണ്ടാകാത്തത്ര രൂക്ഷമായ പ്രതിസന്ധിയിലാണ് അകപ്പെട്ടിരിക്കുന്നത്. അതിന്റെ ജീവൻ നിലനിർത്താനുള്ള തത്രപ്പാടിലാണ് മുതലാളിവർഗ്ഗം. ഒരു ഡോക്ടർക്കും അതിന്റെ രോഗം ഭേദമാക്കാനാവില്ല. അനുനിമിഷം ചുരുങ്ങിവരുന്ന കമ്പോളമെന്ന ഊരാക്കുടുക്കിലാണ് മുതലാളിത്തം അകപ്പെട്ടിരിക്കുന്നത്. ജനങ്ങളുടെ രോഷമാകട്ടെ അണപൊട്ടിയൊഴുകുന്നു. അമേരിക്കയിലും യൂറോപ്പിലുംവരെ വമ്പൻ ജനകീയ പ്രക്ഷോഭങ്ങൾ അലയടിക്കുകയാണ്. ജനങ്ങൾക്ക് ശരിയായ നേതൃത്വമില്ല എന്നതാണ് പരാധീനത. വസ്തുനിഷ്ഠ സാഹചര്യം വിപ്ലവത്തിന് പാകമാണ്. ആത്മനിഷ്ഠ സാഹചര്യം, അതായത് മാർക്സ്-ഏംഗൽസ്-ലെനിൻ-സ്റ്റാലിൻ-മാവോ എന്നീ മഹാന്മാരുടെ വിപ്ലവ പാഠങ്ങളാൽ സായുധമായ കമ്മ്യൂണിസ്റ്റ് പാർട്ടികൾ മുൻപന്തിയിലേയ്ക്കു വരുന്നില്ല, എന്നതാണ് പ്രശ്നം. എന്നാൽ, ചരിത്രത്തിന്റെ നിയമങ്ങൾക്കനുസൃതമായി, ഇന്നല്ലെങ്കിൽ നാളെ അവ തീർച്ചയായും നേതൃത്വപരമായ പങ്കുവഹിക്കുകതന്നെ ചെയ്യും.

സഖാക്കളെ, നമ്മുടെ രാജ്യത്തും, രാഷ്ട്രീയ പ്രതിസന്ധികൾക്കിടയിലും, ജനങ്ങളുടെ അസംതൃപ്തി തീപ്പൊരി വിതറുന്നുണ്ട്. പലയിടത്തും ജനങ്ങൾ സ്വമേധയാ തെരുവിലിറങ്ങുന്നു. ഈ സമരങ്ങളെ യുക്ത്യധിഷ്ഠിത പരിണതിയിലേയ്ക്ക് നയിക്കാൻ കെല്പ്പുള്ള നേതൃത്വമാണിന്നത്തെ ആവശ്യകത. ആരു നയിക്കും? ഇടതുപക്ഷ പാർട്ടികളുടെ കൂട്ടായ്മയ്ക്കേ അതു ചെയ്യാൻ കഴിയൂ. പോരാട്ടത്തിന്റെ പ്രത്യയശാസ്ത്രവും ഉന്നതമായ നൈതികതയും മുറുകെപ്പിടിച്ചുകൊണ്ട് ഈ സമരങ്ങൾക്ക് ശരിയായ നേതൃത്വം നൽകാൻ നമുക്ക് കഴിയണം.

ഞങ്ങളുടെ പാർട്ടി എക്കാലവും യോജിച്ച ഇടതുപക്ഷ പ്രക്ഷോഭത്തിനുവേണ്ടി നിലകൊണ്ടിട്ടുണ്ട്. മുമ്പ്

(ശേഷം പേജ് 12-ൽ)

# ജനാധിപത്യ ബഹുജന പ്രക്ഷോഭങ്ങളുടെ വേലിയേറ്റം സൃഷ്ടിച്ചുകൊണ്ട്
# ഫാസിസ്റ്റ് കടന്നാക്രമണങ്ങളെ ചെറുക്കുക

(4-ാംപേജിൽ നിന്ന് തുടർച്ച)

ടിയുണ്ടാവുക സാദ്ധ്യമല്ല. മറിച്ച്, മിനിമം പരിപാടിയിലാണ് യോജിപ്പുള്ളത്. ബഹുജനങ്ങളുടെ ജനാധിപത്യപരമായ ആവശ്യങ്ങളാണ് അംഗീകൃത പൊതുമിനിമം പരിപാടിയിൽ വരുന്നത്.

കേരളത്തിലെ സാഹചര്യത്തിൽ വ്യത്യാസമുണ്ട്. കേരളത്തിലും അവർ വരികയാണെങ്കിൽ നമുക്ക് തടസ്സമൊന്നുമില്ല. കേരളത്തിൽ ഇതിനകം നമ്മൾ മറ്റ് രണ്ട് പാർട്ടികളുമായിച്ചേർന്ന് മുന്നണി രൂപീകരിച്ചിരിക്കുകയാണ്. അവരുടെ അഭിപ്രായത്തിൽ ചെറിയ പാർട്ടികളാണവ രണ്ടും. പക്ഷെ, ഈ പാർട്ടികൾ ജനങ്ങൾക്കുവേണ്ടി പൊരുതുന്നതിൽ ആത്മാർത്ഥത പുലർത്തുന്നവയാണ്. അതുകൊണ്ട് നമ്മൾ ആ പാർട്ടികളെ ഗൗരവപൂർവ്വം പരിഗണിക്കുന്നു. വലിയ പാർട്ടിയാണ്, പക്ഷെ, ജനങ്ങളുടെ ആവശ്യങ്ങളെ തെല്ലും പരിഗണിക്കുന്നില്ല – അങ്ങനെയുള്ള പാർട്ടിയുമായി നമുക്കെങ്ങനെ ഒന്നിക്കാൻ കഴിയും? നാം ഐക്യത്തിന് വേണ്ടി നിലകൊള്ളുന്നു. പക്ഷെ, ആ ഐക്യം സമരത്തിന് വേണ്ടിയാണ്. ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയാണ്. ജനജീവിതം ഇന്ന് ദുസ്സഹമായിത്തീർന്നിരിക്കുകയാണ്. ഇന്ന് രാജ്യത്തിന്റെ അവസ്ഥയെന്താണ്? ഈ ഗവൺമെന്റ് കോൺഗ്രസ്സിനെതിരെ രാഷ്ട്രീയമായി പോരടിച്ചാണ് അധികാരത്തിലേറിയത്. ബിജെപിക്കോ മോദിക്കോ അനുകൂലമായ ഒരു തരംഗവും രാജ്യത്തുണ്ടായിരുന്നില്ല. മോദിതരംഗമോ ബിജെപി തരംഗമോ ഉണ്ടായിരുന്നില്ല എന്നാണ് നമ്മുടെ പാർട്ടി തിരഞ്ഞെടുപ്പിന് ശേഷം നടത്തിയ വിശകലനത്തിൽ ചൂണ്ടിക്കാട്ടിയത്. യഥാർത്ഥത്തിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് സമയത്ത് രാജ്യത്തെമ്പാടും ഒരു കോൺഗ്രസ്സ്‌വിരുദ്ധതരംഗമുണ്ടായിരുന്നു. മോദിതരംഗമോ ബിജെപി തരംഗമോ ആയിരുന്നെങ്കിൽ കേരളത്തിലെ തിരഞ്ഞെടുപ്പ് ഫലം ഇതാകുമായിരുന്നില്ല. ഈ സംസ്ഥാനത്ത് അവർക്ക് ഒരൊറ്റ സീറ്റ് പോലും കിട്ടിയില്ല. തമിഴ്നാട്ടിൽ എഐഎഡിഎംകെ തൂത്തുവാരി. ആന്ധ്രപ്രദേശിൽ ചന്ദ്രബാബു നായിഡുവിന്റെ ടിഡിപി വൻവിജയം നേടി. തെലുങ്കാനയിൽ ടിആർഎസ്. പശ്ചിമബംഗാളിൽ മമതാ ബാനർജി. ഇവിടെയൊന്നും ബിജെപി കാര്യമായ ഒരു നേട്ടവുമുണ്ടാക്കിയില്ല. തരംഗമുണ്ടായിരുന്നുവെന്നത് നരേന്ദ്രമോദിയെ അധികാരത്തിലേറ്റുന്നതിന് വേണ്ടി കുത്തകകൾ അഴിച്ചുവിട്ട പ്രചാരണം മാത്രമാണ്. അവർ വിജയിച്ചിരിക്കുന്ന സംസ്ഥാനങ്ങൾ നോക്കുക. ഡൽഹി, രാജസ്ഥാൻ, ഗുജറാത്ത്, മദ്ധ്യപ്രദേശ്, ഛത്തീസ്ഗഢ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെല്ലാം അവരുടെ എതിരാളി കോൺഗ്രസ്സായിരുന്നു. അതുകൊണ്ടാണവർ ജയിച്ചത്. ജനങ്ങൾ കോൺഗ്രസ്സിനെ പരാജയപ്പെടുത്താൻ ആഗ്രഹിച്ചിരുന്നു. അതാണ് നമ്മുടെ വിശകലനം. കഴിഞ്ഞ ഡൽഹി അസംബ്ലി തെരഞ്ഞെടുപ്പ് നമ്മുടെ വിശകലനത്തെ ശരിവയ്ക്കുന്നു. ആം ആദ്മി പാർട്ടി, ഒരു സംഘടനയെന്ന നിലയിൽ നോക്കുമ്പോൾ യഥാർത്ഥത്തിൽ ഒന്നുമല്ല. ആ എഎപി ബിജെപിയെ മുച്ചൂടും പരാജയപ്പെടുത്തി. 3 സീറ്റാണവർക്ക് ലഭിച്ചത്. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഡൽഹിയിൽ ആകെയുള്ള 7 സീറ്റും അവർക്കാണ് കിട്ടിയത്. കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽ ബിജെപിക്ക് 32 സീറ്റും എഎപിക്ക് 28 സീറ്റും കോൺഗ്രസ്സിന് 8 സീറ്റുമാണ് കിട്ടിയത്. എന്നാൽ ഇക്കുറി ബിജെപിക്ക് വെറും 3 സീറ്റാണ് കിട്ടിയത്. 12 ക്യാബിനറ്റ് മന്ത്രിമാരാണ് ബിജെപിക്ക് വേണ്ടി തെരഞ്ഞെടുപ്പ് പ്രചാരണത്തിനിറങ്ങിയത്. മൂന്ന് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും നരേന്ദ്രമോദി തന്നെ നേരിട്ടും പ്രചാരണത്തിനിറങ്ങി. എന്നിട്ടും അവർ തകർന്ന് തരിപ്പണമായി. ഇതെന്താണ് സൂചിപ്പിക്കുന്നത്? ജനങ്ങൾ ഒരു ബദൽ അന്വേഷിക്കുകയാണ്. അവർ ഒരു ശരിയായ പാർട്ടിയെ അന്വേഷിക്കുകയാണ്. പക്ഷെ, അങ്ങനെയൊരു പാർട്ടി അവരുടെ മുന്നിലില്ല. കോൺഗ്രസ്സിനെ പരാജയപ്പെടുത്താൻ പോന്ന മറ്റൊരു പാർട്ടിയെ കാണാത്തതുകൊണ്ടാണ് ജനങ്ങൾ ബിജെപിക്ക് വോട്ട് ചെയ്തത്.

ജനങ്ങൾ കോൺഗ്രസ്സിനെ പരാജയപ്പെടുത്തി. ബിജെപി അധികാരത്തിലേറി. ഉടൻതന്നെ അവർ റെയിൽവേ നിരക്കുകൾ 4 ശതമാനം വർദ്ധിപ്പിച്ചു. പ്ലാറ്റ്ഫോം ടിക്കറ്റ് നിരക്ക് 10 രൂപയാക്കി ഉയർത്തി. എന്നാൽ ജനങ്ങൾക്ക് റെയിൽവേയിൽ നിന്ന് എന്തെങ്കിലും സേവനം ലഭിക്കുന്നുണ്ടോ?

ഇല്ല. *അച്ഛേ ദിൻ* വന്നുവെന്നാണ് അവർ പറയുന്നത്. നരേന്ദ്രമോദിയുടെ മുദ്രാവാക്യമാണത്. എന്തുമാത്രം നല്ല ദിനങ്ങളാണവർ കൊണ്ടുവന്നിരിക്കുന്നത്? വിലക്കയറ്റം മൻമോഹൻസിംഗിന്റെ കാലത്തെക്കാൾ രൂക്ഷമായിരിക്കുന്നു. എല്ലാ തൊഴിൽനിയമങ്ങളും ഭേദഗതി ചെയ്യപ്പെടുകയാണ്. തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കപ്പെടുന്നു. വ്യവസായ ബന്ധനിയമം, വ്യവസായ തർക്ക നിയമം എല്ലാം ഭേദഗതി ചെയ്യുകയാണ്. വ്യവസായസ്ഥാപനങ്ങളിലെ പരിശോധന ഇല്ലാതാക്കുകയാണ്. ഉടമകൾക്ക് അവരുടെ സ്ഥാപനം തോന്നിയപടി നടത്താം. കാര്യങ്ങളെല്ലാം ശരിയായിട്ടാണ് നടക്കുന്നതെന്ന് അവർ സ്വയം സത്യവാങ്മൂലം നൽകിയാൽ മതി. താൻ എല്ലാ കാര്യങ്ങളും കുറ്റമറ്റ രീതിയിൽ ചെയ്യുന്നയാളാണെന്ന് മുതലാളി സ്വയം സർട്ടിഫിക്കറ്റ് നൽകും! രാജസ്ഥാനിലെ ബിജെപി മുഖ്യമന്ത്രി വിജയരാജെ സിന്ധ്യ ഇതിനകം പതിനൊന്ന് തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തി. നിലവിലിരുന്ന നിയമമനുസരിച്ച് നൂറിൽത്താഴെ തൊഴിലാളികളുള്ള ഫാക്ടറികളുടെ ഉടമകൾക്ക് ഗവൺമെന്റിന്റെ അനുമതിയില്ലാതെ തന്നെ തൊഴിലാളികളെ ലേ ഓഫ് ചെയ്യാനുള്ള അധികാരമുണ്ടായിരുന്നു. ഇപ്പോൾ വരുത്തിയിരിക്കുന്ന ഭേദഗതിപ്രകാരം മുന്നൂറിൽത്താഴെ തൊഴിലാളികളുള്ള ഫാക്ടറികളുടെ ഉടമകൾക്ക് ഈ അധികാരം നൽകിയിരിക്കുന്നു. ഈ നിയമഭേദഗതികൾ ദേശീയതലത്തിലേയ്ക്ക് കൊണ്ടുവരാനാണ് ഇപ്പോൾ കേന്ദ്രഗവൺമെന്റ് തുനിഞ്ഞിരിക്കുന്നത്. ഇത് തൊഴിലാളിവർഗ്ഗത്തിനെതിരെയുള്ള കടന്നാക്രമണമാണ്. മൃഗീയമായ കടന്നാക്രമണം. അതുപോലെ, ഭൂമി ഏറ്റെടുക്കൽ ഓർഡിനൻസ്. കൃഷിക്കാർക്ക് മിക്കവാറും ഒരു നഷ്ടപരിഹാരവും നൽകാതെ അവർ ഭൂമി പിടിച്ചെടുക്കും. അതിനെതിരെ കോടതിയെ സമീപിക്കാൻ പോലും കഴിയില്ല.

വിദ്യാഭ്യാസ മേഖലയിൽ കിരാതമായ ആക്രമണമാണ് നടക്കുന്നത്. ബിജെപി ബുദ്ധിജീവിയായ ദീനനാഥ് ബത്ര എന്നൊരാൾ മൂവായിരം വർഷം മുമ്പ് തന്നെ ഇന്ത്യയിൽ എല്ലാ ആധുനിക വിജ്ഞാനവുമുണ്ടായിരുന്നു എന്ന തരത്തിലുള്ള അസംബന്ധങ്ങൾ എഴുതിവച്ചിട്ടുള്ളത് പാഠ്യപദ്ധതിയിൽ പെടുത്തുകയാണ്. ഭ്രാന്തമായ ഹിന്ദുവർഗ്ഗീയവികാരം വളർത്താനുള്ള ആസൂത്രിത നീക്കം നടക്കുന്നു. അങ്ങനെ, എല്ലാ തുറകളിൽ നിന്നുമുള്ള കടന്നാക്രമണമാണ് ജനങ്ങൾക്കുമേൽ വന്നുപതിച്ചുകൊണ്ടിരിക്കുന്നത്. ഗുജറാത്തിൽ എന്താണ് സംഭവിച്ചതെന്ന് നമുക്കറിയാം. സാഹചര്യങ്ങൾ വളരെ വളരെ ഗുരുതരമാണെന്ന് ദയവായി മനസ്സിലാക്കുക.

പക്ഷെ, ചിത്രത്തിന് ഒരു മറുവശവും കൂടിയുണ്ട്. ജനങ്ങളിൽ സമരത്തിന് വേണ്ടിയുള്ള യഥാർത്ഥ വ്യഗ്രതയുണ്ടെന്നതാണത്. സമരത്തിന് വേണ്ടി അവർ വെമ്പൽകൊള്ളുകയാണ്. നാം ജനങ്ങളുടെ ആ വ്യഗ്രത ചെവിക്കൊള്ളണം. സമരങ്ങൾ വളർത്തിയെടുക്കണം. സാദ്ധ്യതയുള്ള സംസ്ഥാനങ്ങളിലെല്ലാം നാം ജനങ്ങളെ ആയിരങ്ങൾ പതിനായിരങ്ങളായി അണിനിരത്തണം. മറ്റ് സംസ്ഥാനങ്ങളിലും അത് സ്വാധീനം ചെലുത്തും. രാജ്യത്തെമ്പാടും സമരങ്ങളുടെ വേലിയേറ്റം സൃഷ്ടിക്കപ്പെടണം. അതിന് തുടക്കം കുറിക്കപ്പെട്ടുകഴിഞ്ഞു. സമരം വളരെ പ്രധാനമാണ്. കെട്ടിക്കിടക്കുന്ന വെള്ളമാണ് ദുഷിക്കുന്നത്. ഒഴുക്കുവെള്ളം ശുദ്ധമായിരിക്കുന്നു. സമരം ചലനമാണ്. അത് പ്രകൃതിയുടെ നിയമമാണ്. ചലനം ശരിയായ ദിശയിലാണെങ്കിൽ അത് വികാസത്തിന് സഹായിക്കുന്നു.

മനുഷ്യനും ചലനത്തിലാണ്, സമരത്തിലാണ്, വളരുന്നത്. സമരമില്ലാത്തിടത്ത് കെട്ടിനിൽക്കലുണ്ടാകുന്നു. ചിന്തയിലും സംസ്കാരത്തിലും ദുഷിക്കലും അപഭ്രംശവുമുണ്ടാകുന്നു. നമ്മുടെ പാർട്ടി രാജ്യത്ത് സമരങ്ങൾ വളർത്തിയെടുക്കാൻ വേണ്ടി യത്നിച്ചുകൊണ്ടിരിക്കുകയാണ്. സഖാവ് ശിബ്ദാസ്ഘോഷ് സഖാക്കൾക്ക് എപ്പോഴും നൽകിയിരുന്ന നിർദ്ദേശമിതാണ്: ജനങ്ങളുടെ അടുക്കലേയ്ക്ക് പോവുക, അവരെ സംഘടിപ്പിക്കുക, അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുക, അവരെ വിദ്യാഭ്യാസം ചെയ്യിച്ച് അവരുടെ സമരങ്ങൾ കെട്ടിപ്പടുക്കുക. സമരങ്ങൾ മാത്രമല്ല, സമരങ്ങളോടൊപ്പം ജനകീയ സമരക്കമ്മിറ്റികളുടെ രൂപത്തിൽ ജനങ്ങളുടെ സ്വന്തം സമരോപകരണങ്ങൾ കൂടി കെട്ടിപ്പടുക്കണം. അത് വളരെ പ്രധാനമാണ്.

ബംഗാളിലെ യോജിച്ച സമരങ്ങളിൽ കണ്ടിരുന്ന ഒരു കാര്യമുണ്ട്. നേതൃത്വം സമരത്തിനും നിയമലംഘനത്തിനും ആഹ്വാനം നൽകുന്നു. ഗ്രാമീണരായ ജനങ്ങൾ സമരത്തിനിറങ്ങി അറസ്റ്റ് വരിക്കുന്നു, ലാത്തിയടികൾ ഏറ്റുവാങ്ങുന്നു. ആവശ്യങ്ങൾ നേടിയില്ലെങ്കിലും നേതാക്കൾക്ക് ഒരു വിഷമവുമില്ല. മറിച്ച് അവർ സന്തുഷ്ടരാകുന്നു. കാരണം മർദ്ദനമേറ്റ ജനങ്ങൾ ഗവൺമെന്റിനെതിരെ തിരിയുന്നതിനാൽ വരുന്ന തെരഞ്ഞെടുപ്പിൽ തങ്ങൾക്ക് വോട്ട് കിട്ടും എന്ന് അവർ ഉറപ്പാക്കുന്നു. ഇനി വിജയം നേടിയാലും, വോട്ട് ഉറപ്പാണ്. ഇങ്ങനെയായിരുന്നു സമരങ്ങൾ നടന്നുവന്നത്. സമരത്തെത്തുടർന്ന് ജനങ്ങൾ നാലുപാടും ചിതറിപ്പോകുന്നു. ജനങ്ങളുടേതായ സമരോപകരണങ്ങളില്ലാത്തിടത്തോളം കാലം ജനങ്ങൾക്കെങ്ങനെ സമരം ചെയ്യാൻ കഴിയും? അതിനാൽ ജനങ്ങളെ അവരുടെ സ്വന്തം സമരക്കമ്മിറ്റികളിൽ അണിനിരത്തിക്കൊണ്ട് ജനങ്ങളുടെ ബദൽരാഷ്ട്രീയാധികാരത്തിന് ജന്മം നൽകേണ്ടത് വിപ്ലവപ്പാർട്ടിയുടെ കർത്തവ്യമാണ്. റഷ്യയിൽ സോവിയറ്റുകൾ അത്തരത്തിൽ രൂപം കൊണ്ട ജനകീയ സമരക്കമ്മിറ്റികളായിരുന്നു. നമ്മുടെ രാജ്യത്തും സമാനമായ രീതിയിൽ ജനങ്ങളെ ജനകീയ സമരക്കമ്മിറ്റികളിൽ അണിനിരത്തേണ്ടതാവശ്യമാണ്. അങ്ങനെ മാത്രമേ ജനങ്ങളുടെ യഥാർത്ഥ രാഷ്ട്രീയാധികാരം സ്ഥാപിക്കാൻ സാധിക്കൂ.

ആ കമ്മിറ്റികൾക്ക് രാഷ്ട്രീയമായും സാംസ്കാരികമായും പക്വതയും ഉയർച്ചയും ഉണ്ടാകേണ്ടതുണ്ട്. ഉയർന്ന കമ്മ്യൂണിസ്റ്റ് സംസ്കാരം, അവൈയക്തികവും സാമൂഹികവുമായ സംസ്കാരം, സാമൂഹിക സ്വഭാവം, ആർജ്ജിച്ച് ആ കമ്മിറ്റികൾ പക്വത നേടേണ്ടതുണ്ട്. അപ്പോൾ മാത്രമേ വിപ്ലവം സാദ്ധ്യമാവുകയുള്ളൂ.

സഖാക്കളേ, ഒരു വശത്ത് ഫാസിസ്റ്റ് ശക്തികൾ ജനങ്ങളെ ചിന്താക്കുഴപ്പത്തിലാക്കാനും ഭ്രാന്തമായ ദേശീയവികാരം കുത്തിപ്പൊക്കി ഫാസിസത്തിലേയ്ക്ക് നാടിനെ നയിക്കാനും നീക്കം നടത്തുന്നുവെന്ന ഇരുണ്ട വശമുണ്ട്. അതോടൊപ്പം തന്നെ, ജനകീയ പ്പോരാട്ടങ്ങൾ വളർന്നുവരാനുള്ള സാദ്ധ്യതയും തുല്യമായുണ്ട്. യാതൊന്നും കേവലമല്ല എന്ന് മാർക്സിസം പഠിപ്പിക്കുന്നു. ഏതൊന്നിലും വിപരീത വശങ്ങളുണ്ട്. ഇരുട്ടുണ്ടെങ്കിൽ വെളിച്ചവുമുണ്ട്. അത് കാണാനുള്ള കഴിവ് നമുക്കുണ്ടാകണം. ഏകപക്ഷീയമായ ഒരവസ്ഥയില്ല. ഫാസിസ്റ്റ് സാഹചര്യത്തിലും അതിനെതിരായ ചെറുത്തുനില്പുണ്ടാകും. ആ ശക്തികളെ കണ്ടെത്തി ശക്തിപ്പെടുത്തുന്നതിലൂടെ ഫാസിസ്റ്റ് ശക്തികളെ തൂത്തെറിയാൻ കഴിയണം. സ്റ്റാലിൻ അതാണ് ചെയ്തത്. നാം അതിൽ നിന്ന് പാഠമുൾക്കൊള്ളണം.

സഖാക്കളേ, പാർട്ടിയുടെ 67-ാം സ്ഥാപനദിനം ആചരിക്കുന്ന ഈ വേളയിൽ ഒരു കാര്യം കൂടി ഞാൻ ഓർമ്മിപ്പിക്കട്ടെ. ഇന്ന് നമ്മുടേത് തീരെ ചെറിയ ഒരു പാർട്ടിയല്ല. എങ്കിലും വിപ്ലവത്തിന്റെ ആവശ്യകതയുമായി തട്ടിച്ചുനോക്കുമ്പോൾ നാം വളരെ വളരെ ചെറിയൊരു ശക്തിയാണ്. വിനയപൂർവ്വം നാം അത് അംഗീകരിക്കണം. പക്ഷെ, മറ്റ് രാഷ്ട്രീയപ്പാർട്ടികളുമായി തട്ടിച്ചുനോക്കുമ്പോൾ നാം തീരെച്ചെറിയ ഒരു ശക്തിയല്ല. ഇരുപത്തിയൊന്ന് സംസ്ഥാനങ്ങളിൽ നാം പ്രവർത്തിക്കുന്നു. നമ്മുടെ സഖാക്കൾക്ക് സഖാവ് ശിബ്ദാസ്ഘോഷിന്റെ ചിന്തകൾ ജനങ്ങൾക്കിടയിൽ കൊണ്ടെത്തിക്കാൻ കഴിയുന്ന ഇടങ്ങളിലെല്ലാം ജനങ്ങൾ ആവേശപൂർവ്വമാണ് പ്രതികരിക്കുന്നത്. എല്ലാ സംസ്ഥാനങ്ങളിലും നമ്മുടെ പാർട്ടി വളരെ വേഗം വളർന്നുകൊണ്ടിരിക്കുകയാണ്. നാം നമ്മുടെ സമരത്തിന് ആക്കം കൂട്ടേണ്ടിയിരിക്കുന്നു. നാം ജനങ്ങളുടെ സമരങ്ങളും ജനകീയ സമരക്കമ്മിറ്റികളും കെട്ടിപ്പടുക്കുകയും നമ്മുടെ പാർട്ടിയെ ശക്തിപ്പെടുത്തുകയും വേണം. അത് സാധിക്കുമെങ്കിൽ നമുക്ക് വിപ്ലവം യാഥാർത്ഥ്യമാക്കാം. എപ്പോഴാണോ വിപ്ലവത്തെ ആനയിക്കാൻ നിങ്ങൾക്ക് സാധിക്കുന്നത് അപ്പോൾ വിപ്ലവം വരും. അതാണ് സത്യം. വിപ്ലവത്തിന്റെ വിജയത്തിന് മൂന്ന് ഘടകങ്ങൾ ആവശ്യമുണ്ട്. വിപ്ലവപ്പാർട്ടി, വിപ്ലവസിദ്ധാന്തം, ജനങ്ങളുടെ സ്വന്തം ബദൽരാഷ്ട്രീയാധികാരം. വിപ്ലവസിദ്ധാന്തമെന്നത് കേവലം ഒരു രാഷ്ട്രീയസിദ്ധാന്തമല്ലെന്ന് സഖാവ്ശിബ്ദാസ്ഘോഷ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ജീവിതത്തെ സംബന്ധിച്ച സമഗ്രമായ ഒരു ധാരണയാണത്. ജീവിതത്തെയും സമരത്തെയും സംബന്ധിച്ച സമഗ്രമായ ഒരു കമ്മ്യൂണിസ്റ്റ് ധാരണയാണത്. രാഷ്ട്രീയലൈനും അതിൽ ഉൾപ്പെടും. വിപ്ലവസിദ്ധാന്തമില്ലാതെ വിപ്ലവപ്പാർട്ടിയുണ്ടാവില്ല. വിപ്ലവപ്പാർട്ടിയില്ലാതെ വിപ്ലവവും ഉണ്ടാവുകയില്ല. ലെനിൻ അത് തെളിയിച്ചിട്ടുണ്ട്.

ലോകത്ത് ആദ്യമായി വിജയകരമായ തൊഴിലാളിവർഗ്ഗവിപ്ലവം റഷ്യയിൽ സംഘടിപ്പിച്ചുകൊണ്ട് അദ്ദേഹം അത് തെളിയിച്ചു. മുതലാളിത്തം പഴകി ജീർണ്ണിച്ച്, കാലഹരണപ്പെട്ട്, മരണാസന്നമായിരിക്കുന്നുവെന്ന് അദ്ദേഹം തെളിയിച്ചു. വളർന്നുകൊണ്ടിരിക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയെയും നിഷ്കാസനം ചെയ്യാൻ സാദ്ധ്യമാവുകയില്ല. എന്നാൽ അത് ശരിക്കും പഴകി, കാലഹരണപ്പെട്ട് , മരണാസന്നമായിത്തീരുമ്പോൾ അതിന്റെ ഉദരത്തിൽ നിന്ന് പുതിയ വ്യവസ്ഥിതി ഉരുവംകൊള്ളുമ്പോൾ, വിപ്ലവം ഉണ്ടാകുന്നു. മുതലാളിത്തം മരണാസന്നമായിരിക്കുന്നുവെന്ന് ലെനിൻ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യം തന്നെ ചൂണ്ടിക്കാട്ടിയിരുന്നു. മുതലാളിത്തം രംഗമൊഴിയണം. അതിനെ നിഷ്കാസനം ചെയ്യണം. പക്ഷെ, ആര് മുതലാളിത്തത്തെ തൂത്തെറിയും? വർഗ്ഗബോധമുള്ള തൊഴിലാളിവർഗ്ഗം. കമ്മ്യൂണിസ്റ്റുകളാണ് വർഗ്ഗബോധമുള്ള തൊഴിലാളികൾ.

അതിനാൽ സഖാക്കളേ, ഈ സാഹചര്യം മനസ്സിലാക്കാൻ ഞാൻ വീണ്ടും വീണ്ടും നിങ്ങളോടഭ്യർത്ഥിക്കുകയാണ്. എന്റെ കുട്ടിക്കാലത്ത് നമ്മുടെ പാർട്ടി വളരെ ചെറുതായിരുന്നു. പക്ഷെ, ഇപ്പോൾ ദിനംപ്രതി ശുഭോദർക്കമായ കാര്യങ്ങളാണ് നാം കാണുന്നത്. മറ്റെല്ലാ പാർട്ടികളും ശിഥിലമായിക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ പാർട്ടി, ശൈഥില്യത്തിന്റെ ലാഞ്ഛന പോലുമില്ലാതെ നിരന്തരം വളർന്നുകൊണ്ടിരിക്കുന്നു. ഈ മുന്നേറ്റത്തിൽ വിശ്വസിക്കുക. സ്വയം സംഘടിതരാവുക. സഖാവ് ഘോഷ് പഠിപ്പിച്ചതുപോലെ സ്വയം വിദ്യാഭ്യാസം നേടുക. മാർക്സ് പറഞ്ഞു: തൊഴിലാളികളാണ് ലോകത്തെ മാറ്റുക. പക്ഷെ, ആദ്യം അവർ സ്വയം മാറേണ്ടിയിരിക്കുന്നു. നമ്മുടെ പാർട്ടിയുടെ സ്ഥാപനവാർഷികത്തിന്റെ ഈ വേളയിൽ നമുക്ക് അതിന് പ്രതിജ്ഞയെടുക്കാം. ഈ പ്രതീക്ഷയോടെയും വിശ്വാസത്തോടെയും, മഹാനായ തൊഴിലാളിവർഗ്ഗനേതാവ് സഖാവ് ശിബ്ദാസ്ഘോഷിന് വിപ്ലവാഭിവാദനങ്ങൾ അർപ്പിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. ●

# സ്ത്രീശക്തി വിളംബരംചെയ്ത് സംസ്ഥാന വനിതാ സമ്മേളനം



ആലപ്പുഴ നഗരചത്വരത്തിൽ നടന്ന പൊതുസമ്മേളനത്തിന്റെ ഒരു ദൃശ്യം




പ്രകടനത്തിന് സഖാക്കൾ ഷൈല കെ.ജോൺ, മിനി.കെ.ഫിലിപ്പ്, എസ്.രാധാമണി, അഡ്വ.എം.എ.ബിന്ദു, കെ.ജെ.ഷീല തുടങ്ങിയവർ നേതൃത്വം നൽകുന്നു

(1-ാം പേജിൽ നിന്നു തുടർച്ച)

അഡ്വ.ഇ.എൻ.ശാന്തിരാജ് തുടങ്ങിയവർ പ്രസംഗിച്ചു.

സായി കായികവിദ്യാകേന്ദ്രത്തിലെ നാലുകുട്ടികൾ ആത്മഹത്യ ശ്രമം നടത്തുകയും ഒരു കുട്ടി മരിക്കുകയും ചെയ്ത സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്തുക, വിദ്യാഭ്യാസവായ്പ സർക്കാർ ഏറ്റെടുക്കുക, മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ടുള്ള മൂന്ന് പ്രമേയങ്ങൾ യഥാക്രമം ടി.ആർ.രാജിമോൾ, തത്ത ഗോപിനാഥ്, ഉഷാകുമാരി തുടങ്ങിയവർ അവതരിപ്പിച്ചു. സ്വാഗതസംഘം കൺവീനർ അഡ്വ.എം.എ.ബിന്ദു സ്വാഗതവും എഐഎംഎസ്എസ് ജില്ലാസെക്രട്ടറി കെ.ജെ.ഷീല കൃതജ്ഞതയും രേഖപ്പെടുത്തി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ പ്രക്ഷോഭ രംഗത്ത് നിൽക്കുന്ന നൂറുകണക്കിന് വനിതകൾ ആവേശോജ്ജ്വലമായ പ്രകടനത്തിൽ അണിനിരന്നിരുന്നു. പൊതുസമ്മേളനത്തെത്തുടർന്ന് എഐഎംഎസ്എസ് ആലപ്പുഴ ജില്ലാക്കമ്മിറ്റിയംഗം ഗായത്രി സ്വാമിനാഥൻ അവതരിപ്പിച്ച സംഗീത കച്ചേരിയും നടന്നു. സമ്മേളനത്തിന്റെ ഭാഗമായി ആലപ്പുഴ നഗരചത്വരത്തിലെ ആർട്ട് ഗ്യാലറിയിൽ നടന്ന ചിത്രപ്രദർശനം മെയ് 6 ന് പ്രശസ്ത ശിൽപ്പിയും ചിത്രകാരനുമായ കാനായി കുഞ്ഞിരാമൻ ഉദ്ഘാടനം ചെയ്തു.




പ്രതിനിധി സമ്മേളനം എഐഎംഎസ്എസ് അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് ഛായാ മുഖർജി ഉദ്ഘാടനം ചെയ്യുന്നു




സമ്മേളനത്തോടനുബന്ധിച്ച് ആർട്ട്ഗാലറിയിൽ നടന്ന ചിത്രപ്രദർശനം കാനായി കുഞ്ഞിരാമൻ ഉദ്ഘാടനം ചെയ്യുന്നു



സമ്മേളനത്തോടനുബന്ധിച്ചു നടന്ന സെമിനാറിൽ ഡോ.ടി.എൻ.സീമ പ്രസംഗിക്കുന്നു. ഷൈല കെ.ജോൺ, കമലാ സദാനന്ദൻ, പി.കൃഷ്ണമ്മാൾ, കെ.കെ.രമ എന്നിവർ മുൻനിരയിൽ

മെയ് 9 ന് രാവിലെ സുഗതൻ മെമ്മോറിയൽ ഹാളിൽ പ്രതിനിധി സമ്മേളനം അഖിലേന്ത്യാ പ്രസിഡന്റ് ഛായ മുഖർജി ഉദ്ഘാടനം ചെയ്തു. അതിരൂക്ഷമായ പ്രതിസന്ധികൾ ജീവിതത്തിന്റെ സമസ്ത മേഖലകളിലും പിടിമുറുക്കിയിരിക്കുകയാണ് എന്ന് ഛായ മുഖർജി അഭിപ്രായപ്പെട്ടു. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ അനിയന്ത്രിതമായി പെരുകുന്നു. അതോടൊപ്പം മുതലാളിത്തം സാമൂഹ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും സൃഷ്ടിച്ചിരിക്കുന്ന പ്രതിസന്ധി സ്ത്രീകളുടെ ജീവിതദുരിതം വർദ്ധിപ്പിക്കുന്നു. കേന്ദ്രത്തിൽ അധികാരത്തിലിരുന്നുകൊണ്ട് ബിജെപി അനുവർത്തിക്കുന്ന നയങ്ങൾക്കും ഫാസിസ്റ്റ് നടപടികൾക്കും എതിരായ പോരാട്ടമാണ് ഇന്ന് ഉയർന്നുവരേണ്ടത് എന്നും ഛായ മുഖർജി ചൂണ്ടിക്കാട്ടി.

മിനി കെ.ഫിലിപ്പ് രചിച്ച *തമസ്ക്കരിക്കപ്പെട്ട ജ്യോതിസ്സുകൾ, സ്വാതന്ത്ര്യബോധത്തെ പ്രോജ്ജ്വലിപ്പിച്ച ധീരാംഗനമാർ* എന്ന പുസ്തകത്തിന്റെ പ്രകാശനം ഡോ.വി.വേണുഗോപാൽ ഉദ്ഘാടന സമ്മേളനത്തിൽ നിർവ്വഹിച്ചു. എഐഎംഎസ്എസ് സംസ്ഥാനസെക്രട്ടറി ഷൈല കെ.ജോൺ, സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.രാധാമണി തുടങ്ങിയവരും പ്രസംഗിച്ചു.

വർഗ്ഗീയതയ്ക്കെതിരെ സ്ത്രീകൾ എന്ന വിഷയത്തെ അധികരിച്ച് നടന്ന സെമിനാറിൽ പ്രമുഖ ഇടതുപക്ഷ വനിതാ പ്രസ്ഥാനങ്ങളുടെ നേതാക്കൾ പങ്കെടുത്തു. എഐഎംഎസ്എസ് സംസ്ഥാന വൈസ് പ്രസിഡന്റ് സൗഭാഗ്യലക്ഷ്മി അദ്ധ്യക്ഷത വഹിച്ച സെമിനാറിൽ ഷൈല കെ.ജോൺ വിഷയാവതരണം നടത്തി. ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റും രാജ്യസഭാ എംപിയുമായ ഡോ.ടി.എൻ.സീമ, കേരള മഹിളാ സംഘം സംസ്ഥാന സെക്രട്ടറി കമല സദാനന്ദൻ, ആർഎംപി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം കെ.കെ.രമ, എംസിപിഐ (യുണൈറ്റഡ്) കേന്ദ്രക്കമ്മിറ്റിയംഗം പി.കൃഷ്ണമ്മാൾ, എഐഡിഡബ്ല്യുഒ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു എന്നിവർ പ്രസംഗിച്ചു. വർഗ്ഗീയതയ്ക്കും സ്ത്രീസമൂഹം അഭിമുഖീകരിക്കുന്ന നിരവധിയായ പ്രശ്നങ്ങൾക്കും എതിരെ യോജിച്ച മുന്നേറ്റം വളർത്തിയെടുക്കുക എന്നതാണ് അടിയന്തിര ആവശ്യകത എന്ന് പ്രസംഗകർ ഏവരും ചൂണ്ടിക്കാട്ടി. പുഷ്പ അഗസ്റ്റിൻ സ്വാഗതവും കെ.കെ.ശോഭ കൃതജ്ഞതയും രേഖപ്പെടുത്തി.

*ജ്യോതിഷവും ജ്യോതിശാസ്ത്രവും* എന്ന വിഷയത്തെ അധികരിച്ച് മെയ് 10ന് പ്രൊഫ.പാപ്പൂട്ടി നടത്തിയ പ്രഭാഷണം ഏറെ ഉൾക്കാഴ്ച പകരുന്നതായിരുന്നു. ഓരോകാലത്തും ജനങ്ങളുടെ പ്രായോഗിക ജീവിത അനുഭവങ്ങളും ആവശ്യങ്ങളുമായി ബന്ധപ്പെട്ടാണ് കണ്ടുപിടുത്തങ്ങൾ ഉണ്ടാകുന്നതെന്ന് നിരവധി ഉദാഹരണങ്ങളിലൂടെ സമർത്ഥിച്ചുകൊണ്ട് യുക്തിബോധവും ചരിത്രബോധവും ആർജ്ജിക്കാനാണ് ഏതൊരാളും പരിശ്രമിക്കേണ്ടത് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എസ്.രാധാമണി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ എം.എ.സൂസി സ്വാഗതവും കെ.എം.ബീവി കൃതജ്ഞതയും രേഖപ്പെടുത്തി.

മിനി കെ.ഫിലിപ്പ്, സൗഭാഗ്യലക്ഷ്മി, കമല ടി.സി എന്നിവരടങ്ങിയ പ്രസീഡിയമാണ് സമ്മേളന നടപടികൾ നിയന്ത്രിച്ചത്. സംഘടനാ റിപ്പോർട്ടിന് പുറമേ മുഖ്യരാഷ്ട്രീയ പ്രമേയം, വിലക്കയറ്റത്തിനെതിരായ പ്രമേയം, തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ അധികരിച്ചുള്ള പ്രമേയം, മദ്യവിപത്തിനെതിരായ പ്രമേയം, മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി(എംടിപി) ആക്ട് 1971 ഭേദഗതി പിൻവലിക്കുക എന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം തുടങ്ങിയ പ്രമേയങ്ങളും അവതരിപ്പിക്കപ്പെട്ടു. വളരെ സജീവമായ ചർച്ചകൾക്കൊടുവിൽ എല്ലാ പ്രമേയങ്ങളും ഐകകണ്ഠ്യേന പാസ്സാക്കപ്പെട്ടു.

മിനി കെ.ഫിലിപ്പ് (പ്രസിഡന്റ്), സൗഭാഗ്യലക്ഷ്മി, എസ്.രാധാമണി, അഡ്വ.എം.എ.ബിന്ദു, ടി.സി.കമല, എം.എ.സൂസി(വൈസ്പ്രസിഡന്റുമാർ), ഷൈല കെ.ജോൺ(സെക്രട്ടറി), കെ.ജെ.ഷീല, പുഷ്പ അഗസ്റ്റിൻ, എ.സബൂറ, ആശരാജ്, എസ്.മിനി, കെ.കെ.ശോഭ, എം.കെ.ഉഷ (സെക്രട്ടേറിയറ്റ്), കെ.എം.ബീവി (ട്രഷറർ) എന്നിവർ ഭാരവാഹികളായി 37 അംഗ സംസ്ഥാനകമ്മറ്റിയെയും 94 അംഗ ജനറൽ കൗൺസിലിനെയും സമ്മേളനം തെരഞ്ഞെടുത്തു.

സമാപന സമ്മേളനം എഐഎംഎസ്എസ് അഖിലേന്ത്യ ജനറൽ സെക്രട്ടറി ഡോ.എച്ച്.ജി.ജയലക്ഷ്മി ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(കമ്യൂണിസ്റ്റ്) പാർട്ടി കേന്ദ്രക്കമ്മിറ്റിയംഗവും സംസ്ഥാന സെക്രട്ടറിയുമായ സി.കെ.ലൂക്കോസ്, ഷൈല കെ.ജോൺ, ഡോ.വി.വേണുഗോപാൽ തുടങ്ങിയവർ പ്രസംഗിച്ചു. ഉയർന്ന ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുവാനും കൂടുതൽ കരുത്തോടെ മുന്നേറാനുമുള്ള പ്രതിജ്ഞയെടുത്തുകൊണ്ടാണ് സമ്മേളനം പര്യവസാനിച്ചത്. ●



**മിനി കെ.ഫിലിപ്പ്**
(സംസ്ഥാന പ്രസിഡന്റ്)



**ഷൈല കെ.ജോൺ**
(സംസ്ഥാന സെക്രട്ടറി)



സമ്മേളനത്തോടനുബന്ധിച്ച് ജ്യോതിഷവും ജ്യോതിശാസ്ത്രവും എന്ന വിഷയത്തെ അധികരിച്ച് പ്രൊഫ.പാപ്പൂട്ടി പ്രഭാഷണം നടത്തുന്നു

# മഹത്തായ മേയ്ദിനം സംസ്ഥാനമൊട്ടാകെ ആചരിച്ചു

സർവ്വരാജ്യ തൊഴിലാളി ഐക്യദാർഢ്യദിനമായ മേയ്ദിനം കേന്ദ്ര ട്രേഡ് യൂണിയനായ എഐയുടിയുസിയുടെയും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെയും നേതൃത്വത്തിൽ സംസ്ഥാനമെമ്പാടും സമുചിതം ആചരിച്ചു. ജീവൻ നൽകി സ്ഥാപിച്ചെടുത്ത തൊഴിലവകാശങ്ങൾ കവർന്നെടുക്കുന്നതിനെതിരെ ഒറ്റക്കെട്ടായി പൊരുതാൻ ആഹ്വാനംചെയ്തുകൊണ്ടുള്ള പോസ്റ്ററും നോട്ടീസ്സും മേയ് 1 നു മുമ്പുതന്നെ വ്യാപകമായി പ്രചരിപ്പിച്ചിരുന്നു. ലോകമെങ്ങുമുള്ള തൊഴിലാളികൾ കൂടുതൽ കടുത്ത ചൂഷണത്തിനും അവകാശനിഷേധത്തിനും ഇരയായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലുള്ള മേയ്ദിനാചരണത്തിന് എവിടെയും തൊഴിലാളികളുടെ ആവേശപൂർവ്വമായ പങ്കാളിത്തമുണ്ടായിരുന്നു. എണ്ണമറ്റ ജീവൻ കുരുതി നൽകിക്കൊണ്ട് തൊഴിലാളിവർഗ്ഗം പൊരുതി സ്ഥാപിച്ചെടുത്ത തൊഴിലവകാശങ്ങളും തൊഴിൽനിയമങ്ങളും ഇന്ന് സാമ്രാജ്യത്വ-മുതലാളിത്ത ശക്തികൾ കവർന്നെടുക്കുകയാണ്. 8 മണിക്കൂർ പ്രവർത്തിസമയം, പെൻഷൻ, പി.എഫ്, മിനിമം കൂലി, ബോണസ്സ്, ഇ.എസ്.ഐ തുടങ്ങിയ അടിസ്ഥാന അവകാശങ്ങളെല്ലാം ചവിട്ടിമെതിക്കുകയാണ്. തൊഴിലും കൂലിയുമൊക്കെ അസ്ഥിരവും അവ്യവസ്ഥാപിതവുമാക്കി മാറ്റിയിരിക്കുന്നു.



തിരുവനന്തപുരത്ത് നടന്ന മേയ്ദിനാചരണറാലിയെ എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ അഭിസംബോധന ചെയ്യുന്നു

**ഇ**ന്ത്യയിൽ 31 ശതമാനം വോട്ട് നേടി അധികാരത്തിൽവന്ന ബിജെപി ഗവൺമെന്റ് കോർപ്പറേറ്റ് മൂലധന ശക്തികളുടെ താൽപര്യാർത്ഥം തൊഴിലാളികൾക്കുനേരെ അതിരൂക്ഷമായ കടന്നാക്രമണമാണ് അഴിച്ചുവിട്ടിരിക്കുന്നത്. അധികാരം കൈക്കലാക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ച വ്യവസായിക കുത്തകകൾക്ക് ബിജെപി നൽകിയ ഉറപ്പുകൾ കൃത്യമായും പാലിക്കുകയായിരുന്നു. കേന്ദ്ര സർക്കാരും രാജസ്ഥാൻ, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ് തുടങ്ങിയ സംസ്ഥാന സർക്കാരുകളും കൊണ്ടുവന്ന തൊഴിൽനിയമ ഭാദഗതികളെല്ലാംതന്നെ പിരിച്ചുവിടൽ, ലേ-ഓഫ്, അടച്ചുപൂട്ടൽ, കരാർപണി തുടങ്ങിയ പൈശാചിക നടപടികൾ നിർബാധം നടത്തുവാൻ കുത്തകകൾക്ക് നിയമപരമായി അനുമതി നൽകുന്നതാണ്. ഇരുണ്ട മദ്ധ്യകാല നേട്ടങ്ങളെക്കറിച്ച് സദാ ഊറ്റം കൊള്ളുകയും അവയൊക്കെ തിരിച്ചുകൊണ്ടുവരാൻ അധികാരമുപയോഗിക്കുകയും ചെയ്യുന്ന മോദിയും ബിജെപിയും രാജ്യത്തെ തൊഴിലാളികളെയും ആ പ്രാകൃതാവസ്ഥയിലേക്ക് തള്ളിവിടാനാണ് ശ്രമിക്കുന്നത്. ഈ കിരാതനടപടികൾക്കെതിരെ രാജ്യത്തെ എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും കൂട്ടായും തനതായും പ്രക്ഷോഭണം നടത്തിവരികയാണ്. ഈ പോരാട്ടം കൂടുതൽ ശക്തമായി മുമ്പോട്ട് കൊണ്ടുപോകുമെന്ന തൊഴിലാളികളുടെ പ്രതിജ്ഞാവേളയായിട്ടാണ് എഐയുടിയുസി മഹത്തായ മേയ്ദിനത്തിന്റെ 129-ാം വാർഷികമാചരിച്ചത്.

തിരുവനന്തപുരത്ത് എഐയുടിയുസി ജില്ലാകമ്മിറ്റിയും, അന്തരിച്ച പ്രമുഖ ട്രേഡ് യൂണിയൻ നേതാവ് സ. കെ.പി.കോസലരാമദാസ് നേതൃത്വം നൽകിയിരുന്ന കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ, കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ, കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ എന്നിവയും സംയുക്തമായി മേയ്ദിന റാലി നടത്തി. എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ റാലി ഉദ്ഘാടനം ചെയ്തു. സുദീർഘമായ പോരാട്ടത്തിലൂടെ രക്തം ചിന്തിയും ജീവൻ നൽകിയും നേടിയെടുത്ത തൊഴിലവകാശങ്ങൾ ധിക്കാരപൂർവ്വം കവർന്നെടുക്കുന്ന ബിജെപി സർക്കാരുകളുടെ ആസൂത്രിത പദ്ധതിക്കെതിരെ ശക്തമായപ്രക്ഷോഭണപാതയിൽ മുഴുവൻ തൊഴിലാളികളും ഒന്നിക്കണമെന്ന് അദ്ദേഹം ഉദ്ഘാടനപ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു. 8 മണിക്കൂർ ജോലിസമയത്തിനായി 129 വർഷം മുൻപ് നടന്ന ഐതിഹാസസമരങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ജോലിസമയം 12 ഉം 16 ഉം മണിക്കുറാക്കി ദീർഘിപ്പിക്കുന്ന നയങ്ങളാണ് കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന മോദി സർക്കാർ നടപ്പാക്കുന്നത്. തൊഴിൽ മേഖലയിൽ സമ്പൂർണ്ണമായും കുത്തകകൾക്കനുകൂലമായ നയങ്ങൾ നടപ്പിൽ വരുത്തുവാൻ സർക്കാർ വെമ്പൽ കൊള്ളുന്ന ഈ സാഹചര്യത്തിൽ മഹത്തായ മേയ് ദിനപ്രക്ഷോഭണത്തിന്റെ ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് തൊഴിലാളികൾ സമരസജ്ജരാകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. എഐയുടിയുസി സംസ്ഥാന വൈസ് പ്രസിഡണ്ട് സഖാവ് ഡി.സുന്ദരേശൻ, കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ ജില്ലാ സെക്രട്ടറി ജെ.സുരേഷ്കുമാർ, എഐയുടിയുസി സംസ്ഥാന ട്രഷററും ജില്ലാ സെക്രട്ടറിയുമായ സഖാവ് ഡി.ഹരികൃഷ്ണൻ, എസ്‌യുസിഐ(സി) ജില്ലാകമ്മിറ്റിയംഗം സഖാവ് ആർ.ബിജു എന്നിവർ പ്രസംഗിച്ചു.

കൊല്ലത്ത് ചിന്നക്കടയിൽ നടന്ന ആവേശകരമായ മേയ് ദിന റാലി സിഐടിയു സംസ്ഥാന സെക്രട്ടറി എൻ.പത്മലോചനൻ ഉദ്ഘാടനം ചെയ്തു. എഐറ്റിയുസി നേതാവ് എൻ.അനിരുദ്ധൻ എഐയുടിയുസി സംസ്ഥാന വൈസ്പ്രസിഡന്റ് സഖാവ് എസ്.രാധാകൃഷ്ണൻ, ടിയുസിഐ നേതാവ് സുരേഷ് ശർമ്മ തുടങ്ങിയവർ പ്രസംഗിച്ചു. പുനലൂർ, അഞ്ചൽ എന്നിവിടങ്ങളിൽ നടന്ന സംയുക്തറാലികളിൽ സഖാക്കൾ പ്രശാന്ത്കുമാർ, ശശാങ്കൻ എന്നിവർ എഐയുടിയുസിയെ പ്രതിനിധീകരിച്ച് പ്രസംഗിച്ചു.

പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ സംയുക്ത ട്രേഡ് യൂണിയൻ നേതൃത്വത്തിൽ മേയ്ദിനറാലി നടന്നു. എഐയുടിയുസി, സിഐടിയു, എഐടിയുസി, യുടിയുസി, എച്ച്.എം.എസ് തുടങ്ങിയ കേന്ദ്ര ട്രേഡ് യൂണിയനുകളുടെ നേതാക്കൾ സമാപനയോഗത്തിൽ പ്രസംഗിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റി അംഗം സഖാവ് എസ്.രാധാമണി റാലിയെ അഭിസംബോധന ചെയ്തു.

ആലപ്പുഴയിൽ എഐയുടിയുസിയും കെഎസ്ഇബി പെറ്റി കോൺട്രാക്ടേഴ്സ് ആന്റ് കോൺട്രാക്ട് ലൈൻ വർക്കേഴ്സ് യൂണിയനും സംയുക്തമായി മേയ്ദിന റാലി നടത്തി. റാലിയുടെ സമാപനം കുറിച്ചുകൊണ്ട് നടന്ന സമ്മേളനം എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. സുദീർഘമായ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത തൊഴിലവകാശങ്ങൾ ഭരണവർഗ്ഗം കവർന്നെടുക്കുന്നതിനെ ചെറുക്കുവാൻ തൊഴിലാളി വർഗ്ഗം മുന്നോട്ടു വരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. പി.എഫ്. പെൻഷൻ കുറഞ്ഞത് 1000 രൂപ എന്നത് പുനഃസ്ഥാപിക്കുവാനും, മീനാകുമാരി കമ്മറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നത് പുനപരിശോധിക്കുവാനും കേന്ദ്രസർക്കാർ തയ്യാറായത് ശക്തമായ പ്രക്ഷോഭണം ഉയർന്നു വന്നതുകൊണ്ടാണ്. പൊതുഗതാഗതരംഗം സമ്പൂർണ്ണമായും കുത്തക വൽക്കരിക്കുന്നതിനു വേണ്ടിയുള്ള റോഡ് ട്രാൻസ്പോർട്ട് സേഫ്റ്റി ബിൽ പിൻവലിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.



ആലപ്പുഴയിൽ നടന്ന മേയ്ദിനറാലിയിൽ സഖാവ് എസ്.സീതിലാൽ പ്രസംഗിക്കുന്നു




ചങ്ങനാശ്ശേരിയിൽ നടന്ന മേയ്ദിനറാലി

എഐയുടിയുസി ജില്ലാ സെക്രട്ടറി സഖാവ് പി.ആർ. സതീശൻ അദ്ധ്യക്ഷത വഹിച്ചു. കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ ജില്ലാ സെക്രട്ടറി ആർ. വേണുഗോപാൽ, കേരള മത്സ്യ സംസ്കരണ തൊഴിലാളി യൂണിയൻ ജില്ലാ സെക്രട്ടറി ആർ.അർജുനൻ, കേരളാ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ ജില്ലാ വൈസ് പ്രസിഡന്റ് എ. മുഹമ്മദ്, എഐയുടിയുസി സംസ്ഥാന കമ്മറ്റി അംഗം അഡ്വ. എം.എ.ബിന്ദു എന്നിവർ പ്രസംഗിച്ചു. അന്യായമായി വർദ്ധിപ്പിച്ച പെട്രോൾ ഡീസൽ വിലവർദ്ധനവ് പിൻവലിയ്ക്കണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടേറിയറ്റ് അംഗം സഖാവ് വർഗ്ഗീസ് എം.ജേക്കബ് അവതരിപ്പിച്ചു. ആശുപത്രി ജംഗ്ഷനു സമീപത്തുനിന്നും ആരംഭിച്ച മേയ്ദിന റാലിയ്ക്ക് യൂണിയൻ നേതാക്കളായ കെ. സതീശൻ, ആർ. വിജയകുമാർ. കെ.ആർ.ശശി, പി.പി.വിജയകുമാർ, കെ.പി. സുബൈദ, മധു ചെങ്ങന്നൂർ, എസ്.അനിൽ പ്രസാദ്, വി.ആർ.അനിൽ, ഗണേഷ്കുമാർ എന്നിവർ നേതൃത്വം നൽകി.

എഐയുടിയുസി കോട്ടയം ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ മേയ്ദിനറാലി ചങ്ങനാശ്ശേരിയിൽ നടന്നു. അരമനപ്പടിയിൽ നിന്നും ആരംഭിച്ച പ്രകടനം ചങ്ങനാശ്ശേരി പെരുന്ന ബസ്സ്റ്റാൻഡിൽ സമ്മേളനത്തോടുകൂടി സമാപിച്ചു. സമാപന സമ്മേളനം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടേറിയറ്റംഗം എൻ.കെ.ബിജു ഉദ്ഘാടനം ചെയ്തു. എഐയുടിയുസി ജില്ലാ പ്രസിഡന്റ് കെ.പി.വിജയൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി വി.പി.കൊച്ചുമോൻ സ്വാഗതം ആശംസിച്ചു. വിവിധ യൂണിയനുകളെ പ്രതിനിധീകരിച്ച് കെ.എൻ.രാജൻ (കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ), എ.ജി.അജയകുമാർ (ആൾ കേരളാ പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ് അസോസിയേഷൻ), പി.സി.സജിമോൻ (കെഎസ്ഇബി-പിസിസി-എൽഡബ്ല്യു), ടി.എം.ബോസ് (എച്ച്എൻഎൽ സി&സി വർക്കേഴ്സ് സെന്റർ), കെ.എസ്.ചെല്ലമ്മ(ഗാർഹിക തൊഴിലാളി സെന്റർ) എന്നിവർ പ്രസംഗിച്ചു. രാധാകൃഷ്ണൻ (കെഎസ്ഇബി-പിസിസി-എൽഡബ്ല്യു) കൃതജ്ഞതയും രേഖപ്പെടുത്തി.



കൊടുങ്ങല്ലൂരിൽ സംയുക്തട്രേഡ്‌യൂണിയൻ മേയ്ദിന റാലിയിൽ സഖാവ് എ.വി.ബെന്നി അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു

# പോരാട്ടത്തിന്റെ പ്രതിജ്ഞ പുതുക്കി മേയ്ദിനം

മേയ്ദിനപ്രകടനത്തിന് സഖാക്കൾ മാത്തുക്കുട്ടി മാത്യു, രാജേഷ് പാല, എം.സി.കുട്ടപ്പൻ(കെഎസ്ഇബി-ഡ്ബ്ലുയു), പി.സി.മധു, ലിജിമോൻ ജോസഫ്, രാജു വട്ടപ്പാറ, റെജിക്കുട്ടൻ(കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ), പി.കെ.രവീന്ദ്രൻ, എം.ആർ.രാജു എന്നിവർ നേതൃത്വം നൽകി.

വെള്ളൂർ എച്ച്എൻഎലിൽ മേയ്ദിനത്തിന് രാവിലെ പതാക ഉയർത്തി. എച്ച്എൻഎൽ സി&സി വർക്കേഴ്സ് സെന്റർ സെക്രട്ടറിമാരിലൊരാളായ എം.കെ.രാധാകൃഷ്ണൻ പതാക ഉയർത്തി.

തൊടുപുഴയിൽ എഐയുടിയുസി, കെഎസ്ഇബി-പിസിസി എൽഡബ്ളിയുയു, കൺസ്ട്രക്ഷൻ വർക്കേഴ്സ് ആന്റ്പ്ളംബേഴ്സ് യൂണിയൻ, കെഎസ്ആർടിസിവർക്കേഴ്സ് ഫെഡറേഷൻ എന്നിവയുടെ നേതൃത്വത്തിൽ മേയ്ദിന റാലിയും സമ്മേളനവും നടന്നു. എഐയുടിയുസി ജില്ലാ പ്രസിഡണ്ട് സഖാവ് എം.എൻ.അനിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സഖാവ് കെ.കെ.മോഹനൻ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ ബേബി ജോർജ്ജ്, പി.കെ.സജി എന്നിവർ പ്രസംഗിച്ചു. സഖാവ് സിബി സി.മാത്യു സ്വാഗതവും സഖാവ് ജിമ്മി ജോൺ കൃതജ്ഞതയും പറഞ്ഞു. തൊടുപുഴ ടൗണിൽ നടന്ന റാലിക്ക് സഖാക്കൾ എബ്രഹാം, എം.എസ്.നാരായണപിള്ള, സോജൻ, മാനുവൽ, കെ.എസ്. ഷാജി, കെ.രാജൻ, പ്രഭാ സിബി എന്നിവർ നേതൃത്വം നൽകി.

എറണാകുളം ജില്ലയിൽ വിവിധ ടൗണുകളിൽ കേന്ദ്ര-ട്രേഡ്യൂണിയനുകളുടെ സംയുക്താഭിമുഖ്യത്തിൽ മേയ്ദിനാചരണപരിപാടികൾ നടന്നു. മുളന്തുരുത്തിയിൽ നടന്ന പൊതുസമ്മേളനം എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് മോഹൻകുമാർ ഉദ്ഘാടനം ചെയ്തു. എറണാകുളം ഹൈക്കോടതി ജംഗ്ഷനിൽ നടന്ന പൊതുയോഗത്തിൽ എഐയുടിയുസി ജില്ലാ സെക്രട്ടറി സഖാവ് പി.എം.ദിനേശനും പിറവത്ത് സഖാവ് കെ.ഒ.ഷാനും ആലുവയിൽ സഖാവ് എ. ബ്രഹ്മകുമാറും തൃപ്പൂണിത്തുറയിൽ സഖാവ് കെ.എ.സതീശനും, അങ്കമാലിയിൽ സഖാവ് കെ.സി.ജയനും കാലടിയിൽ സഖാവ് പി.പി.അഗസ്റ്റിനും എഐയുടിയുസിയെ പ്രതിനിധീകരിച്ച് പ്രസംഗിച്ചു.

കൊടുങ്ങല്ലൂരിൽ സംയുക്ത ട്രേഡ് യൂണിയൻ നേതൃത്വത്തിൽ മേയ്ദിന റാലിയും പൊതുയോഗവും നടന്നു. കൊടുങ്ങല്ലൂർ ചന്തപ്പുരയിൽ നിന്നാരംഭിച്ച പ്രകടനം പട്ടണംചുറ്റി മിനി സിവിൽസ്റ്റേഷനു മുമ്പിൽ സമാപിച്ചു. തുടർന്ന് നടന്ന പൊതുയോഗത്തിൽ എഐയുറ്റിയുസി ജില്ലാ കമ്മിറ്റി അംഗം എ.വി.ബെന്നി അദ്ധ്യക്ഷത വഹിച്ചു. സിപിഐ(എം) കൊടുങ്ങല്ലൂർ ഏരിയാ സെക്രട്ടറി പി.കെ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. സുനിൽകുമാർ (എഐടിയുസി), ഒ.എ.സുകുമാരൻ (സിഐടിയു) എന്നിവർ പ്രസംഗിച്ചു. സഖാക്കൾ എ.വി.വിനോദ്, കെ.വിരാജീവൻ, എം.എൻ.നന്ദഗോപാൽ, വി.പി.ഷിനു എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി.

പാലക്കാട് എഐയുറ്റിയുസിയുടെയും കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയന്റെയും സംയുക്ത നേതൃത്വത്തിൽ മേയ്ദിന റാലിയും പൊതുയോഗവും നടന്നു. സ്റ്റേഡിയം ബസ് സ്റ്റാന്റിനു സമീപം നടന്ന പൊതുയോഗത്തിൽ എഐയുറ്റിയുസി ജില്ലാ വൈസ് പ്രസിഡണ്ട് സഖാവ് കെ.രാമനാഥൻ അദ്ധ്യക്ഷത വഹിച്ചു. എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും ജില്ലാ പ്രസിഡണ്ടുമായ സഖാവ് കെ അബ്ദുൾ അസീസ് മേയ്ദിന സന്ദേശം നൽകിക്കൊണ്ട് പ്രസംഗിച്ചു. മഹത്തായ മേയ്ദിന പോരാട്ടത്തിലൂടെ സ്ഥാപിച്ചെടുത്ത 8 മണിക്കൂർ പ്രവർത്തിസമയമെന്ന അവകാശംപോലും മോദി സർക്കാർ കവർന്നെടുത്തിരിക്കുകയാണെന്നും ഇതിനെതിരെ തൊഴിലാളികളുടെ ഒറ്റക്കെട്ടായ പ്രക്ഷോഭണം വളർത്തിയെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ ജില്ലാ പ്രസിഡണ്ട് മുഹമ്മദ് അസ്ലം, ജില്ലാ സെക്രട്ടറി മൈക്കിൾ സ്വാമി, എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റി അംഗം കെ.എം.ബീവി എന്നിവർ പ്രസംഗിച്ചു. എഐയുടിയുസി ജില്ലാ സെക്രട്ടറി കെ.പ്രദീപ് സ്വാഗതവും കെ.കേശവൻകുട്ടി കൃതജ്ഞതയും പറഞ്ഞു. സഖാക്കൾ സി.രാജൻ, കെ.പ്രസാദ്, ശശി എന്നിവർ റാലിക്ക് നേതൃത്വം നൽകി.

എഐയുടിയുസിയുടെ നേതൃത്വത്തിൽ രാവിലെ പാലക്കാട് നഗരത്തിൽ മേയ്ദിന ബാഡ്ജും ലഘുലേഖയും തൊഴിലാളികൾക്ക് വിതരണം ചെയ്യുകയുണ്ടായി.

കോഴിക്കോട് നഗരത്തിൽ രാവിലെ മേയ്ദിന ബാഡ്ജ് വിതരണം നടന്നു. എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ, റ്റി.ജെ.ഡിക്സൺ, കെ.ടി.മനോജ്കുമാർ എന്നിവർ നേതൃത്വം നൽകി. കൊയിലാണ്ടിയിൽ വൈകുന്നേരം നടന്ന പൊതുയോഗത്തിൽ സഖാവ് എ.ശേഖർ മുഖ്യപ്രഭാഷണം നടത്തി. 8 മണിക്കൂർ തൊഴിൽ എന്ന അവകാശം പോലും തട്ടിയെടുത്തിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ മേയ്ദിനാചരണത്തിന്റെ പ്രാധാന്യം വർദ്ധിച്ചിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. സഖാക്കൾ പി.എം.ശ്രീകുമാർ, പി.കെ.മധു, സി.പ്രവീൺകുമാർ, എം.മണിദാസ് എന്നിവർ പ്രസംഗിച്ചു.

വയനാട് സുൽത്താൻ ബത്തേരിയിൽ മേയ്ദിന പ്രകടനവും പൊതുയോഗവും നടന്നു. ബസ് സ്റ്റാന്റിന് സമീപം നടന്ന പൊതുയോഗത്തിൽ എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാകമ്മിറ്റിയംഗം സഖാവ് സി.എൻ.മുകുന്ദൻ അദ്ധ്യക്ഷത വഹിച്ചു. എഐയുടിയുസി ജില്ലാ കൺവീനർ സഖാവ് പി.കെ.ഭഗത് പ്രസംഗിച്ചു. സഖാക്കൾ കെ.മധുസൂദനൻ, ദേവസ്യ പുറ്റനാൽ എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി. ●



പാലക്കാട് ടൗണിൽ നടന്ന മേയ്ദിനറാലി സഖാക്കൾ എ.അബ്ദുൾ അസീസ്, കെ.രാമനാഥൻ, മുഹമ്മദ് അസ്ലം, മൈക്കിൾ സ്വാമി, സി.രാജൻ തുടങ്ങിയവർ നയിക്കുന്നു


തൊടുപുഴയിൽ നടന്ന മേയ്ദിനറാലി


സുൽത്താൻബത്തേരിയിൽ നടന്ന മേയ്ദിനറാലിയെ സഖാവ് പി.കെ.ഭഗത് അഭിസംബോധന ചെയ്യുന്നു



മുളന്തുരുത്തിയിൽ നടന്ന സംയുക്തട്രേഡ്യൂണിയൻ മേയ്ദിനറാലി

# കശുവണ്ടി ഫാക്ടറികൾ തുറക്കാൻ സർക്കാർ ഇടപെടുക

**പൂ**ട്ടികിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറക്കാൻ സർക്കാർ ഇടപെടണമെന്നും, പൂട്ടികിടക്കുന്ന കാലയളവിൽ മുഴുവൻ തൊഴിലാളികൾക്കും ലേ ഓഫ് കോമ്പൻസേഷൻ നൽകാൻ തൊഴിലുടമകളെ സർക്കാർ ബാദ്ധ്യതപ്പെടുത്തണമെന്നും കശുവണ്ടി തൊഴിലാളി സെന്റർ ജനറൽ സെക്രട്ടറി എസ്. രാധാകൃഷ്ണൻ ആവശ്യപ്പെട്ടു.

കശുവണ്ടി തൊഴിലാളി സെന്ററിന്റെ (എഐയുടിയുസി) ആഭിമുഖ്യത്തിൽ കൊല്ലം കളക്ടറേറ്റിലേക്ക് നടത്തിയ തൊഴിലാളി മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വ്യവസായബന്ധസമിതി (ഐആർസി) തീരുമാനിച്ച മിനിമം കൂലി നിഷേധിക്കാൻ തൊഴിലുടമകളുടെ സംഘടന എടുത്ത തീരുമാനത്തിന്റെ കൂടി ഫലമാണ് ഫാക്ടറികൾ അടച്ചുപൂട്ടിയിരിക്കുന്നത്. ഇതിനെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്നും അദ്ദേഹം പറഞ്ഞു.

എസ്യുസിഐ(സി) സംസ്ഥാനകമ്മിറ്റിയംഗം ഷൈല.കെ.ജോൺ, യൂണിയൻ ജില്ലാ നേതാക്കളായ പി.പി. പ്രശാന്ത്, വി.ആന്റണി, ബി.രാമചന്ദ്രൻ, വി.ലീല തുടങ്ങിയവർ പ്രസംഗിച്ചു. യൂണിയൻ ജില്ലാ സെക്രട്ടറി ബി.വിനോദ് അദ്ധ്യക്ഷത വഹിച്ചു. ●



കൊല്ലത്തുനടന്ന കശുവണ്ടിത്തൊഴിലാളികളുടെ കളക്ട്രേറ്റ് മാർച്ച് സഖാവ് എസ്.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

# എസ്എസ്എൽസിക്കും പൊതുവിദ്യാഭ്യാസത്തിനും അന്ത്യകൂദാശ

**എസ്എസ്എൽസി റിസൽട്ട് രണ്ടാമതും പ്രഖ്യാപിക്കേണ്ടി വന്ന യുഡിഎഫ് സർക്കാർ കേരളത്തിന്റെ അഭിമാനമായിരുന്ന പൊതുവിദ്യാഭ്യാസ മേഖലയ്ക്കുണ്ടാക്കിയ കളങ്കം പറഞ്ഞറിയിക്കാനാവുന്നതല്ല. പിഴവുകളുടെ പരമ്പര സൃഷ്ടിച്ച ആദ്യ റിസൽട്ടിന്റെ തനിയാവർത്തനം തന്നെയായിരുന്നു രണ്ടാമത്തേതും. പരീക്ഷ എഴുതാത്ത കുട്ടി വിജയിക്കുന്ന മറിമായം കാണിച്ച ആദ്യറിസൽട്ടുപോലെ തന്നെ രണ്ടാമത്തെ ഫലത്തിലും തെറ്റുകളുടെ കൂമ്പാരമാണ് കണ്ടത്. ആദ്യ ഫലപ്രഖ്യാപനത്തിൽ പരീക്ഷ എഴുതാതെ വിജയിച്ച കുട്ടി രണ്ടാമത്തെ ഫലപ്രഖ്യാപനത്തിലും രക്ഷപ്പെട്ടില്ല, രണ്ട് ഗ്രേഡ് വീണ്ടും കൊടുത്തു. ആദ്യ ഫലത്തിൽ മൂന്ന് ഗ്രേഡാണ് പരീക്ഷ എഴുതാത്ത ആ കുട്ടിക്ക് ലഭിച്ചത്.**

ആദ്യ ഫലപ്രഖ്യാപനമനുസരിച്ച് വിജയശതമാനം 97.99. ഏഴാം നാൾ, രണ്ടാം പ്രഖ്യാപനം വന്നപ്പോൾ അത് 98.57 ശതമാനമായി ഉയർന്നു എന്നു മാത്രമല്ല 3143 പേർക്കുകൂടി മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് സമ്മാനിക്കുകയും ചെയ്തു. 2700 പേർ കൂടി ഉപരിപഠനത്തിന് യോഗ്യത നേടി. എന്നിട്ടും 257 പേരുടെ ഫലം സൈറ്റുകളിൽ നിന്നും അപ്രത്യക്ഷമായി. അവരുടെ ഫലം കണ്ടെത്താൻ ദിവസങ്ങളെടുത്തു.മന്ത്രി അബ്ദുറബ്ബ് ഫലം പ്രഖ്യാപിച്ചപ്പോൾ വിജയശതമാനം ഏറ്റവും കൂടുതലുള്ള റവന്യൂ ജില്ല കണ്ണൂരായിരുന്നെങ്കിൽ പുതിയ ഫലം വന്നപ്പോൾ കോഴിക്കോടും കോട്ടയവും മുന്നിലെത്തി. എന്തായാലും 1670 സ്കൂളുകളിൽ സമ്പൂർണ്ണവിജയം, ആൾ പ്രമോഷൻ. പത്രഭാഷയിൽ നൂറ് മേനി വിജയം.

സർവ്വത്ര ആശയക്കുഴപ്പങ്ങളുടെയും അവ്യക്തതകളുടെയും മധ്യത്തിൽ നടന്ന പരീക്ഷാഫലപ്രഖ്യാപനം നാണക്കേടിന്റെ പുതിയ അധ്യായമാണ് എഴുതിച്ചേർത്തത്. ഒപ്പം പ്രശ്നത്തിന്റെ മൂലകാരണങ്ങൾ അന്വേഷിക്കാൻ പൊതുസമൂഹത്തെ പ്രേരിപ്പിക്കുന്നതിനും ഇത് വഴിതെളിച്ചു.

### എവിടെയാണ് പിഴച്ചത്?

സോഫ്റ്റ് വെയറിൽ നിന്ന് സെർവ്വറിലേക്ക് മാർക്ക് അപ്‌ലോഡ് ചെയ്തതിലെ പിഴവുകളാണ് ഫലത്തിലെ അവ്യക്തതകൾക്ക് കാരണമെന്നാണ് ഔദ്യോഗിക വിശദീകരണം. അതല്ല, ഇടതനുകൂല അധ്യാപകർ മന: പൂർവ്വം റിസൽട്ട് അവതാളത്തിലാക്കാൻ ശ്രമിച്ചതാണെന്നും ആരോപണമുയർന്നു. അതിനെക്കുറിച്ചെല്ലാം സമഗ്ര അന്വേഷണം നടത്തി വസ്തുതകൾ പൊതുസമൂഹത്തെ ബോധ്യപ്പെടുത്താനുളള ചുമതല ഗവൺമെന്റിനുണ്ട്.

പക്ഷേ, പ്രശ്നം ഫലപ്രഖ്യാപനത്തിലെ പിഴവുകൾ മാത്രമാണോ ? സാങ്കേതിക തകരാറുകൾ സൃഷ്ടിച്ച കുഴപ്പങ്ങളിൽ പഴിചാരി രക്ഷപ്പെടാൻ ഭരണപക്ഷ സംഘടനകൾ ശ്രമിക്കുമ്പോൾ, അതിന്റെ പേരിൽ ഇടതുസംഘടനാ നേതാക്കളും പ്രതിപക്ഷപാർട്ടികളും വിദ്യാഭ്യാസ മന്ത്രി രാജിവയ്ക്കണമെന്ന് ആവശ്യപ്പെടുന്നു. പക്ഷേ ശ്രദ്ധേയമായ കാര്യം 98.57 ശതമാനമായി ഇത്തവണത്തെ ഫലം ഉയർന്നതെങ്ങനെ എന്ന മർമ്മപ്രധാനമായ വശം വിട്ടുകളയാനോ അതിനെ ന്യായീകരിക്കാനോ ആണ് ഭരണ-പ്രതിപക്ഷ നേതാക്കൾ ശ്രമിക്കുന്നത്.

### വിജയശതമാനം കൃത്രിമമായി ഉയർത്തിയത്

ഇടതു സർക്കാർ കേരളം ഭരിച്ച 2007 മുതൽ വിജയശതമാനം 90 ശതമാനത്തിന് മുകളിലാണ് എന്ന കാര്യം വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ഏവർക്കും അറിവുള്ളതാണ്. പുതിയ മൂല്യനിർണ്ണയ സമ്പ്രദായം അനുസരിച്ച് വിജയശതമാനം കൃത്രിമമായിട്ടാണെങ്കിലും ഉയർത്താൻ അധ്യാപകർ ബാധ്യസ്ഥരാണ്. പ്രത്യേകിച്ച് ഒരു നിർദ്ദേശവും നൽകിയിട്ടില്ലായെന്ന് മന്ത്രി വാദിക്കുമ്പോഴും മൂല്യനിർണ്ണയക്യാമ്പുകളിൽ വർഷങ്ങളായി പങ്കെടുത്തുകൊണ്ടിരിക്കുന്ന അധ്യാപകർക്കറിയാം എത്ര വ്യാജമായിട്ടാണ്, എസ്എസ്എൽസിയിൽ റിസൽട്ട് പടച്ചുണ്ടാക്കുന്നതെന്ന്. 100 മാർക്കിന്റെ പരീക്ഷയിൽ 20 മാർക്ക് നിരന്തരമൂല്യനിർണ്ണയത്തിന്റെ പേരിൽ എല്ലാവർക്കും വെറുതേയങ്ങ് കൊടുക്കുകയാണ്. ബാക്കി 10 മാർക്ക് കുട്ടി എന്തെഴുതിയാലും കൊടുക്കണം എന്ന അലിഖിത നിയമം എത്രയോ വർഷങ്ങളായി പിന്തുടർന്നു വരുന്ന ഏർപ്പാടാണ്. ഇത്തവണയും ആ ജോലി ഭംഗിയായി തന്നെ അധ്യാപകർ നിർവ്വഹിച്ചിട്ടുണ്ട്. പിന്നീട്, ടാബുലേഷൻ സമയത്തും സോഫ്റ്റ്‌വെയറിൽ ഫലം അപ്‌ലോഡ് ചെയ്യുമ്പോഴും മറ്റുമുണ്ടായ അഥവാ ഉണ്ടാക്കിയ സാങ്കേതിക തകരാറുകൾ കൃത്യമായ ഫലപ്രഖ്യാപനം അസാധ്യമാക്കി മാറ്റുകയായിരുന്നു.

അത്യുദാരമായി മൂല്യനിർണ്ണയം നടത്തി എഴുത്തുപരീക്ഷയിൽ കുട്ടിയെ വിജയിപ്പിക്കണമെന്ന നിർബന്ധ ബുദ്ധി പുതിയ പാഠ്യപദ്ധതിയുടെ വരവോടെയാണ് ആരംഭിക്കുന്നത്. ആപ്പിൾ വരയ്ക്കാനുള്ള രണ്ട് മാർക്ക് ചോദ്യത്തിന് കാശ്മീർ ആപ്പിൾ വരയ്ക്കുന്ന കുട്ടിയ്ക്ക് ഒരു മാർക്ക് കൊടുക്കുന്ന ഏർപ്പാട് ഇവിടെയുണ്ട് എന്നു പറയുമ്പോൾ, അതിലൊരു അതിശയോക്തിയുമില്ല. ആത്മവഞ്ചനാപരമായ മൂല്യനിർണ്ണയം നടത്താൻ അധ്യാപകരെ നിർബന്ധിക്കുന്ന ഒരു പാഠ്യപദ്ധതിയാണ് ഇവിടെ നിലവിലുള്ളതെന്ന് തിരിച്ചറിയണം. പ്രശ്നം മൂല്യനിർണ്ണയത്തിലെ ചില കേവല പിഴവുകളല്ല.തീർച്ചയായും മൂല്യനിർണ്ണയത്തിലെ പിഴവുകൾ പരിഹരിക്കുകയും കാലം തെളിയിച്ച മാനദണ്ഡങ്ങളനുസരിച്ച് മൂല്യനിർണ്ണയോപാധികൾ സ്വീകരിക്കുകയും വേണം. എന്നാൽ, ലോകബാങ്കിന്റെ ഡി.പി.ഇ.പി. -എസ്.എസ്. എ -ആർ.എം.എസ്.എ പദ്ധതികൾ ആൾ പ്രമോഷൻ സമ്പ്രദായത്തിന് വേണ്ടിയാണ് നിലകൊള്ളുന്നത്, ഫണ്ട് അനുവദിക്കുന്നതും അതിനുവേണ്ടി തന്നെ. അത് എസ്.എസ്.എൽ.സി.യിൽ മാത്രമല്ല, എല്ലാ ക്ലാസ്സുകളിലും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ് ഭരണാധികാരികൾ.

### ആൾപ്രമോഷൻ വൻ ഗൂഢാലോചന

ഒരു നിശ്ചിത ക്ലാസ്സിൽ നമ്മുടെ കുട്ടികൾ നിശ്ചിത അക്കാദമിക നിലവാരം ആർജ്ജിക്കണമെന്നും അത് വസ്തുനിഷ്ഠമായി പരിശോധിയ്ക്കാനും പഠിയ്ക്കാനുമായി പരീക്ഷകൾ നടത്തണമെന്നും തീരുമാനിച്ചിട്ടുള്ളത് പതിറ്റാണ്ടുകളുടെ പഠനാനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ്. എന്നാൽ എഴുത്തുപരീക്ഷകളുടെയും പരിശോധനകളുടെയും പ്രാധാന്യത്തെ പലവിധ അന്യായങ്ങൾ ഉന്നയിച്ചുകൊണ്ടാണ് പടിപടിയായി തകർക്കാൻ പുതിയ പാഠ്യപദ്ധതിയുടെ വക്താക്കൾ കരുക്കൾ നീക്കിയത്. എസ്എസ്എൽസിയ്ക്ക് റാങ്കിംഗ് പാടില്ലായെന്ന വാദത്തിൽ തുടങ്ങി എസ്എസ്എൽസിയ്ക്ക് ഒരു പൊതുപരീക്ഷ തന്നെ പാടില്ലായെന്ന ക്യാമ്പയിനിൽ അവസാനിച്ച കുപ്രചരണങ്ങൾ ആസൂത്രിതമായിരുന്നു. ഒമ്പതാം ക്ലാസ്സുവരെയുള്ള പരീക്ഷകൾ അതതു സ്കൂളുകൾ നടത്തി ഫലം പ്രഖ്യാപിക്കുന്നതിനാൽ ആൾ പ്രമോഷൻ ഒരു പൊതുപ്രശ്നമായി ചർച്ച ചെയ്യപ്പെടാറില്ല. അവശേഷിക്കുന്നത് പത്താം ക്ലാസ്സിലെ മൂല്യനിർണ്ണയം മറ്റ് അധ്യാപകർ നിർവ്വഹിക്കേണ്ടി വരുന്നുവെന്നതാണ്. അത് തടയണമെന്ന ദുഷ്ചിന്തയിൽ നിന്നാണ് പരീക്ഷയ്ക്കെതിരായ പ്രചാരണങ്ങൾ തുടങ്ങുന്നത്.

ആൾ പ്രമോഷൻ എന്ന ലോകബാങ്കിന്റെ പാഠ്യപദ്ധതി പരിഷ്ക്കരണത്തിലെ സുപ്രധാന നിബന്ധന നടപ്പിലാക്കാൻ നിലവിലുള്ള എസ്. എസ്. എൽ.സി പരീക്ഷ സമ്പ്രദായം തടസ്സമാണെന്ന് മനസ്സിലാക്കിയ പാഠ്യപദ്ധതി വക്താക്കൾ-ശാസ്ത്ര സാഹിത്യ പരിഷത്ത് മുതൽ യു.ഡി.എഫി ലെ അധ്യാപക നേതാക്കൾ വരെ ഉൾപ്പെടുന്നവർ-നൂറ് ശതമാനം വിജയത്തിന്റെ പ്രചാരകരായി രംഗത്തുവന്നു. എന്നാൽ അത് പൊതുവിദ്യാഭ്യാസ പ്രവർത്തകരോ പൊതു സമൂഹമോ അംഗീകരിയ്ക്കാൻ കൂട്ടാക്കിയില്ല. മാധ്യമങ്ങൾക്കും ദഹിയ്ക്കാൻ ബുദ്ധിമുട്ടുള്ള കാര്യമായതിനാൽ എല്ലാ വർഷവും വൻചർച്ചകൾക്കും പ്രതിഷേധങ്ങൾക്കും ഇടനൽകിയാണ് ഫലപ്രഖ്യാപനം അവസാനിക്കാറുള്ളത്. ഇത്തവണ ഫലപ്രഖ്യാപനം കൂടി കുത്തഴിഞ്ഞ രീതിയിൽ വന്നുവെന്നത് എരിതീയിൽ എണ്ണഒഴിയ്ക്കാൻ സഹായിച്ചുവെന്നുമാത്രം.

യഥാർത്ഥ പ്രശ്നം ആൾ പ്രമോഷൻ തന്നെ. അതിനായി, പരിശ്രമങ്ങൾ ദേശീയതലത്തിൽ ആരംഭിച്ചിട്ട് പതിറ്റാണ്ടുകളായി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയോഗിക്കുന്ന ചില കമ്മീഷനുകൾ ജയം-തോൽവി സമ്പ്രദായങ്ങൾക്കെതിരെ ശിപാർശകൾ സമർപ്പിക്കുന്നതും ഗൂഢോദ്ദേശ്യപരമായിരുന്നു. ആൾ പ്രമോഷൻ വന്നാൽ അക്ഷരാഭ്യാസമില്ലാത്തവരെയും കടത്തിവിടാൻ കഴിയുമല്ലോ. ഒരു ഘട്ടത്തിലും കുട്ടികൾ എന്തെങ്കിലും പഠിച്ചുമുന്നേറാനുള്ള അവസരം ഉണ്ടാകില്ലായെന്ന് ഉറപ്പാക്കാനാണ് ഭരണാധികാരികൾ എല്ലായിടത്തും ഈ കുത്തഴിഞ്ഞ ഏർപ്പാടിന് വേണ്ടി മുറവിളികൂട്ടുന്നത്.

### ദേശീയ വിദ്യാഭ്യാസാവകാശ നിയമവും ആൾപാസ് നിർബന്ധമാക്കി.

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ രംഗത്തെ വിനാശകരമായ മാറ്റങ്ങൾക്ക് കാരണമായ ലോകബാങ്കിന്റെ ഡിപിഇപി-എസ്എസ്എ പ്രോജക്ടുകൾ നടപ്പിലാക്കാനായി കർശനമായി ആവശ്യപ്പെട്ട നിബന്ധനകളിലൊന്ന്. ആൾപാസ് സിസ്റ്റവും പുതിയ മൂല്യനിർണ്ണയ സമ്പ്രദായവും 2009-ലെ കേന്ദ്ര യുപിഎ സർക്കാർ നിയമം മൂലം നടപ്പാക്കാനാണ് ആർടിഇ ആക്ട് 2009 പാർലമെന്റിൽ പാസ്സാക്കിയെടുത്തത്. അതു പ്രകാരം ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടി എട്ടാംതരംവരെയും ഒന്നുമറിയില്ലെങ്കിലും പാസ്സാവും. കേരളത്തിലത് ഒമ്പതു പത്തു ക്ലാസ്സുകളിലും കൂടി നടപ്പാക്കി രാജാവിനെക്കാൾ വലിയ രാജഭക്തി കാണിച്ച 'ഇടതുദിവ്യന്മാർ' നമ്മുടെ ബൗദ്ധിക വളർച്ചയെ തടയാനായി സാമ്രാജ്യത്വശക്തികൾ ആവിഷ്ക്കരിച്ച ഒരു പദ്ധതിയ്ക്ക് കേരള മണ്ണിൽ വേരോട്ടമുണ്ടാക്കി കാണിച്ചുകൊടുക്കുകയായിരുന്നു.

അതോടൊപ്പം പൊതുവിദ്യാലയങ്ങളുടെ സ്വകാര്യവൽക്കരണത്തെ ത്വരിതപ്പെടുത്താനും ആ നടപടികൾ ഇടയാക്കി. ഉദാരമായ മാർക്ക് ദാനത്തിലൂടെ കുട്ടികളെ വെറുതെ കടത്തിവിടാൻ കൂട്ടുനിൽക്കുന്ന അധികാരികളുടെ പൊതുവിദ്യാഭ്യാസ നയത്തിനെതിരെ രക്ഷിതാക്കൾ രംഗത്തുവന്നിട്ടും നയം മാറ്റാൻ എൽഡിഎഫ്, യുഡിഎഫ് മുന്നണികൾ തയ്യാറായില്ല. അതിനെത്തുടർന്നാണ് പൊതുവിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് വർദ്ധിച്ചതും 'അൺ-എക്കണോമിക്' സ്കൂളുകളുടെ എണ്ണം പെരുകിയതും.കേന്ദ്ര ഗവൺമെന്റിന് വേണ്ടതും അതു തന്നെയായിരുന്നു. സർക്കാർ, എയിഡഡ് വിദ്യാലയങ്ങളുടെ സ്ഥാനത്ത് സ്ഥിരപ്രതിഷ്ഠമായ ഒരു സ്വകാര്യ വിദ്യാലയ ശൃംഖല സൃഷ്ടിച്ചിട്ടു സർക്കാർ പിന്മാറുക എന്ന ആഗോള അജണ്ട നടപ്പാക്കാൻ വിദ്യാഭ്യാസ അവകാശ നിയമം എന്ന മുഖം മൂടിയണിയാൻ, അങ്ങനെ കേന്ദ്ര മന്ത്രി കപിൽ സിബലും സംഘവും തീരുമാനിച്ചതിന്റെ ഫലമാണ് RTE-2009 വരുന്നത്.

കേരള സർക്കാർ മാത്രമല്ല, കേന്ദ്ര സർക്കാരും ലോകബാങ്കും വിദ്യാലയങ്ങളിലെ എഴുത്തുപരീക്ഷയെ ഒരേ പോലെ ഭയക്കുന്നുവെന്നതാണ് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം. അതുകൊണ്ടാണല്ലോ കേരളത്തിന്റെ പൊതുവിദ്യാഭ്യാസാടിത്തറ മാന്തിയ ഒരു നയം ദേശീയ വിദ്യാഭ്യാസ അവകാശ നിയമമായി ഏവരും ഒത്തുചേർന്ന് കെട്ടിയെഴുന്നള്ളിക്കുന്നത്.

### നോ ഡിറ്റൻഷൻ ഭരണകൂടം ആവിഷ്ക്കരിച്ച പദ്ധതി

ഡി.പി.ഇ.പി മുതൽ അരങ്ങേറിയ എല്ലാ വിദ്യാഭ്യാസ പരീക്ഷണങ്ങളിലും കണ്ട ഒരു പ്രത്യേകത പരീക്ഷാ സമ്പ്രദായത്തിന്റെ വ്യർത്ഥതയെക്കുറിച്ച് വിലപിക്കുന്ന പാഠ്യപദ്ധതി വക്താക്കളെയാണ്. പരിഷ്ക്കാരങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ അവകാശ നിയമം വന്നപ്പോഴും ഒന്നാം ക്ലാസ്സുമുതൽ 8-ാം ക്ലാസ്സ് വരേയും ആൾ പ്രമോഷൻ നിയമത്തിന്റെ ഭാഗമായി. അക്ഷരജ്ഞാനം നൽകാതെ ക്ലാസ്സുകളിൽ നിന്ന് ക്ലാസ്സുകളിലേക്ക് കയറ്റം നൽകാൻ വിദ്യാഭ്യാസ വകുപ്പ് പ്രത്യേകം നിഷ്ക്കർഷിക്കുന്നുണ്ട്. കേരളത്തിൽ പ്രാഥമിക ക്ലാസ്സുകളിൽ വർഷങ്ങളായി ഈ സമ്പ്രദായം നിലവിൽ വന്നിട്ട്. സി.ബി.എസ്.ഇ വിദ്യാലയങ്ങളിലും ഇപ്പോൾ 8-ാം ക്ലാസ്സുവരെയും ആൾ പ്രമോഷനാണ്. നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയമെന്ന പേരിലുള്ള അമൂർത്തമായ പരിശോധനയുടെ മറയിൽ ടേം പരീക്ഷകളും വാർഷിക പരീക്ഷകളും അപ്രസക്തമാക്കുക വഴി മഹാഭൂരിപക്ഷം കുട്ടികൾക്കും പഠനത്തോടുള്ള ഗൗരവസമീപനം നഷ്ടമായിരിക്കുന്നു. പ്രത്യേകമായി പഠിച്ചില്ലെങ്കിലും ക്ലാസ്സ് കയറ്റം ഉറപ്പായതിനാൽ ശ്രദ്ധാപൂർവ്വം പഠിക്കുക എന്ന ആവശ്യകത മിക്കവർക്കും തോന്നാതെയായി. മനഃപാഠം പഠിക്കരുതെന്ന കർശന നിർദ്ദേശം കൂടി പുതിയ പാഠ്യപദ്ധതിയുടെ വക്താക്കൾ അടിച്ചേൽപ്പിച്ചപ്പോൾ, കുട്ടികൾ ഒഴിഞ്ഞ പാത്രമായി. മനസ്സിൽ ഒന്നും ഉറയ്ക്കുന്നില്ല. ഉറയ്ക്കാൻ അനുവദിയ്ക്കാത്തവണ്ണം ചിന്നിച്ചിതറിയ ചിന്തകൾ ഒരു വ്യവസ്ഥയുമില്ലാതെ പ്രദാനം ചെയ്യുന്ന ഏർപ്പാടായി ക്ലാസ്സ് മുറിയിലെ വിദ്യാഭ്യാസം.

താഴ്ന്ന ക്ലാസ്സുകളിൽ പഠിക്കേണ്ട ശരിയായ പാഠങ്ങൾ, ചിട്ടയായ പ്രവർത്തനങ്ങൾ, കൃത്യമായ എഴുത്ത് പരീക്ഷകൾ എന്നിവയൊന്നും കുട്ടികൾക്ക് ലഭിക്കുന്നില്ല. എസ്എസ്എൽസിയിൽ എത്തുന്ന നല്ലൊരു ശതമാനത്തിനും മലയാള ഭാഷയിൽ അടിത്തറ നഷ്ടപ്പെട്ടുപോയി, രക്ഷിതാക്കളുടെ പ്രത്യേക ഇടപെടലിലൂടെ ഹോം ട്യൂഷനും മറ്റും നൽകിയാണ് ഒരു വിഭാഗം വിദ്യാർത്ഥികളുടെ നിലവാരം സംരക്ഷിക്കപ്പെട്ടുപോരുന്നത്.

പക്ഷേ, അതുകൊണ്ടും സർക്കാരിന്റെ പരീക്ഷാ നയം മാറിയിട്ടില്ല. പരീക്ഷ ഒരു പീഡനമാണെന്നും പരീക്ഷാഭയം അകറ്റാൻ ആരും തോൽക്കാത്ത ആൾപ്രമോഷൻ സമ്പ്രദായം കൊണ്ടുവരണമെന്നും വക്താക്കൾ പ്രചരിപ്പിച്ചു. മാർക്കിംഗ് സമ്പ്രദായം മിക്കവാറും ഉപേക്ഷിച്ച മട്ടാണ്. ഇപ്പോൾ ഗ്രേഡിംഗ് സമ്പ്രദായമാണ് മുന്നിൽ. എസ്എസ്എൽസിയിൽ ഫലം മുൻകൂർ തീരുമാനിയ്ക്കാൻ ഇപ്പോൾ അധികാരികൾക്കു കഴിയുന്ന നിലയിലാണ്.

### അടിസ്ഥാനരഹിതമായ വാദങ്ങൾ

വിദ്യാർത്ഥികൾക്കു പരീക്ഷ ഭയമാണെന്ന വാദത്തിന് യാതൊരു അടിസ്ഥാനവുമില്ല. മെച്ചപ്പെട്ട പാഠ്യസമ്പ്രദായമുണ്ടെങ്കിൽ, സിലബസും പാഠപുസ്തകങ്ങളും നിലവാരം പുലർത്തുമെങ്കിൽ, നല്ല ഉള്ളടക്കമുള്ള പാഠപുസ്തകങ്ങളും ബോധന സമ്പ്രദായങ്ങളും ആവിഷ്ക്കരിക്കുമെങ്കിൽ ഒരു പ്രശ്നവുമില്ല. മെച്ചപ്പെട്ട ഫലം ഉണ്ടാകുകതന്നെ ചെയ്യും. എത്രയോ പതിറ്റാണ്ടുകളായി നമ്മുടെ നാട്ടിൽ പഠനവും പരീക്ഷയുമുണ്ട്. ആ പരീക്ഷകൾ എഴുതിയവരിൽ പലരും പിൽക്കാലത്ത് ഉന്നത സ്ഥാനങ്ങളിൽ എത്തിയിട്ടുമുണ്ട്. എന്നാൽ പുതിയ പാഠ്യപദ്ധതിക്കാർ നടത്തുന്ന പരീക്ഷ ഒരു വകയാണ്. യാതൊരു ഗൗരവ സ്വഭാവവും അതിനില്ല, അതിലളിതവത്ക്കരിക്കപ്പെട്ട, യുക്തിരഹിതമായ ചോദ്യങ്ങൾ ഉൾപ്പെടുത്തിയാണ് അവർ പരീക്ഷ നടത്തുന്നത്. അമൂർത്തമാണ് ചോദ്യോത്തരങ്ങൾ. യഥാർത്ഥത്തിൽ വിദ്യാഭ്യാസത്തെ കളിയാക്കുകയാണ് എസ്എസ്എ, ആർഎംഎസ്എ പാഠ്യക്രമങ്ങൾ.

ആ വക കാര്യങ്ങൾ ഒരു സൂക്ഷ്മ വിശകലനത്തിന് വിധേയമാക്കിയാൽ ഒരു കാര്യം കൂടി വ്യക്തമാവും. അതൊന്നും യാദൃശ്ചികമല്ലായെന്ന കാര്യം. സാമ്രാജ്യത്വ ശക്തികളുമായി ഒത്തുചേർന്നാണ് ദേശീയതലത്തിലേയും കേരളത്തിലേയും വിദ്യാഭ്യാസ

(ശേഷം 11-ാം പേജിൽ)

# വിജയംവരിച്ച ഗവേഷണ വിദ്യാർത്ഥി സമരം

ഹോസ്റ്റൽ മുറി ആവശ്യപ്പെട്ട് ഗവേഷണ വിദ്യാർത്ഥിനികൾ കാലടി ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റിയിൽ നടത്തിയ സമരം വിജയംവരിച്ചു. സമരത്തിനു തുടക്കംകുറിച്ച സുനു എസ്.എൽ ഉൾപ്പെടെയുള്ളവർക്ക് ഹോസ്റ്റൽമുറികൾ ലഭിച്ചു. പൂർണ്ണ ലേഡീസ് ഹോസ്റ്റലിലെ അടച്ചിട്ട മുറികൾ എല്ലാം തുറന്ന് അർഹരായവർക്കു നൽകിക്കൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കിയതായി വൈസ്ചാൻസലർ നിരാഹാര സമരം നടക്കുന്നിടത്ത് നേരിട്ടെത്തി അറിയിച്ചു. ഡിമാന്റ് നേടിയെടുത്തതിനെ തുടർന്ന് ഗവേഷകർ നടത്തിവന്ന നിരാഹാര സമരം അവസാനിപ്പിച്ചു. അഞ്ചാം ദിവസം നിരാഹാരം നടത്തിയ ആർഎസ്എ വൈസ്ചെയർപേഴ്സൺ അനുരാജി പി.ആറിന് ഡിആർഎസ്ഒ സംസ്ഥാന കൺവീനർ എം.പ്രദീപൻ നാരങ്ങാനീരു നൽകിയാണ് നിരാഹാര സമരം അവസാനിപ്പിച്ചത്.

തുടർന്ന് ഗവേഷകർ കാലടി ടൗണിൽ വിജയാഹ്ലാദപ്രകടനം നടത്തി. അതിനുശേഷം യൂണിവേഴ്സിറ്റിയുടെ പ്രധാനകവാടത്തിൽ നടന്ന യോഗത്തിൽ വിവിധ സംഘടനാ പ്രതിനിധികൾ സമരപ്രവർത്തകർക്ക് അഭിവാദ്യങ്ങൾ അറിയിച്ചു. എഐഎസ്എഫ് സംസ്ഥാന പ്രസിഡന്റ് അരുൺ യോഗം ഉദ്ഘാടനം ചെയ്തു. എഐഡിഎസ്ഒ സംസ്ഥാനപ്രസിഡന്റ് അഡ്വ.ഇ.എൻ.ശാന്തിരാജ് സമരത്തിൽ അറസ്റ്റുവരിച്ച 23 ഗവേഷണ വിദ്യാർത്ഥിനികളെ ഹാരമണിയിച്ച് അനുമോദിച്ചു. ന്യായമായ ഡിമാന്റും ശരിയായ നേതൃത്വവും വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തവുമുള്ളതുകൊണ്ടാണ് സമരം വിജയിച്ചത്. ഈ വിജയം മറ്റ് ക്യാമ്പസ്സുകൾക്കും പൊതുസമൂഹത്തിനുമൊരു പാഠമാണ്- അഡ്വ.ശാന്തിരാജ് പറഞ്ഞു. ഡിആർഎസ്ഒ സംസ്ഥാന കൺവീനർ എം.പ്രദീപൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കാലടി ലോക്കൽ സെക്രട്ടറി സഖാവ് പി.പി.അഗസ്റ്റിൻ, കേരള മഹിളാ സംഘം നേതാവ് വനജാ സദാനന്ദൻ, സിപിഐ കാലടി ലോക്കൽ സെക്രട്ടറി എം.പി.മണി, എഐഎസ്എഫ് ജില്ലാ സെക്രട്ടറി ഗോകുൽദാസ്, എഐഎസ്എ പ്രതിനിധി മനോജ് മാധവൻ, ആർഎസ്എ പ്രതിനിധികൾ രമ്യാരാജ്, അമൽ സി.രാജൻ എന്നിവർ പ്രസംഗിച്ചു. ആർഎസ്എ കൺവീനർ അലീന എസ്. അദ്ധ്യക്ഷത വഹിച്ചു. ശ്രീദേവി പി.എസ് സ്വാഗതവും ധന്യ ഇല്ലത്ത് കൃതജ്ഞതയും പറഞ്ഞു.

അർഹരായ അനേകം ഗവേഷകർ ഭീമമായ വാടകകൊടുത്ത് പുറത്തു താമസിക്കുമ്പോഴും ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റിയിലെ പൂർണ്ണ റിസർച്ച് ഹോസ്റ്റലിലെ ആറു മുറികൾ ഒരു വർഷത്തിലേറെയായി പൂട്ടിക്കിടക്കുകയായിരുന്നു. ഈ മുറികൾ അർഹരായവർക്ക് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിദ്യാർത്ഥികൾ നിരന്തരം സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ഏപ്രിൽ 23 ന് വി.സി.അനുകൂലമായി ഓർഡർ ഇറക്കിയിരുന്നു. എന്നാൽ, ഈ ഓർഡർ നടപ്പിലാക്കുവാൻ അധികാരികൾ വിമുഖത കാണിച്ചതിനെ തുടർന്ന് ഹിന്ദി വിഭാഗം ഗവേഷകസുനു എസ്.എൽ. ആരംഭിച്ച സത്യാഗ്രഹ സമരത്തിൽ മറ്റ് ഗവേഷകരും റിസർച്ച് സ്കോളേഴ്സ് അസോസിയേഷനും പങ്കുചേരുകയായിരുന്നു.

സമരത്തെ ഒരു ഘട്ടത്തിലും ജനാധിപത്യപരമായി സമീപിക്കുവാൻ യൂണിവേഴ്സിറ്റി അധികാരികൾ തയ്യാറായില്ല. മറിച്ച്, സമരം ചെയ്ത 23 ഗവേഷണ വിദ്യാർത്ഥിനികളെ അറസ്റ്റ് ചെയ്ത് ജാമ്യമില്ലാവകുപ്പ് ചുമത്തി ജയിലിലടയ്ക്കുവാനാണ് രജിസ്ട്രാർ തുനിഞ്ഞത്. രാത്രി പതിനൊന്നുമണിവരെ കസ്റ്റഡിയിൽവെച്ച പെൺകുട്ടികൾക്ക് മജിസ്ട്രേറ്റ് ജാമ്യമനുവദിച്ചതിനെത്തുടർന്ന്, മജിസ്ട്രേറ്റിന്റെ വസതിക്കുസമീപം (യാതൊരു വാഹനസൗകര്യവുമില്ലാത്ത ഉൾനാടൻ ഗ്രാമപ്രദേശത്ത്) പാതിരാത്രിയിൽ ഉപേക്ഷിച്ച് പോലീസ് കടന്നുകളഞ്ഞു. മാത്രമല്ല, ഹോസ്റ്റൽ പ്രവേശനത്തിനുള്ള പ്രയോറിറ്റി ലിസ്റ്റിൽ ക്രമക്കേടുകൾ നടത്തി സമരം ചെയ്തവർക്ക് ഒരിക്കലും മുറി അനുവദിക്കില്ലെന്ന നിലപാടും അധികാരികൾ സ്വീകരിച്ചു. തുടർന്ന് യൂണിവേഴ്സിറ്റി അഡ്മിനിസ്ട്രേഷൻ ബ്ലോക്കിനു മുൻപിൽ ആർഎസ്എയുടെ നേതൃത്വത്തിൽ ഗവേഷകർ അനിശ്ചിതകാല റിലേ നിരാഹാര സമരം ആരംഭിച്ചത്. ഇതേ തുടർന്നാണ് സമരത്തിന്റെ 5-ാം ദിവസം നേരിട്ട് സമരസ്ഥലത്ത് എത്തുവാൻ വൈസ്ചാൻസലർ നിർബന്ധിതനാകുകയും ഡിമാന്റുകൾ അംഗീകരിക്കുകയും ചെയ്തത്.

എഐഡിഎസ്ഒ എറണാകുളം ജില്ലാ സെക്രട്ടറി രശ്മി രവി, സംസ്ഥാനകമ്മിറ്റിയംഗം അഖിൽമുരളി, ഡിആർഎസ്ഒ കൺവീനർ എം.പ്രദീപൻ, എസ്‌യുസിഐ(സി) ലോക്കൽ സെക്രട്ടറി പി.പി.അഗസ്റ്റിൻ, ലോക്കൽ കമ്മിറ്റിയംഗം പി.വി.രജീഷ് എന്നിവർ നിരാഹാര സമരത്തിന് അഭിവാദ്യമർപ്പിച്ചിരുന്നു. അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനാ ജില്ലാ നേതാക്കളായ വി.പി.ബിന്ദു, കാഞ്ചനവല്ലി തുടങ്ങിയവർ പോലീസ് സ്റ്റേഷനിലെത്തി, അറസ്റ്റുവരിച്ച ഗവേഷകരെ സന്ദർശിക്കുകയും പിന്തുണ അറിയിക്കുകയും ചെയ്തിരുന്നു. ●



എഐഡിഎസ്ഒ സംസ്ഥാനപ്രസിഡന്റ് അഡ്വ.ഇ.എൻ.ശാന്തിരാജ് വിദ്യാർത്ഥിനികളെ അഭിവാദ്യം ചെയ്യുന്നു

# എസ്എസ്എൽസി വിജയശതമാനം -അടിസ്ഥാനരഹിതമായ വാദങ്ങൾ

(പേജ് 10-ൽ നിന്ന്)

പരിഷ്ക്കാരങ്ങൾ മുന്നേറുന്നത്. ആഗോളമായി രൂപപ്പെടുത്തുന്ന അജണ്ടകൾ അവർ കൊണ്ടുവരുന്ന പദ്ധതികളിലൂടെ കൃത്യമായി നടപ്പാക്കപ്പെടുന്നു. രണ്ടു പതിറ്റാണ്ടുകാലത്തെ കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്യുന്നവർക്ക് ഇതെളുപ്പം മനസ്സിലാക്കാവുന്നതാണ്. നമ്മുടെ പാഠപുസ്തകങ്ങളിൽ, സ്കൂൾ സിലബസ്സിൽ പരിമിതമായ അളവിലെങ്കിലും അന്തർലീനമായിരുന്ന ശാസ്ത്ര ഭാഗങ്ങൾ, മാനവീകാംശങ്ങൾ എല്ലാം തുടച്ചുനീക്കപ്പെട്ടിരിക്കുന്നു. കുട്ടികളെ മനുഷ്യരായി വളർത്താൻ സഹായിക്കുന്ന യാതൊന്നും വിദ്യാഭ്യാസ സിലബസ്സുകളിലില്ലായെന്നതാണവസ്ഥ. കേരള സിലബസ്സിൽ മാത്രമല്ല, സിബിഎസ്ഇ ഉൾപ്പെടെയുള്ള ഇതര സിലബസ്സുകളിലും സ്ഥിതി വ്യത്യസ്തമല്ല.

എന്നാൽ പാഠ്യപദ്ധതി പരിഷ്ക്കാരത്തിന്റെ കെടുതികൾ ഏറ്റവുമധികം അനുഭവിക്കേണ്ടിവന്നത് സ്റ്റേറ്റ് സിലബസ്സിലെ വിദ്യാർത്ഥികൾക്കാണ്. എല്ലാം കുത്തഴിഞ്ഞ സ്ഥിതിയിലെത്തിയത് രണ്ട് ദശാബ്ദക്കാലത്തെ പൊളിച്ചെഴുത്തുകൾക്കു ശേഷമാണ്. ഗുണനിലവാരമുള്ള പാഠ്യപദ്ധതി എന്ന പേരിൽ വന്ന പഠനക്രമം നിലവിലുണ്ടായിരുന്ന ഗുണങ്ങളെക്കൂടി തൂത്തെറിയുന്നതിലാണ് കലാശിച്ചത്. തൽഫലമായി, ആശങ്കാകുലരായ രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ മറ്റ് സിലബസ്സുകളിലേക്ക്- കഴുത്തറുപ്പൻ സ്വകാര്യ വിദ്യാലയങ്ങളിലേക്ക് അയയ്ക്കാൻ നിർബന്ധിതരായി തീരുകയാണുണ്ടായത്. അതിലൂടെ സർക്കാർ, എയിഡഡ് വിദ്യാലയങ്ങൾ അനാകർഷകമായി. 5137 'അനാദായകരമായ' വിദ്യാലയങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയിൽ കഴിയുകയാണിപ്പോൾ. വർഷം പ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന കൊഴിഞ്ഞുപോക്ക് തടയാൻ എൽഡിഎഫ്-യുഡിഎഫ് സർക്കാരുകൾ ഒരു നടപടിയുമെടുത്തില്ല. പകരം, ലോകബാങ്ക് വച്ചുനീട്ടിയ പാഠ്യപദ്ധതിയുടെ വക്താക്കളായി ആൾപ്രമോഷൻ ഉൾപ്പെടെയുള്ള വിധ്വംസക പരിഷ്ക്കാരങ്ങളുടെ നടത്തിപ്പുകാരായി നടക്കുകയായിരുന്നു രണ്ടു കൂട്ടരും. അപ്പോൾ അബ്ദുറബ്ബിന്റെയോ എം.എ.ബേബിയുടെയോ മാത്രം നയമല്ല അതെന്നും അത് ഇൻഡ്യൻ ഭരണ വർഗ്ഗം ജനങ്ങൾക്ക് വിദ്യാഭ്യാസം നിഷേധിക്കാനായി രൂപപ്പെടുത്തിയ പരിപാടിയാണെന്നും വ്യക്തമാവുന്നു.

ഇതിന്റെ കൂട്ടത്തിൽ, കേരളത്തിലെ യു.ഡി.എഫ് സർക്കാരിന് മറ്റ് ചില നിക്ഷിപ്ത താൽപര്യങ്ങളും കൂടിയുണ്ട്. അത് നേരിട്ടുള്ള കച്ചവട താൽപര്യങ്ങളാണ്. എസ്.എസ്.എൽ.സി. പാസ്സായ കുട്ടികളെക്കാൾ കൂടുതൽ പ്ലസ് ടു അനുവദിച്ചുകൊണ്ട് നിയമനത്തിൽ കോഴയും കമ്മീഷനും ഈടാക്കുക എന്ന സാമ്പത്തിക താൽപര്യമാണത്. കഴിഞ്ഞ അധ്യയനവർഷം 35,000 സീറ്റുകൾ ഒഴിഞ്ഞു കിടക്കുമ്പോഴാണ് ഇത്തവണ 700 അധിക ബാച്ചുകൾ കൂടി അനുവദിച്ചുകൊണ്ട് കച്ചവടത്തിന്റെ വാതിലുകൾ മലർക്കെ തുറന്നിട്ടുകൊടുത്തത്. യോഗ്യതയില്ലെങ്കിലും എല്ലാവർക്കും ഉപരിപഠനസാധ്യതകൾ തുറന്നുകൊടുക്കുന്നത് വിദ്യാഭ്യാസ താൽപര്യമല്ല, കറകളഞ്ഞ വാണിജ്യതാൽപര്യങ്ങൾ മാത്രമാണെന്ന കാര്യവും വ്യക്തമാണ്.

**കുത്തഴിഞ്ഞ പാഠ്യപദ്ധതിയ്ക്കും മൂല്യനിർണ്ണയ സമ്പ്രദായത്തിനുമെതിരെ അണിനിരക്കുക**

അങ്ങനെ സർവ്വാർത്ഥത്തിലും വിദ്യാഭ്യാസ മൂല്യങ്ങളുടെ ശോഷണവും തകർച്ചയും അഭിമുഖീകരിയ്ക്കുകയാണ് കേരള സംസ്ഥാനം. ഭരണഘടന ഉറപ്പുനൽകുന്ന വിദ്യാഭ്യാസ അവകാശമൊക്കെ കടലാസ്സിലുറങ്ങുമ്പോൾ, പൗരൻ പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിയ്ക്കാതെ തെരുവിൽ അലയുന്ന സ്ഥിതിയിലാണ്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നവരുടെ വിജയശതമാനം കുതിച്ചുയരുമ്പോഴും പഠനനിലവാരം കുത്തനെ ഇടിഞ്ഞുതാണുകൊണ്ടിരിക്കുന്നു. അതിനെതിരെ ശബ്ദിക്കാൻ ബൗദ്ധിക കേരളം മുന്നോട്ടുവരുന്നുവെന്നത് ശുഭപ്രതീക്ഷ നൽകുന്നു. സേവ് എജ്യൂക്കേഷൻ പ്രസ്ഥാനം നടത്തുന്ന വിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസ-അധ്യാപക-സാഹിത്യ-സാംസ്കാരിക മണ്ഡലങ്ങളിലെ അത്യുന്നത വ്യക്തിത്വങ്ങൾ പങ്കെടുക്കുന്നുണ്ട്. ദേശീയ തലത്തിൽ മോദിസർക്കാരിന്റെ വർഗ്ഗീയവൽക്കരണ നയങ്ങൾക്കും കോർപ്പറേറ്റ് നയങ്ങൾക്കുമെതിരെയെന്നപോലെ സാമ്രാജ്യത്വ പദ്ധതികളായ ഡിപിഇപി-എസ്എസ്എ, പദ്ധതികൾക്കും സ്വകാര്യവൽക്കരണ അജണ്ടകൾക്കും എതിരായി ഉയർന്നു വരുന്ന പ്രക്ഷോഭങ്ങളെ ശക്തിപ്പെടുത്തുകയാണ് ഇനി ആദ്യം ചെയ്യേണ്ടത് . ●

# സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെ വയനാട് ജില്ലാ വനിതാ കൺവൻഷൻ

സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെ




വനിതാ കൺവൻഷൻ കസ്തൂരിഭായി ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു

വയനാട് ജില്ലാ വനിതാ കൺവൻഷൻ നടന്നു. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾക്കും, വർഗ്ഗീയതയ്ക്കും, അന്ധവിശ്വാസങ്ങൾക്കും, തൊഴിലവകാശനിഷേധങ്ങൾക്കും, മദ്യവിപത്തിനുമെതിരെ....സ്ത്രീകൾ എന്ന മുദ്രാവാക്യമുയർത്തി അഖിലേന്ത്യാ മഹിളാ സാംസ്ക്കാരിക സംഘടനയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ നടന്ന സംസ്ഥാന വനിതാ സമ്മേളനത്തിന്റെ ഭാഗമായിട്ടായിരുന്നു വയനാട് ജില്ലാ വനിതാ കൺവൻഷൻ.

മേയ് 2ന് സുൽത്താൻ ബത്തേരിയിൽ വച്ച് നടന്ന കൺവൻഷൻ കുപ്പാടി ഗവ. ഹൈസ്കൂൾ പ്രധാന അദ്ധ്യാപികയും എഴുത്തുകാരിയുമായ കസ്തൂരിഭായി ടീച്ചർ ഉദ്ഘാടനം ചെയ്തു. ഉന്നതമായ ആശയത്താൽ കരുത്താർജിച്ച് സാമൂഹ്യമാറ്റത്തിന് വേണ്ടി പ്രവർത്തിക്കുമ്പോൾ മാത്രമേ സ്ത്രീകൾ യഥാർത്ഥ സ്വാതന്ത്ര്യം കൈവരിക്കുയുള്ളൂവെന്ന് അവർ പറഞ്ഞു. സ്ത്രീകളെ കേവലം കച്ചവടവസ്തുവായി കാണുന്ന തരത്തിലുള്ള പരസ്യങ്ങളും മറ്റു പ്രചരണങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ സ്വന്തം ശക്തി തിരിച്ചറിഞ്ഞുകൊണ്ട് സ്ത്രീകൾ കൂടുതൽ ജാഗ്രത പുലർത്തണമെന്നും അതിക്രമങ്ങൾക്കെതിരെ ഒറ്റക്കെട്ടായി രംഗത്തിറങ്ങണമെന്നും അവർ തുടർന്നു പറഞ്ഞു.

ജില്ലാ സെക്രട്ടറി എം.എ.പുഷ്പ അദ്ധ്യക്ഷത വഹിച്ചു. എ.ഐ.എം.എസ്.എസ് സംസ്ഥാന വൈസ് പ്രസിഡണ്ട് എസ്.രാധാമണി മുഖ്യ പ്രഭാഷണം നടത്തി. ഡോ.വി.സത്യാനന്ദൻ നായർ, അഡ്വ.കാദിരി അബ്ദുറഹമാൻ, അനു ശ്രീജിഷ്, സുധ ജയപ്രകാശ്, ബിന്ദു, ടോമി വടക്കുംചേരി, വി.കെ.സദാനന്ദൻ തുടങ്ങിയവർ പ്രസംഗിച്ചു. ●

# ഭൂകമ്പം നാശംവിതച്ച നേപ്പാളിൽ എം.എസ്.സി മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നു




കാഠ്മണ്ഡുവിന് സമീപം എംഎസ്സി നിർമ്മിച്ചിരിക്കുന്ന ബേസ് ക്യാമ്പ്. ഡോ.അംശുമാൻ മിത്ര രോഗികളെ പരിശോധിക്കുന്നു

ഡോക്ടർമാരും നഴ്സുമാരും പാരാമെഡിക്കൽ സ്റ്റാഫും ആരോഗ്യപ്രവർത്തകരുമടങ്ങുന്ന, അഖിലേന്ത്യാതലത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനയാണ് മെഡിക്കൽ സർവ്വീസ് സെന്റർ(MSC). പ്രകൃതിക്ഷോഭങ്ങളും ദുരന്തങ്ങളുമുണ്ടാകുമ്പോൾ സേവന സന്നദ്ധമായി സംഘടന കുതിച്ചെത്തുന്നു. ഉത്തരാഖണ്ഡിലും പിന്നീട് കാഷ്മീരിലും പേമാരിയും വെള്ളപ്പൊക്കവും മണ്ണിടിച്ചിലും മറ്റും മൂലം വലിയ ദുരന്തങ്ങളുണ്ടായപ്പോൾ എല്ലാ വൈതരണികളെയും അതിജീവിച്ച് ദ്രുതഗതിയിൽ മെഡിക്കൽ ക്യംപുകൾ തുറന്നുകൊണ്ട് എംഎസ്സി അനുഷ്ഠിച്ച സേവനം അനേകായിരങ്ങൾക്ക് ആശ്വാസമായി. മാസങ്ങൾ നീണ്ടുനിന്ന ക്യാമ്പുകളിൽ രാജ്യത്തിന്റെ നാനാഭാഗത്തുനിന്നുള്ള പ്രഗത്ഭരായ ഡോക്ടർമാരുടെ സേവനം സംഘടന ഉറപ്പാക്കി.

നേപ്പാളിനെ പിടിച്ചുലച്ച ഭൂകമ്പങ്ങളിൽ വിലപ്പെട്ട അനേകം മനുഷ്യജീവൻ പൊലിഞ്ഞു എന്നത് മാത്രമല്ല, അനേകായിരങ്ങൾക്ക് മുറിവേൽക്കുകയും വലിയ നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്തു. ഒട്ടും വൈകാതെ എസ്‌യുസിഐ(സി)യുടെ സഹായത്തോടെ എംഎസ്സി അങ്ങോട്ട് മെഡിക്കൽ സംഘങ്ങളെ അയച്ചു. ഡോക്ടർ സുശോവൻ ഘോഷിന്റെ നേതൃത്വത്തിൽ എട്ടു പേരടങ്ങുന്ന ആദ്യ സംഘം മേയ് 9 നു തന്നെ പ്രവർത്തനം ആരംഭിച്ചു. ഡോക്ടർ അംശുമാൻ മിത്രയുടെ നേതൃത്വത്തിലുള്ള 9 അംഗ സംഘം മേയ് 13ന് പ്രവർത്തനം തുടങ്ങി. ഡോക്ടർ തപൻ ബിശ്വാസിന്റെ നേതൃത്വത്തിലുള്ള മൂന്നാമത്തെ സംഘം മേയ് 16ന് എത്തിച്ചേർന്നു. വിവിധ സ്ഥലങ്ങളിലായാണ് ഈ ക്യാമ്പുകൾ പ്രവർത്തിച്ചത്. സേനാചൗനി, സ്വയംഭൂ, ചാപ്പാഗാവോൺ, ചാർഖാരാ, ലളിത്പൂർ, റാണിപാവാ, നൂനാകോട്ട്, ടിൻഹാരാ, രാംകോട്ട് തുടങ്ങി കാഠ്മണ്ഡുവിലും പരിസരപ്രദേശങ്ങളിലുമായി ആയിരങ്ങൾക്ക് ഈ ക്യംപിന്റെ സേവനം ലഭ്യമായിട്ടുണ്ട്. യൂണിഫൈഡ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് നേപ്പാൾ(മാവോയിസ്റ്റ്) ന്റെ കേന്ദ്രകമ്മിറ്റി അംഗവും കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയുടെ വൈസ് ചെയർമാനുമായ സഖാവ് ഖാർത്തിയുടെ സഹായം എംഎസ്സിക്ക് ഗുണകരമായി. ഈ സംഘടനയുടെ പ്രവർത്തകരുടെയും തദ്ദേശവാസികളുടെയും പിന്തുണയോടെയാണ് ക്യാമ്പുകൾ പ്രവർത്തിക്കുന്നത്.

ബീഹാർ, യു.പി എന്നീ സംസ്ഥാനങ്ങളിലെയും ഭൂകമ്പബാധിത പ്രദേശങ്ങളിൽ എംഎസ്സിയുടെ മെഡിക്കൽ ടീമും എസ്.യു.സി.ഐ(സി)-യുടെ വോളണ്ടിയറന്മാരും ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

## സഖാവ് കൃഷ്ണചക്രവർത്തി പ്രചണ്ഡയെ സന്ദർശിച്ച് ദുരിതാശ്വാസഫണ്ട് കൈമാറി

എസ്.യു.സി.ഐ(സി) കേന്ദ്രക്കമ്മിറ്റിയുടെ ആഹ്വാനപ്രകാരം രാജ്യത്തെ നാനാ സംസ്ഥാനങ്ങളിൽ നിന്ന് പാർട്ടി പ്രവർത്തകർ ശേഖരിച്ച ദുരിതാശ്വാസ ഫണ്ട് പാർട്ടിയുടെ പോളിറ്റ്ബ്യൂറോ അംഗം സഖാവ് കൃഷ്ണചക്രവർത്തി മേയ് 22-ന് കാഠ്മണ്ഡുവിലെത്തി യൂണിഫൈഡ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് നേപ്പാൾ(മാവോയിസ്റ്റ്) ന്റെ ചെയർമാൻ സഖാവ് പ്രചണ്ഡയ്ക്ക് കൈമാറി. പാർട്ടിയുടെ കേന്ദ്രകമ്മിറ്റിയംഗം സഖാവ് സത്യവാനും സഖാവ് ചക്രവർത്തിയെ അനുഗമിച്ചിരുന്നു. എസ്‌യുസിഐ(സി) നേപ്പാളിലെ ജനങ്ങളോട് തൊഴിലാളിവർഗ്ഗ സാർവ്വദേശീയ വികാരത്തിന്റെയടിസ്ഥാനത്തിൽ പ്രദർശിപ്പിച്ച ഐക്യദാർഢ്യത്തിന് യൂണിഫൈഡ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് നേപ്പാൾ(മാവോയിസ്റ്റ്) നേതൃത്വം നന്ദി പ്രകാശിപ്പിച്ചു.

ദുരിതാശ്വാസഫണ്ടിന് വേണ്ടിയുള്ള പാർട്ടിയുടെ ആഹ്വാനത്തിന് രാജ്യമെമ്പാടും ജനങ്ങളിൽ നിന്ന് വമ്പിച്ച പ്രതികരണമാണ് ലഭിച്ചത്. ●

## വസ്തുതകൾ സംസാരിക്കുന്നു:

# അമേരിക്കയും ബ്രിട്ടണും ഐഎസ്ഐഎസ് ഭീകരവാദികളെ സഹായിക്കുന്നു

**അ**ൽ-ബാഗ്ദാദി പ്രദേശത്ത് ഐഎസ്ഐഎസ് ഭീകരശക്തിക്കുവേണ്ടി ആയുധങ്ങൾ വഹിച്ചുകൊണ്ടുപോയ യു.എസ് യുദ്ധവിമാനം ഇറാഖിലെ സന്നദ്ധപോരാളി സംഘം വെടിവെച്ച് വീഴ്ത്തിയതിന്റെ ചിത്രം ഇന്റർനെറ്റിലൂടെ പ്രചരിക്കുകയുണ്ടായി. ഇറാഖിലെ അൽ-ഹഷാദ്, അൽ-ഷാഫി സന്നദ്ധസംഘം ഭീകരസംഘടനയായ ഐഎസ്ഐഎസിന് ആയുധങ്ങളുമായി പോയ അമേരിക്കൻ ഹെലികോപ്റ്റർ വെടിവച്ച് വീഴ്ത്തുകയുണ്ടായി.

അമേരിക്ക നേതൃത്വം കൊടുക്കുന്ന ഐഎസ്ഐഎസ് വിരുദ്ധ സഖ്യത്തിന്റെ ഹെലികോപ്റ്റർ ഐഎസ്ഐഎസ് ഭീകരവാദികൾക്ക് ആയുധങ്ങളും ഭക്ഷണവും തിക്രിത്തിന്റെ തെക്കുപ്രദേശത്ത് വിതരണം ചെയ്തതായി ഇറാഖ് പാർലമെന്റ് ദേശീയ സുരക്ഷാ തലവൻ ഹക്കേം അൽ-സമേലി കഴിഞ്ഞ ആഴച് പ്രഖ്യാപിക്കുകയുണ്ടായി. അമേരിക്കൻ അപ്പാച്ചി ഹെലികോപ്റ്ററുകൾ ആയുധങ്ങളും ഭക്ഷണവും ആകാശത്തുനിന്നും വർഷിച്ചതിന്റെ ചിത്രങ്ങൾ തന്റെ കൈവശമുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. ഐഎസ്ഐഎസ് ഭീകരരുടെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളിൽ അമേരിക്കയുടെ നേതൃത്വത്തിലുള്ള സഖ്യശക്തി വിമാനങ്ങൾ ആയുധങ്ങളും മറ്റ് വിഭവങ്ങളും വർഷിക്കുന്നതായുള്ള റിപ്പോർട്ട് ജനങ്ങളും സുരക്ഷാ ഉദ്യോഗസ്ഥരും മുഖേന ബാഗ്ദാദിലെ സർക്കാരിന് ലഭിച്ചതായി മുതിർന്ന ഇറാഖ് നിയമസഭാജികൻ കൂടിയായ അദ്ദേഹം തുടർന്ന് വെളിപ്പെടുത്തുകയുണ്ടായി. ഐഎസ്ഐഎസിന്റെ നിയന്ത്രണത്തിൽനിന്നും മോചിപ്പിച്ച അൽ-ബാഗ്ദാദി പ്രദേശത്തുനിന്നും അമേരിക്ക, യൂറോപ്യൻ യൂണിയൻ, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളിൽനിർമ്മിച്ച ആയുധങ്ങൾ ഞങ്ങൾ കണ്ടെത്തിയെന്ന് അൽ-അൻബർ പ്രൊവീൻഷ്യൽ കൗൺസിലിന്റെ തലവൻ ഖലാഫ് റ്റർമൗസ് പറഞ്ഞു. അമേരിക്കൻ വിമാനങ്ങൾ ഏറ്റവും ആധുനികമായ യുദ്ധോപകരണങ്ങൾ ഐഎസ്ഐഎസിനുവേണ്ടി വിതരണം ചെയ്തതായി തന്റെ കമ്മിറ്റിയിലെ അംഗങ്ങൾ ഇതിനോടകം തെളിവ് സമർപ്പിച്ചതായി അറിയിച്ചു.

ഭീകരവാദഗ്രൂപ്പുകൾക്ക് പാശ്ചാത്യശക്തികളുടെ സഹായത്തിന്റെ കാരണങ്ങൾ ഇറാഖി നിയമനിർമ്മാതാവുകൂടിയായ അദ്ദേഹം വിശദീകരിച്ചു. ബാഗ്ദാദ്, കർബല തുടങ്ങിയ നഗരങ്ങൾക്ക് സമീപത്തായി സ്ഥിതിചെയ്യുന്ന അൻബർ പ്രോവിൻസിൽ കുഴഞ്ഞുമറിഞ്ഞതായ അന്തരീക്ഷം സ്ഥിരമായ നിലനിന്നുകാണുവാൻ അമേരിക്കൻ സാമ്രാജ്യത്വം അഭിലഷിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇറാഖി ഭീകരസംഘടനയായ ഐഎസ്ഐഎസിന്റെ നിലനിൽപ്പിനുകാരണം യു.എസ് നേതൃത്വത്തിലുള്ള കൂട്ടുകെട്ടാണെന്ന് ഇറാഖിലെ മറ്റൊരു മുതിർന്ന നിയമസഭാസാമാജികൻ ആവർത്തിച്ചു. ആഭ്യന്തരസഖ്യമെന്നത് ഐഎസ്ഐഎസിനെ സംരക്ഷിക്കാനും വിവിധ ഭീകരസംഘടനകളെ ആയുധങ്ങളും മറ്റ് സജ്ജീകരണങ്ങളും നൽകി സഹായിക്കാനുമുള്ള അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഒരു ന്യായീകരണം മാത്രമാണ്. ഇറാഖി പാർലമെന്റിലെ അൽ-സാദർ വിഭാഗം അംഗമായ ജോം ദിവാൻ പറഞ്ഞു. അമേരിക്കൻ വിമാനങ്ങൾ സലാഹുദ്ദീൻ പ്രോവിൻസിൽ ഐഎസ്ഐഎസ് ഭീകരസംഘടനയ്ക്ക് യുദ്ധോപകരണങ്ങൾ വിതരണം ചെയ്തതായി കഴിഞ്ഞ ഡിസംബറിൽ ഇറാഖ് പാർലമെന്റ് സുരക്ഷ-പ്രതിരോധ കമ്മീഷൻ എം.പി വെളിപ്പെടുത്തി. ഇറാഖിലെ മറ്റൊരു മുതിർന്ന നിയമനിർമ്മാതാവ് അമേരിക്കയുടെ നേതൃത്വത്തിലുള്ള ഐഎസ്ഐഎസ് വിരുദ്ധ സഖ്യത്തിന്റെ ആത്മാർത്ഥതയിൽ ആശങ്കരേഖപ്പെടുത്തുകയും ഭീകരവാദിഗ്രൂപ്പുകൾക്ക് ഇപ്പോഴും അജ്ഞാതമായ യുദ്ധവിമാനങ്ങൾ വിതരണം ചെയ്യുന്ന സഹായങ്ങൾ ലഭിക്കുന്നുണ്ടെന്ന് അഭിപ്രായപ്പെട്ടു. ഐഎസ്ഐഎസ് ഭീകരഗ്രൂപ്പുകൾക്കെതിരെ ആകാശ ആക്രമണം നടത്തുന്നതിൽ ആമേരിക്കയ്ക്ക് യാതൊരു ആത്മാർത്ഥതയുമില്ല. ടാക്ഫിരീസിനെതിരെയുള്ള സന്നദ്ധ സേനയെ യുദ്ധരംഗത്തുനിന്നും പിൻവലിക്കുകവരെ ചെയ്യുന്നു. അങ്ങനെ ഐഎസ്ഐഎസ്സുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമീപകലത്തെങ്ങും പരിഹരിക്കപ്പെടുകയില്ലെന്ന് അവർ ഉറപ്പാക്കിയിരിക്കുന്നു. ഐഎസ്ഐഎസ് ഭീകരസംഘടനയ്ക്ക് ആയുധങ്ങൾ വിതരണം ചെയ്തത് അബദ്ധത്തിൽ സംഭവിച്ചുപോയതാണെന്ന അമേരിക്കയുടെ വാദത്തെ ഇറാനിലെ ഉന്നത സൈനികമേധാവി തള്ളിക്കളഞ്ഞു. അമേരിക്കയും ഐഎസ്ഐഎസ് വിരുദ്ധ സഖ്യവും ഭീകവാദവിഭാഗങ്ങളെയും ക്രിമിനൽ സംഘങ്ങളെയും അമർച്ച ചെയ്യാനുള്ള സൈനികനീക്കങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന അവകാശവാദം ഉന്നയിക്കുന്ന ഇതേ അമേരിക്കയാണ് വിവിധ ഭീകരവാദിഗ്രൂപ്പുകൾക്ക് ആയുധങ്ങളും ഭക്ഷണവും മരുന്നും ഇറാഖിലെ ജലൗല മേഖലയിൽ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. അമേരിക്കയുടെയും ഭീകരവിരുദ്ധ സഖ്യത്തിന്റെയും അവകാശവാദങ്ങൾ എത്രമേൽ വഞ്ചനാപരവും വാസ്തവവിരുദ്ധവുമാണെന്ന് ഇത് വെളിവാക്കുന്നു. ഇറാൻ സായുധന സേനാ ഡെപ്യൂട്ടി ചീഫ് ആയ ബ്രിഗേഡിയർ ജനറൽ മാസൗദ് ജസയേരി പറഞ്ഞു.

ഇറാഖിലെ അൻ-അൻവൻ പ്രിവിശ്യയിൽ ഐഎസ്ഐഎസ് ഭീകരവാദികൾക്ക് ആയുധങ്ങൾ എത്തിച്ച രണ്ട് ബ്രിട്ടീഷ് വിമാനങ്ങളെ ഇറാഖി സൈന്യം വെടിവച്ച് വീഴ്ത്തിയതായി ഒരു മുതിർന്ന നിയമനിർമ്മാതാവ് പറഞ്ഞു. ഇറാഖ് പാർലമെന്റിലെ ദേശീയ സുരക്ഷാ കമ്മിറ്റിക്ക് ഈ രണ്ട് വിമാനങ്ങളുടെയും ചിത്രങ്ങൾ ഉണ്ട്. ഐഎസ്ഐഎസിന് ആയുധങ്ങൾ വഹിച്ചുകൊണ്ടുപോയപ്പോഴാണ് ഈ വിമാനങ്ങൾ തകർക്കപ്പെട്ടത്. അൽ-സമേലി വെളിപ്പെടുത്തി. ഈ സംഭവത്തിന്റെ വിശദീകരണം ബ്രിട്ടണോട് ഇറാഖി പാർലമെന്റ് തേടിയതായി അദ്ദേഹം അഭിപ്രായപ്പെട്ടു. (സ്രോതസ്സ് ഗ്ലോബൽ റിസർച്ച് ഫെബ്രുവരി 23, 2015, മാർച്ച് 1, 2015) ●

# സിപിഐ(എം) പാർട്ടി കോൺഗ്രസ്സിൽ സഖാവ് പ്രൊവാഷ്ഘോഷ്

(5-ാം പേജിൽ നിന്ന്)

ഇത്തരം യോജിച്ച ഇടതു മുന്നേറ്റങ്ങളിൽ ഞങ്ങൾ പങ്കാളികളായിരുന്നു. എന്നാൽ 1974 മുതൽ ഞങ്ങൾ നിങ്ങളുടെ പാർട്ടിയുമായി യോജിപ്പിലല്ല. ബംഗാളിലും കേരളത്തിലും നിങ്ങൾ അധികാരത്തിലിരുന്നപ്പോൾ ഞങ്ങൾക്ക് നിങ്ങളുമായ് അഭിപ്രായ വ്യത്യാസമുണ്ടായിട്ടുണ്ട്. ജനങ്ങളുടെ നീറുന്ന ജീവിതപ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് ഞങ്ങൾ സമരങ്ങൾ വളർത്തിയെടുത്തിട്ടുണ്ട്. നമ്മുടെ ബന്ധം വഷളായി, അസുഖകരമായ സംഭവവികാസങ്ങളുണ്ടായി. അപ്പോൾപ്പോലും മറ്റു സംസ്ഥാനങ്ങളിലും ദേശീയതലത്തിലും നിങ്ങളുമായി സഹകരിച്ചുകൊണ്ട് യോജിച്ച ഇടതുപക്ഷ മുന്നേറ്റം വളർത്തിയെടുക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. പക്ഷേ അത് വിജയം വരിച്ചില്ല. ആ ഘട്ടം കഴിഞ്ഞിരിക്കുന്നു. യോജിച്ച പ്രക്ഷോഭത്തിന്റെ അഭ്യർത്ഥനയുമായി കൽക്കത്തയിൽ വന്ന് ഞങ്ങളെ കാണാൻ തയ്യാറായതിൽ ഞങ്ങൾ സഖാവ് പ്രകാശ് കാരാട്ടിനെ അഭിനന്ദിക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. പ്രശ്നാധിഷ്ഠിത സംയുക്ത പ്രക്ഷോഭമെന്ന നിർദ്ദേശത്തോട് ഞങ്ങൾ ഹൃദയംഗമമായാണ് പ്രതികരിച്ചത്. തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കു വേണ്ടിയുള്ള ഐക്യമല്ല, വീറുറ്റ വർഗ്ഗ-ബഹുജന പ്രക്ഷോഭങ്ങളുടെ വളർച്ചയ്ക്കാവശ്യമായ യോജിപ്പാണ് വേണ്ടത്. നമുക്കിടയിൽ പ്രത്യയശാസ്ത്രപരമായ ഭിന്നതകളുണ്ടെന്നത് ശരിയാണ്. അതുകൊണ്ടുതന്നെ പ്രത്യയശാസ്ത്ര സമരവും ഉണ്ടാകും. എന്നാൽ അത് ഐക്യത്തെയും സമരത്തെയും ദുർബലപ്പെടുത്താനല്ല ശക്തിപ്പെടുത്താൻ ഉതകുന്നതായിരിക്കും. ഉന്നതമായ പ്രത്യയശാസ്ത്രത്തിലും സംസ്കാരത്തിലും അധിഷ്ഠിതമായ വീറുറ്റ തൊഴിലാളി വർഗ്ഗ സമരങ്ങളും ബഹുജന പ്രക്ഷോഭങ്ങളുമാണ് ഇന്നത്തെ അടിയന്തരാവശ്യകത.

ഒരു തൊഴിലാളിവർഗ്ഗ പാർട്ടിയുടെ യഥാർത്ഥ കരുത്ത് കുടികൊള്ളുന്നത് പാർലമെന്റംഗങ്ങളുടെ എണ്ണത്തിലല്ല, വർഗ്ഗ ബഹുജന പ്രക്ഷോഭങ്ങളുടെ അഗ്നിയിലാണ് എന്ന ലെനിന്റെ പാഠം കൂടി അനുസ്മരിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കട്ടെ.

*നിങ്ങൾക്കേവർക്കും ലാൽസലാം, മാർക്സിസം-ലെനിനിസം നീണാൾ വാഴട്ടെ*

*തൊഴിലാളിവർഗ്ഗ സാർവ്വദേശീയത നീണാൾ വാഴട്ടെ.* ●

# കരട് ദേശീയ ആരോഗ്യനയം – 2015

## ആരോഗ്യമേഖലയുടെ സമ്പൂർണ്ണ കമ്പോളവൽക്കരണത്തിന്റെ രൂപരേഖ

രാജ്യത്തെ ജനങ്ങൾക്ക് മതിയായ ആതുരസേവനം നൽകണമെന്ന ആവശ്യത്തെപ്രതി സംഘടിതമായ മുന്നേറ്റം വളർത്തിയെടുക്കുന്നതിൽ പ്രതിജ്ഞാബദ്ധമായ, ഡോക്ടർമാർ, നഴ്സിങ്ങ് സ്റ്റാഫ്, ആരോഗ്യപ്രവർത്തകർ, ആക്ടിവിസ്റ്റുകൾ എന്നിവരടങ്ങുന്ന, സുപ്രസിദ്ധമായ അഖിലേന്ത്യാ സന്നദ്ധസംഘടനയായ മെഡിക്കൽ സർവ്വീസ് സെന്റർ, 2015-ലെ കരട് ദേശീയ ആരോഗ്യനയത്തെ സംബന്ധിക്കുന്ന, സുചിന്തിതമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമടങ്ങുന്ന വിശദമായ കുറിപ്പ്, 2015 മാർച്ച് 6-ന് കേന്ദ്ര ആരോഗ്യമന്ത്രിക്ക് അയയ്ക്കുകയുണ്ടായി.

**കേ**ന്ദ്രസർക്കാർ, ദേശീയ ആരോഗ്യനയത്തിന്റെ കരട്, അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് തങ്ങളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തെപ്രതി തങ്ങൾ ഉത്സുകരാണ് എന്ന് സർക്കാർ ഭാവിക്കുന്നുവെങ്കിലും, യഥാർത്ഥത്തിൽ ആരോഗ്യപരിപാലന മേഖലയെ മുഴുവനായും കച്ചവട അടിസ്ഥാനത്തിൽ നടത്തുന്നതിനായി കൈമാറ്റം ചെയ്യാനുള്ള പദ്ധതിയാണ് ഇതിൽ മുന്നോട്ടു വെക്കുന്നത്. ആരോഗ്യപരിപാലനത്തെ, വിദ്യാഭ്യാസത്തെയും വൈദ്യുതിയെയും ചെയ്തതു പോലെ വെറുമൊരു ഉൽപ്പന്നമായി ചുരുക്കിയിരിക്കുന്നു. ഈ നയത്തിന്റെ പ്രധാന വസ്തുതകളിലേക്ക് കണ്ണോടിക്കുന്നത് കാര്യങ്ങൾ വ്യക്തമാക്കും.

### മുതലാളിത്ത ഇന്ത്യയിലെ ആരോഗ്യപരിപാലനം

ഇന്ത്യയിലെ വിവേകമുള്ള ഏതൊരാൾക്കും അറിയാം ഇവിടുത്തെ ആരോഗ്യപരിപാലനസംവിധാനം ആകെ താറുമാറാണെന്ന്. സമ്പത്തും സ്വാധീനവുമുള്ള ഒരുപിടി ആളുകൾ ആഡംബര സ്വകാര്യ ആശുപത്രികളിൽ ആധുനിക ചികിത്സ നേടുമ്പോൾ, ജനസംഖ്യയുടെ ഭൂരിപക്ഷം വരുന്ന, ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും ദരിദ്രർക്കും പാപ്പരാക്കപ്പെടുന്ന ഇടത്തരക്കാർക്കും രോഗശുശ്രൂഷ താങ്ങാനാകുന്നില്ല. വേണ്ടത്ര ആശുപത്രികളുടേയും അടിസ്ഥാനസൗകര്യങ്ങളുടേയും അഭാവം, യോഗ്യതയുള്ള ഡോക്ടർമാരുടെ ദൗർലഭ്യം, മരുന്നുകളുടെയും, പരിശോധനാസംവിധാനങ്ങളുടെയും ചികിത്സയുടെയും വർദ്ധിച്ച ചെലവ് - എന്നിവയൊക്കെ കാരണം യഥാർത്ഥത്തിൽ പ്രാഥമികമായ ആതുരസേവനം പോലും അവർക്കു നിഷേധിക്കപ്പെടുകയാണ്. അങ്ങനെ, നിഷ്ക്കരുണമായ മുതലാളിത്ത ചൂഷണത്താൽ ജീവിതം തന്നെ വഴിമുട്ടുന്ന മഹാഭൂരിപക്ഷത്തിനുമുന്നിൽ അടിസ്ഥാന ആരോഗ്യപരിപാലനസംവിധാനങ്ങളിലേക്കുള്ള വഴികൾ അടയുകയാണ്. ഇതിന്റെ ഫലമായി, നിരവധി വിലപ്പെട്ട ജീവനുകൾ നഷ്ടപ്പെടുന്നു, അനേകർ എന്നെന്നേക്കുമായി ദുർബലരാക്കപ്പെടുന്നു. കുട്ടികളുടേയും അമ്മമാരുടേയും മരണസംഖ്യയിൽ വർദ്ധനവുണ്ടായിരിക്കുന്നു. പകർച്ചവ്യാധികൾ തന്നെ നിയന്ത്രണമില്ലാതെ പടരുമ്പോൾ, എയിഡ്സ്, കാൻസർ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സ തേടുന്നതിനെക്കുറിച്ച് എന്തു പറയാൻ. വികസനത്തെക്കുറിച്ചും ഉയർന്ന വളർച്ചാനിരക്കിനെക്കുറിച്ചും പൊങ്ങച്ചം പറയുന്ന ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം, ശോചനീയമായ ചിത്രമാണിത് കാഴ്ചവെക്കുന്നത്. ഒരു ക്ഷേമരാഷ്ട്രം, അതിന്റെ എല്ലാ പൗരന്മാർക്കു മതിയായ വൈദ്യസഹായവും ശുചിത്വവും നൽകാനുള്ള ഉത്തരവാദിത്തം ചുമലിലേറ്റുമെന്നാണ് കരുതപ്പെടുന്നത്. എന്നാൽ, ഈ കടമ നിറവേറ്റുന്നതിനുള്ള യാതൊരുവിധ പരിശ്രമവും സ്വതന്ത്ര ഇന്ത്യയിലെ ഒരുബൂർഷാ സർക്കാരും നടത്തിയിട്ടില്ല. സ്വാതന്ത്ര്യത്തിന്റെ ആദ്യനാളുകളിൽ, പൊതുസമ്മർദ്ദത്തിനു വിധേയമായി, സർക്കാർ മുൻകൈയിൽ കുറെ ആശുപത്രികളും പ്രാഥമികാരോഗ്യകേന്ദ്രങ്ങളും തുടങ്ങി. സ്വാതന്ത്ര്യത്തിന്റെ വേളയിൽ, നമ്മുടെ മഹാന്മാരായ രക്തസാക്ഷികളുടേയും സ്വാതന്ത്ര്യസമരസേനാനികളുടേയും സ്വപ്നങ്ങൾ പ്രതിഫലിപ്പിച്ച ഭോർ കമ്മിറ്റിയുടെ (1943-1946) ചരിത്രപരമായ ശുപാർശകൾ - ഗർഭപാത്രം മുതൽ കുഴിമാടം വരെ എല്ലാവർക്കും ആരോഗ്യം ഉറപ്പാക്കാൻ സമ്പൂർണ്ണ ശക്തിയുമുപയോഗിച്ച് നടപടിയെടുക്കുക എന്നത്, പൂർണ്ണമായും വിസ്മരിക്കപ്പെട്ടു. നാളുകൾ കടന്നുപോയപ്പോൾ, സർക്കാർ ആശുപത്രികളിലൂടെയും ആരോഗ്യകേന്ദ്രങ്ങളിലൂടെയും മതിയായ ആതുരസേവനം നൽകുന്നതിൽ സർക്കാരിനുള്ള അലംഭാവം വർദ്ധിച്ചു. സമാന്തരമായി, അടിസ്ഥാന വൈദ്യശാസ്ത്ര നൈതികതയിൽ നിന്നു പോലും പ്രകടമായും ധിക്കാരപൂർവ്വവും വ്യതിചലിക്കുന്ന, പച്ചയായ കച്ചവടം മാത്രം മുൻനിർത്തി പ്രവർത്തിക്കുന്ന, സ്വകാര്യ ആശുപത്രികൾ കൂണുകൾ പോലെ മുളച്ചു പൊന്തി. ഈ പ്രവണത, 1990-കളിൽ ആഗോളവൽക്കരണനയങ്ങൾ നടപ്പാക്കി തുടങ്ങിയതോടെ വർദ്ധിക്കുകയും, അതിനുശേഷം ആരോഗ്യമേഖലയുടെ സ്വകാര്യവൽക്കരണം ഒരു ആഘോഷം പോലെയാകുകയും ചെയ്തു. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമുള്ള സർക്കാരുകളാകട്ടെ പാർട്ടി ഭേദമില്ലാതെ പൊതു-സ്വകാര്യ പങ്കാളിത്തത്തിന്റെ പേരിൽ സർക്കാർ ആശുപത്രികളിലെ വിവിധ കാര്യങ്ങൾ ഏറ്റെടുക്കാൻ സ്വകാര്യ നടത്തിപ്പുകാരെ ഉദാരമായി അനുവദിക്കുന്നു. കൂടാതെ, ലോക സാമ്രാജ്യത്വ മുതലാളിത്തത്തോട് ഒപ്പം നിന്നുകൊണ്ട്, നമ്മുടെ രാജ്യത്തെ മുതലാളിത്തസംവിധാനവും കൂടുതൽ പ്രതിലോമകരവും, അഴിമതി നിറഞ്ഞതുമാവുകയാണ്. സർക്കാരുകളുടേയും ഭരണകക്ഷിനേതാക്കളുടേയും വായനിറയെയുള്ള വാഗ്ദാനങ്ങൾ എന്തുതന്നെയായാലും, വൈദ്യസഹായത്തിനായി ആശുപത്രികളിലെത്തുന്ന സാധാരണക്കാരൻ ആതുരശുശ്രൂഷയുടെ സമസ്തമേഖലകളിലെയും അഴിമതിയുടെ കടന്നുകയറ്റം ദിനേനെ അനുഭവിക്കുന്നുണ്ട്. ശിക്ഷാഭീതിയേതുമില്ലാതെ അഴിമതി ദല്ലാളന്മാർ ആശുപത്രികളിൽ, സ്വതന്ത്രമായി വിഹരിക്കുകയും, രോഗികളിൽ നിന്നും അന്യായമായി പണം കവർന്നെടുക്കുകയും ചെയ്യുന്നു. ഇതെല്ലാം പരിഗണിക്കുമ്പോൾ, ചികിത്സ ലഭിക്കുവാനായി സാധാരണക്കാരായ ഇന്ത്യക്കാർ അനുഭവിക്കേണ്ടി വരുന്ന കഷ്ടപ്പാടുകൾ അസഹനീയമായിരിക്കുന്നു. അതുകൊണ്ടു തന്നെ, ആതുരശുശ്രൂഷയെന്നത് സമ്പത്തും സ്വാധീനവുമുള്ളവർക്കു വേണ്ടി മാത്രമുള്ളതും, തങ്ങൾ ചികിത്സയൊന്നുമില്ലാതെ എല്ലാം സഹിക്കാനും മരിക്കാനും വിധിക്കപ്പെട്ടവരാണെന്നും കണ്ട് നിസ്സഹായരായി അവർ പൊരുത്തപ്പെടുന്നു.

### ആരോഗ്യരംഗത്തെ മുതൽമുടക്ക്

ഈ പശ്ചാത്തലത്തിൽ 2015-ലെ കരട് ദേശീയ ആരോഗ്യനയത്തിലെ നിർദ്ദേശങ്ങൾ നമുക്കു നോക്കാം. ആരോഗ്യമേഖലക്കായി എന്തു മാത്രം പണം നീക്കിവെക്കും എന്നതാണ് ഒന്നാമത്തെ ചോദ്യം. കരട് നയത്തിൽ, രാജ്യത്തെ പൊതുജനാരോഗ്യ സംരക്ഷണത്തിനുള്ള ധനവിനിയോഗം തന്നെയാണ് അതിന്റെ ആരോഗ്യ സൂചകങ്ങളുടേയും സമഗ്ര ആതുരശുശ്രൂഷാസേവനത്തിന്റെയും മർമ്മപ്രധാനഭാഗമെന്ന് സമ്മതിച്ചിട്ടുണ്ടെങ്കിലും, ഇപ്പോളത് ജിഡിപിയുടെ 1.2% മാത്രമാണ്. കരട് നയമാകട്ടെ, ഇത് 2.5% ആയി ഉയർത്തുന്നതിനെക്കുറിച്ചു മാത്രമേ പറയുന്നുള്ളു. അപ്പോളും അത് നേടിയെടുക്കുന്നതിനായുള്ള നിശ്ചിതലക്ഷ്യങ്ങൾ നിർവ്വചിക്കുന്നുമില്ല. മറിച്ച്, ആരോഗ്യത്തിനും കുടുംബക്ഷേമത്തിനുമുള്ള ബജറ്റ് വിഹിതം കഴിഞ്ഞ വർഷത്തെ 35,163 കോടി രൂപയിൽ നിന്നും ഇത്തവണത്തെ ബജറ്റിൽ 29,653 കോടിയായി വെട്ടിക്കുറച്ചിരിക്കുന്നു. മാത്രവുമല്ല, ഈ വമ്പു പറയുന്ന 2.5% നേടിയെടുത്താൽ തന്നെയും, മറ്റു രാജ്യങ്ങൾ ആരോഗ്യമേഖലയിൽ മുടക്കുന്ന തുകയുമായി താരതമ്യം ചെയ്താൽ അത് പരിതാപകരമാംവിധം കുറവാണ്. ലോകാരോഗ്യ സംഘടനയുടേയും ഐക്യരാഷ്ട്രസഭയുടേയും മാനദണ്ഡങ്ങൾ, വികസ്വര രാജ്യങ്ങൾ ജിഡിപിയുടെ കുറഞ്ഞത് 5% ആരോഗ്യമേഖലക്കായി നീക്കിവെക്കണമെന്ന് അനുശാസിക്കുന്നു. സർക്കാർ, പണമില്ലെന്നാണ് പറയുന്നതെങ്കിൽ വസ്തുതകൾ അതിന് എതിരാണ്. കഴിഞ്ഞ ഒരു ദശകത്തിനിടയിൽ, വിവിധ ഒഴിവുകളുടേയും ഇളവുകളുടേയും ആനുകൂല്യങ്ങളുടേയും രൂപത്തിൽ, കുത്തകകൾക്ക് ഉദ്ദേശം 40 ലക്ഷം കോടി രൂപയുടെ സഹായമാണ് സർക്കാർ നൽകിയത്. കഴിഞ്ഞ നവമ്പറിൽ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം, 6 ലക്ഷം കോടി രൂപയ്ക്കടുത്തുള്ള നിർജ്ജീവ ആസ്തികളാണ് കുത്തകകളുടെ വായ്പാ കുടിശ്ശികകൾ മൂലം ബാങ്കുകളുടെ കൈവശം കെട്ടിക്കിടക്കുന്നത്. 2015-ലെ സാമ്പത്തികസർവ്വേ തന്നെ അംഗീകരിക്കുന്നത്, ജിഡിപിയുടെ 8.3% വരുന്ന പദ്ധതികളുടെ നിക്ഷേപങ്ങൾ പൂർത്തിയാകാതെ കുടുങ്ങിക്കിടക്കുന്നു എന്നാണ്. ഇപ്പോളത്തെ ബിജെപി സർക്കാർ യാത്രകൾക്കായി മാത്രം പൊതുഖജനാവിൽ നിന്നും 317 കോടി രൂപയെന്ന ഭീമമായ തുകയാണ് ഇതിനോടകം ചെലവിട്ടിരിക്കുന്നത്. 2 ജി സ്പെക്ട്രം അഴിമതി 1.76 ലക്ഷം കോടി രൂപക്കടുത്തുള്ള വരുമാനനഷ്ടമാണ് ഉണ്ടാക്കിയത്. 2004-നും 2009-നു ഇടയിൽ 155 കൽക്കരിപ്പാടങ്ങൾ ലേലം കൂടാതെ വാണിജ്യ സ്ഥാപനങ്ങൾക്കു കൈമാറിയതിലൂടെ, 10.67 ലക്ഷം കോടി രൂപയുടെ അനർഹമായ ആനുകൂല്യങ്ങൾ സർക്കാർ നൽകിയെന്നാണ്, സിഎജി റിപ്പോർട്ട് പറയുന്നത്. ഓരോ വർഷവും 28.30 ലക്ഷം കോടി രൂപയോളം കള്ളപ്പണം ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്നു എന്നാണത്രേ കണക്ക്. അപ്പോൾ, കോർപ്പറേറ്റുകൾ, ബാങ്ക് വായ്പയിൽ മനഃപൂർവം കുടിശ്ശിക വരുത്തുന്നവർ, പൊതുസമ്പത്ത് തട്ടിയെടുക്കുന്നവർ, കണക്കിൽപ്പെടാത്ത സമ്പാദ്യം കൈവശം വെക്കുന്നവർ, എന്നിവരോടെല്ലാം സർക്കാരിന് അയഞ്ഞ സമീപനമാണ്. പക്ഷേ, ആരോഗ്യമേഖലയിൽ തുക ചെലവിടുന്ന കാര്യം വരുമ്പോൾ സർക്കാരിന്, വിശദീകരണമില്ലാത്ത, കാർക്കശ്യവും പിശുക്കും നിറഞ്ഞ സമീപനമാണ്.

### വർദ്ധിച്ച സ്വകാര്യവൽക്കരണം

അടുത്തത് ആതുരസേവനം നൽകുന്നതിനുള്ള അടിസ്ഥാനസൗകര്യത്തിന്റെയും മനുഷ്യശേഷിയുടേയും പരിമിതിയെക്കുറിച്ചാണ്. സ്വാതന്ത്ര്യം നേടി 68 വർഷം കഴിഞ്ഞിട്ടും, ഇന്ത്യൻ പൊതു ആരോഗ്യ നിലവാരം (Indian Public Health Standard - IPHS) പ്രകാരമുള്ള ആവശ്യകതകൾ പൂർത്തീകരിക്കുന്നതിൽപ്പോലും നമ്മൾ ബഹുദൂരം പിന്നിലാണ്. ഈ രണ്ടു കാര്യങ്ങളിലും സർക്കാർ സംവിധാനങ്ങളെ മെച്ചപ്പെടുത്തി കുറവുകൾ പരിഹരിക്കുന്നതിനു പകരം, കരടു നയം മുന്നോട്ടു വെക്കുന്നതോ സ്വകാര്യ-സർക്കാർ ഇതര ആശുപത്രികളെ കൂടുതലായി ആശ്രയിച്ച് ആവശ്യങ്ങൾ നിറവേറ്റുന്നതും. കൂടാതെ വിവിധ ആതുരശുശ്രൂഷാ സേവനങ്ങളിൽ 100% വിദേശനിക്ഷേപത്തിനുള്ള അവസരമൊരുക്കുമെന്നും നയം സ്ഥാപിക്കുന്നു. നയം നിർദ്ദേശിക്കുന്നത്, സർക്കാർ സംവിധാനങ്ങളോടൊപ്പം തന്നെ കരാറടിസ്ഥാനത്തിലുള്ള സ്വകാര്യ സംവിധാനങ്ങളിലൂടെയും (എൻജിഒ-കൾ, ലാഭേച്ഛയില്ലാത്ത സംഘടനകൾ എന്നിവയടക്കം) പൗരന്മാർക്ക് ആരോഗ്യപരിപാലന സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ദാരിദ്ര്യവും കഷ്ടപ്പാടും കൊണ്ട് നരകയാതന അനുഭവിക്കുന്ന ജനങ്ങളെ ചികിത്സക്കായി, അങ്ങേയറ്റം ചെലവേറിയ സ്വകാര്യ ആശുപത്രികളുടെ വാതിലിൽ മുട്ടാനായി തള്ളിവിടുന്നു. ഒരു കഴുതയെ പോലും ചിരിപ്പിക്കുന്ന നിർദ്ദേശം. രണ്ടാംഘട്ട-മൂന്നാംഘട്ട വൈദ്യസഹായം ജനത്തിനു നൽകാനായി, സ്വകാര്യ ആരോഗ്യ സംവിധാനങ്ങൾക്ക് അസാധാരണമായ പ്രാധാന്യം കൊടുത്തുകൊണ്ട് ഈ കരടുനയം നിർദ്ദേശിക്കുന്നത്, സ്വകാര്യ ആരോഗ്യ വ്യവസായത്തിന് നേരിട്ടുള്ള സഹായം നൽകി അതിന്റെ വളർച്ചയും പുഷ്ടിയും ഉറപ്പാക്കണമെന്നാണ്. തൊട്ടുചേർന്ന് പൊതുസംവിധാനങ്ങളെ, മൂന്നാംഘട്ട ശുശ്രൂഷ നൽകുന്ന മെഡിക്കൽ കോളേജ് ആശുപത്രികളെയടക്കം, കൊടിയ അവഗണനയും, കെടുകാര്യസ്ഥതയും, ധനനിക്ഷേപത്തിന്റെ കുറവും മൂലം ഉണ്ടാകുന്ന കൃത്രിമമായ അപകടത്തിലേക്ക് തള്ളിവിടുകയാണ്. തീർന്നില്ല, പുറംകരാറുകൾക്കും, പ്രാഥമികാരോഗ്യ സംവിധാനങ്ങളെപ്പോലും മൊത്തമായോ ഭാഗികമായോ സ്വകാര്യഏജൻസികൾക്ക് കൈമാറാനുമുള്ള നിർദ്ദേശം, സ്വകാര്യ സംരംഭങ്ങളുടെ വികസനത്തെ പ്രോൽസാഹിപ്പിക്കുവാനും പൊതുസംരംഭങ്ങളെ ക്രമേണ നശിപ്പിക്കുവാനുമാണെന്ന് വ്യക്തമാണ്. ആഭ്യന്തര-ബഹുരാഷ്ട്ര കുത്തകകൾക്കായി ആരോഗ്യമേഖലയെ അപ്പാടെ കൈമാറുവാനും, സർക്കാരിന്റെ പങ്ക് വെറും മേൽനോട്ടം മാത്രമായി ചുരുക്കുവാനുമുള്ള സമഗ്രപദ്ധതിയാണിതെന്ന് തെളിയുകയാണ്. അപ്പോൾ പൊതുഖജനാവിൽ നിന്നും സ്വകാര്യ ആരോഗ്യ കോർപ്പറേറ്റുകളുടെ പണപ്പെട്ടി നിറച്ചുകൊടുക്കുവാനും, ആരോഗ്യപരിപാലനത്തെ ഒരു തിളങ്ങുന്ന കച്ചവടമാക്കുവാനുമുള്ള എല്ലാ സാദ്ധ്യതയുമുണ്ട്. കരട് നയം ഉദ്ദേശിക്കുന്നത്, ജനങ്ങൾക്ക് ആരോഗ്യസുരക്ഷ നൽകുന്ന ഉത്തരവാദിത്തത്തിൽ നിന്നും സർക്കാർ പിൻവാങ്ങി, പകരം അതിവേഗം വളരുന്ന സ്വകാര്യ ആരോഗ്യ വ്യവസായത്തെ, ഉദാരമായി പൊതുപണം ചിലവിട്ടു കൊണ്ടുപോലും, നടത്തുകയും നിലനിർത്തുകയും ചെയ്യുന്ന പങ്ക് നിർവ്വഹിക്കണമെന്നാണ്. 1983-ലെ ആദ്യ ദേശീയ ആരോഗ്യനയത്തിൽ തന്നെ ആരോഗ്യമേഖലയുടെ സ്വകാര്യവൽക്കരണ-കമ്പോളവൽക്കരണ-ചരക്കുവൽക്കരണ പ്രക്രിയയുടെ വിത്തു വിതച്ചിരുന്നു. 2002-ലെ രണ്ടാം ആരോഗ്യനയത്തിൽ, മുതലാളിത്ത ആഗോളവൽക്കരണത്തിന്റെ പിടിയിൽ തടയണകളും തുറന്നു. ഇപ്പോൾ 2015-ലെ കരട് നയം നടപ്പാക്കുന്നതോടെ ഈ ചക്രം പൂർത്തിയാകുന്നതിന്റെ വക്കിലെത്തിയിരിക്കുന്നു.

ഇനി മറ്റൊരു അപകടം പിടിച്ച നിർദ്ദേശവുമുണ്ട്. നമുക്കറിയാം 1990-കളിൽ ഇൻഷുറൻസ് വ്യവസായം തുറന്നു കൊടുക്കുകയും, ഇൻഷുറൻസ് വ്യാപാരത്തെ ആധുനികവൽക്കരിക്കാനും സൗഹൃദപരമാക്കാനുമെന്ന പേരിൽ സ്വകാര്യ നടത്തിപ്പുകാരെ മേഖലയിലേക്ക് കടന്നു വരാൻ അനുവദിക്കുകയും ചെയ്തു. അടുത്തിടെ ഇൻഷുറൻസ് മേഖലയിലെ വിദേശനിക്ഷേപപരിധി 49% ആയി സർക്കാർ ഉയർത്തുകയും, അതുവഴി വിദേശ ഇൻഷുറൻസ് ഭീമന്മാർക്ക് ഇന്ത്യൻ ഇൻഷുറൻസ് മേഖലയിൽ നിർണ്ണായക പങ്കു വഹിക്കാൻ അവസരമൊരുക്കുകയും ചെയ്യുന്നു. ഈ മേഖലയെ വിദേശനിക്ഷേപത്തിനായി കൂടുതൽ ആകർഷകമാക്കുന്നതിനായി, ഇൻഷുറൻസിന്റെ വ്യാപ്തി വർദ്ധിപ്പിക്കുവാൻ സർക്കാരിന്റെ ഭാഗത്തു നിന്ന് ഉറച്ച നടപടികൾ ഉണ്ടാകുന്നു. കഴിഞ്ഞ ബജറ്റിൽ തന്നെ ഇത്തരത്തിൽ നിരവധി നിർദ്ദേശങ്ങൾ വന്നിരുന്നു. ഇപ്പോൾ കരടു നയമാകട്ടെ, സാർവത്രിക ആരോഗ്യ കവറേജ് (Universal Health Coverage) എന്ന പേരിൽ ആരോഗ്യമേഖലയെ പൂർണ്ണമായും ഇൻഷുറൻസുമായി ബന്ധപ്പെടുത്തുന്നതിനെ പറ്റി സംസാരിക്കുന്നു. ഇതിനായി ആരോഗ്യ കാർഡുകൾ

*(ശേഷം 14-ാം പേജിൽ)*

# ആരോഗ്യരംഗത്ത് രാജ്യവ്യാപകമായ പ്രസ്ഥാനം അനിവാര്യം

(13-ാം പേജിൽ നിന്ന്)

(Health Entitlement Card) അവതരിപ്പിക്കുമത്രേ. മറ്റു വാക്കുകളിൽ, എല്ലാ പൗരന്മാരും ആരോഗ്യനികുതി, പ്രത്യക്ഷ നികുതിദായകർക്കുള്ള ആരോഗ്യസെസ്സ്, എന്നൊക്കെയുള്ള പേരിൽ, നിർദ്ദിഷ്ട പ്രീമിയം അടച്ച് ഈ കാർഡ് നേടിയെടുക്കേണ്ടി വരും. എല്ലാ ദേശീയ-സംസ്ഥാന ആരോഗ്യ ഇൻഷുറൻസ് പദ്ധതികളും ഒറ്റ ഇൻഷുറൻസ് പദ്ധതിയുടേയും, ഭിന്നിച്ചു പോകുന്നത് കുറക്കുന്ന ഏകീകൃത ധനനിധിയുടേയും കീഴിലേക്ക് കൊണ്ടുവരും. വിവിധ ബദൽ സഹായമാർഗ്ഗങ്ങളിലും, അതായത് ഇൻഷുറൻസ് വഴി വാങ്ങുന്നത്, സ്വകാര്യമേഖലയിൽ നിന്നും നേരിട്ടു വാങ്ങുന്നത്, പൊതുമേഖലയിൽ നിന്നുള്ളത്, നികുതി അധിഷ്ഠിത ധനസഹായത്തിലൂടെ പൊതുമേഖലയിലുള്ള സൗജന്യസേവനം, എന്നിവയെല്ലാം വഴി, ഓരോ രോഗിക്കും വേണ്ടിവരുന്ന ഉദ്ദേശചിലവുകൾ മന്ത്രാലയത്തിന് ഇനി താരതമ്യം ചെയ്യാം. സർക്കാർ മേലിൽ നിയന്ത്രണത്തിന്റെയും മേൽനോട്ടത്തിന്റെയും ജോലി മാത്രമേ ഉറപ്പാക്കുകയുള്ളൂ. അങ്ങനെ, പൊതുപണം നൽകി, സ്വകാര്യ ആശുപത്രികൾക്കു വേണ്ട രോഗികളും സ്വകാര്യലാഭവും സർക്കാർ ഉറപ്പാക്കിക്കൊടുക്കും. ചികിത്സക്കു വേണ്ടിവരുന്ന മുഴുവൻ ചെലവും കാർഡു വഴി നികത്തിക്കൊടുക്കും.

ഇൻഷുറൻസ് വഴി വൈദ്യസഹായം നേടുന്ന, അമേരിക്കയിൽ നിലവിലിരിക്കുന്ന സംവിധാനത്തെക്കുറിച്ച് ഇതിനോട് ചേർത്തു പറയേണ്ടതുണ്ട്. ഇതു മൂലം അമേരിക്കൻ പൗരന്മാർ നേരിടുന്ന ഭയാനകമായ സ്ഥിതി, മൈക്കൽ മൂർ തന്റെ സിക്കോ എന്ന ഡോക്യുമെന്ററി ചിത്രം വഴി പുറത്തുകൊണ്ടുവന്നിരുന്നു. ഇൻഷുറൻസ് ഉള്ള വ്യക്തികൾക്കു പോലും എങ്ങനെ ചികിത്സ നിഷേധിക്കപ്പെടുന്നു, ലാഭാർത്തി മൂത്ത ഇൻഷുറൻസ് കമ്പനികളും, മരുന്നു വ്യവസായവും, സ്വകാര്യ ആശുപത്രികളും എങ്ങനെ ജനങ്ങളെ കൊള്ളയടിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു എന്ന് തെളിവുസഹിതം മൂർ കാട്ടിത്തരുന്നു. വ്യക്തിഗതവരിക്കാർ നേരിടേണ്ട അനന്തരഫലങ്ങൾ കടക്കെണി മുതൽ പ്രിയപ്പെട്ടവരുടെ ഒഴിവാക്കാവുന്ന മരണങ്ങൾ വരെയാണ്. അമേരിക്കയിലെ സാമ്രാജ്യത്വ ഭരണകൂടം എങ്ങനെയാണ് സ്വകാര്യ ആരോഗ്യ മുതലാളിമാരെ പിന്താങ്ങുന്ന നയങ്ങൾ പരസ്യമായി കൈക്കൊണ്ടതെന്നും, ശക്തമായ ആരോഗ്യ സംവിധാനത്തെ വമ്പൻ ലാഭം കൊയ്യുന്ന മുതലാളിമാർക്ക് അനുകൂലമായി ത്യജിച്ചതെന്നും ഈ ചിത്രം കാണിച്ചുതരുന്നു. ആരോഗ്യ കോർപ്പറേറ്റുകളെ സഹായിക്കുന്നതിനായി അഴിമതിക്കാരായ രാഷ്ട്രീയക്കാർ എങ്ങനെ കൈക്കൂലി വാങ്ങുന്നുവെന്നും നമുക്കു കാണാം. അതുപോലെ കാണിച്ചുതരുന്നത്, 9/11 ഗ്രൗണ്ട് സീറോ ദുരന്തത്തിൽ സന്നദ്ധസേവനം നടത്തിയ ഒരു കൂട്ടം അമേരിക്കൻ പൗരന്മാർ അസുഖബാധിതരായപ്പോൾ, അവരുടെ അസുഖത്തിന് ആരോഗ്യ പരിരക്ഷ നിഷേധിക്കപ്പെടുന്നു. പക്ഷേ, അവരെ സോഷ്യലിസ്റ്റ് ക്യൂബയിലേക്ക് കടൽ മാർഗ്ഗം കൊണ്ടുപോകാൻ സാധിക്കുമ്പോൾ, അവർക്ക് ഉയർന്ന നിലവാരത്തിലുള്ള, മതിയായ വൈദ്യസഹായം മാനുഷികപരിഗണനയോടുകൂടെ, സൗജന്യമായി ലഭിക്കുകയും അസുഖം ഭേദപ്പെടുകയും ചെയ്യുന്നു. അമേരിക്കയിൽ നിലനിൽക്കുന്ന ഈ വിനാശകരമായ സമ്പ്രദായം ഇന്ത്യയിലും പുനഃസൃഷ്ടിക്കുവാനാണ് കരടുനയം ലക്ഷ്യംവെക്കുന്നത്.

### മനുഷ്യശേഷി

ശരിയായ ആരോഗ്യപരിപാലനം നൽകുന്നതിനായി യോഗ്യതയുള്ള ഡോക്ടർമാരേയും, നഴ്സിംഗ് സ്റ്റാഫ് അടക്കമുള്ള മതിയായ എണ്ണം ജീവനക്കാരേയും ആവശ്യമുണ്ട്. ആയുഷ് (AYUSH) ബിരുദക്കാരെക്കൂടി കണക്കിലെടുത്താൽ, ഡോക്ടർ-ജനസംഖ്യ അനുപാതം, 1:700 ആണ്; ഇത് ആവശ്യകതയേക്കാൾ വളരെക്കുറവാണ്. മതിയായ ആസൂത്രണത്തിന്റെയും, ആഗിരണ-വിതരണ നയത്തിന്റെയും കുറവ് മറച്ചുപിടിക്കാൻ വേണ്ടി, രാജ്യത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും യോഗ്യതയുള്ള ഡോക്ടർമാരുടെ എണ്ണത്തിലുള്ള കുറവിനെപ്പറ്റിയുള്ള മുറവിളി ഉയർത്തുന്നത് പതിവാണ്. യോഗ്യതയുള്ള കൂടുതൽ ഡോക്ടർമാരെ സൃഷ്ടിക്കുകയെന്ന ആവശ്യം നിറവേറ്റാനായി, മുഖ്യമായും സ്വകാര്യമേഖലയിൽ, മെഡിക്കൽ കോളേജുകളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും എണ്ണം വർദ്ധിപ്പിക്കണമെന്ന് സർക്കാർ വാദിക്കുന്നു. എന്നാൽ അൽപ്പം യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനം സ്വീകരിക്കാതെ, ഇതുകൊണ്ടു മാത്രം ന്യൂനതകളിൽ മനുഷ്യശേഷിയുടെ ലഭ്യതയുടെ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയില്ല. നിലവിൽ തന്നെ ഭൂരിഭാഗം സ്വകാര്യ കോളേജുകളിലും, പ്രവേശനം മുതൽ പരീക്ഷ പാസ്സായി ഡിഗ്രി നേടുന്നതുവരെയുള്ള മുഴുവൻ പ്രക്രിയയും, വൻതുകകൾ കൈമാറി വാങ്ങിച്ചെടുക്കുന്ന അവസ്ഥയിലാണ്. സ്വാഭാവികമായും, മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ നിലവാരമാണ് ഇവിടെ ബലി കഴിക്കപ്പെടുന്നത്. പാസ്സാകുന്നവർക്ക് ഡിഗ്രിയുണ്ടാകും, എന്നാൽ തൊഴിൽക്ഷമത പരിമിതമായിരിക്കും. അതു മാത്രമല്ല, ഡിഗ്രി നേടുവാനായി വൻതുകകൾ മുടക്കിയ ശേഷം, തങ്ങളുടെ ജോലിയിലൂടെ അത് തിരിച്ചു പിടിക്കാൻ അവർ ശ്രമിക്കും. അതുകൊണ്ടു തന്നെ, ഒരിക്കൽ സാമൂഹികനൈതികതയുടെ ഭാഗമായ വൈദ്യശാസ്ത്രനൈതികതയും അതിവേഗം ഒലിച്ചുപോവുകയാണ്. മെഡിക്കൽ വിദ്യാഭ്യാസത്തെ ഇനിയും കച്ചവടവൽക്കരിക്കുന്നത്, വൈദ്യശാസ്ത്രനൈതികതയുടെ മഹത്തായ ധാർമ്മികമൂല്യങ്ങളെ പ്രായോഗികമായി നശിപ്പിക്കും. ലാഭം മാത്രം നോക്കുന്ന കുത്തകകളും ഭീമൻ കോർപ്പറേറ്റുകളും, മെഡിക്കൽ വിദ്യാഭ്യാസത്തിലെ തങ്ങളുടെ നിക്ഷേപത്തിൽ നിന്ന് എത്രയും പെട്ടെന്ന് പരമാവധി ലാഭം കൊയ്യുകയെന്നതിൽ മാത്രമാണ് ശ്രദ്ധ വെക്കുന്നത്. സാമൂഹികമൂല്യങ്ങളും കടമകളും വൈദ്യശാസ്ത്രനൈതികതയും തൊഴിൽപരമായ ഉത്തരവാദിത്തങ്ങളും അവർക്ക് പ്രശ്നമേയല്ല. ഡോക്ടർമാർ, മെഡിക്കൽ വിദ്യാർത്ഥികൾ, വിവിധ വിഭാഗങ്ങളിൽപ്പെട്ട ആരോഗ്യപ്രവർത്തകർ, കൂടാതെ ജനങ്ങളുമാകും ഇതിന്റെ സമൂഹത്തിലെ ആപത്കരമായ പരിണതഫലങ്ങൾ അനുഭവിക്കേണ്ടിവരിക.

ഈ കരടു നയത്തിന്റെ സ്രഷ്ടാക്കൾ, അവർക്കു മാത്രം അറിയുന്ന കാരണങ്ങൾ കൊണ്ട്, തങ്ങളുടെ സ്പഷ്ടമായ അജ്ഞത പ്രകടിപ്പിക്കുന്ന ഒരു വസ്തുതയുണ്ട്. അതായത്, ആരോഗ്യമേഖലയിലെ മനുഷ്യശേഷിയുടെ വികസനമെന്നത്, പൊതുജനാരോഗ്യ സേവനങ്ങൾ നടത്തുന്നതിനായി വിവിധ വിഭാഗങ്ങളിലുള്ള ആരോഗ്യപ്രവർത്തകർക്ക് - ആശ (Accredited Social Health Activist) മുതൽ ഡോക്ടർമാരും, കേന്ദ്ര-സംസ്ഥാന തലങ്ങളിൽ ഏറ്റവും ഉന്നതമായ തലത്തിലുള്ള ജീവനക്കാരുമടക്കമുള്ളവർക്ക്, വേണ്ടിവരുന്ന ആവശ്യങ്ങളെക്കുറിച്ചുള്ള വ്യക്തമായ മനസ്സിലാക്കലിനെ അടിസ്ഥാനമാക്കിയ, വളരെ സങ്കീർണ്ണമായ ഗവേഷണപ്രക്രിയയാണ്. എല്ലാവർക്കുമറിയാം, ദരിദ്രമായ അടിസ്ഥാന സൗകര്യവും, ഏറ്റവും കുറഞ്ഞ ചികിത്സാ ഉപകരണങ്ങളുടെ പോലും അഭാവവുമാണ് യോഗ്യതയുള്ള ഡോക്ടർമാരെ ഗ്രാമപ്രദേശങ്ങളിലെക്കു പോകുന്നതിൽ നിന്നും തടയുന്നത്. പലപ്പോഴും, വിവിധ സർക്കാരുകൾ സിഎച്ച്ജി, ടിഡി, വിഎച്ച്എസ്സി, ലിങ്ക് പേഴ്സൺ, നഗ്നപാദ ഡോക്ടർ എന്നിങ്ങനെ, പല പുതിയ ആരോഗ്യ കേഡറുകളും അവതരിപ്പിച്ചിട്ടുണ്ട്. അതിന്റെ ഫലമെന്താണെന്ന് ഇന്നെല്ലാവർക്കുമറിയാം. ഈ കേഡർ ജീവനക്കാർ ആരെയും തന്നെ ബന്ധപ്പെട്ട ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിനായി പരിശീലിപ്പിക്കുകയോ, വളർത്തിയെടുക്കുയോ ചെയ്തിരുന്നില്ല. അങ്ങനെ ഈ പ്രയത്നമെല്ലാം വെറും പ്രഹസനം മാത്രമായി മാറി. ഇപ്പോൾ ആശ പ്രവർത്തകർ, സുരക്ഷിത മാതൃത്വം പദ്ധതിയുടെ കീഴിൽ സ്ത്രീകളെ ആശുപത്രികളിൽ പ്രസവം നടത്താൻ പ്രോൽസാഹിപ്പിക്കുന്ന ജോലി, കുട്ടികളെ രോഗപ്രതിരോധ ക്ലിനിക്കുകളിലേക്ക് കൊണ്ടുവരിക, കുടുംബാസൂത്രണം (ശസ്ത്രക്രിയയിലൂടെയുള്ള വന്ധ്യംകരണം പോലെ) പ്രോൽസാഹിപ്പിക്കുക, പ്രഥമശുശ്രൂഷ നൽകുക, ജനസംഖ്യാപരമായ കണക്കുകൾ സൂക്ഷിക്കുക, ഗ്രാമത്തിലെ ശുചിത്വം മെച്ചപ്പെടുത്തുക, അങ്ങനെ നിരവധി പ്രവർത്തനങ്ങളാണ് തുച്ഛമായ വേതനത്തിനു കീഴിൽ നിർവ്വഹിക്കുന്നത്. കരട് നയമാകട്ടെ, കുറേക്കൂടി വലിയ പങ്കാണ് ആശ പ്രവർത്തകരിൽ നിന്നും സങ്കൽപ്പിക്കുന്നത്. രോഗപ്രതിരോധത്തിൽ തുടങ്ങി, സ്വാഭാവിക പ്രസവം, സാധാരണ അസുഖങ്ങളുടെ ചികിത്സ, പകർച്ചവ്യാധികൾ തടയൽ, എന്നിങ്ങനെ എല്ലാ ആരോഗ്യപ്രവർത്തനങ്ങളും അവർ നിർവ്വഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ കരട്നയം അവർക്ക് മതിയായ പരിശീലനം കൊടുക്കുന്നതിനെക്കുറിച്ച് പറയുന്നില്ല. മാത്രമല്ല, അവർ ദീർഘനാളായി ആവശ്യമുയർത്തുന്നതു പോലെ, ന്യായമായ കൂലിയും സൗകര്യങ്ങളും നൽകി അവരെ സ്ഥിരം ആരോഗ്യപ്രവർത്തകരായി അംഗീകരിക്കാൻ ശുപാർശ ചെയ്യുന്നുമില്ല. അപ്പോൾ, ഭൂരിഭാഗവും ഗ്രാമീണമേഖലയിലെ പാവപ്പെട്ട സ്ത്രീകൾ അടങ്ങുന്ന, ആശ പ്രവർത്തകർക്ക് വർദ്ധിച്ച ഉത്തരവാദിത്തങ്ങൾ നൽകുന്നു എന്നതു തന്നെ തെറ്റിദ്ധാരണാജനകമാണ്.

### ആയുഷ് ഡോക്ടർമാർ

ആരോഗ്യത്തിന്റെ പ്രതിരോധവും അഭിവൃദ്ധിയുമായി ബന്ധപ്പെട്ട വശങ്ങൾ ആയുഷ് (AYUSH) ഡോക്ടർമാരുടെ നേതൃത്വത്തിനു കീഴിൽ നടത്തുന്നതിനെക്കുറിച്ച് നയം പ്രസ്താവിക്കുന്നു. ആയുഷ് എന്നത്, ഇന്ത്യയിലെ അലോപ്പതി-ഇതര വൈദ്യസംവിധാനങ്ങളെ കുറിക്കുന്ന ചുരുക്കപ്പേരാണ്. 1995 മാർച്ചിൽ ഇന്ത്യൻ വൈദ്യ സംവിധാനങ്ങളുടെ വകുപ്പായി രൂപീകരിക്കപ്പെട്ട ഇതിൽ, ഇന്ത്യൻ വൈദ്യസംവിധാനങ്ങളായ ആയുർവേദം, യോഗ, യുനാനി, സിദ്ധ എന്നിവയും ഹോമിയോപ്പതിയും ഉൾപ്പെടുന്നു. നമുക്കറിയാം, വിവിധ ദേശീയ രോഗനിവാരണ പദ്ധതികളും രോഗപ്രതിരോധ നീക്കങ്ങളും, ആധുനിക വൈദ്യശാസ്ത്രത്തിന്റെ അടിത്തറയിലുള്ള പ്രതിരോധ ചികിത്സയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയവയാണ്. ആതുരശുശ്രൂഷയുടെ പ്രതിരോധവും ഉന്നമനവുമായി ബന്ധപ്പെട്ട വശങ്ങൾ ആധുനിക ശാസ്ത്രീയ ധാരണകളുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ, അതിൽ ശരിയായ പ്രാവീണ്യമില്ലാത്ത ആയുഷ് ഡോക്ടർമാരെ ഈ ജോലി ഏൽപ്പിക്കുന്നത് ഒരിക്കലും ശരിയായ തീരുമാനമല്ല. ബിജെപി തങ്ങളുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ പ്രസ്താവിച്ചത്, അവർ ആയുഷിനെ പ്രോൽസാഹിപ്പിക്കാനായി പൊതുമുതൽമുടക്ക് വർദ്ധിപ്പിക്കുമെന്നും, ഇന്ത്യൻ വൈദ്യസംവിധാനങ്ങളെ ആധുനികശാസ്ത്രവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള സംയോജിത കോഴ്സുകൾ തുടങ്ങുമെന്നുമാണ്. 2014 നവംബർ 9 മുതൽ ഈ വകുപ്പ് ഒരു സ്വതന്ത്ര മന്ത്രാലയമായി ഉയർത്തപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരട് നയമാകട്ടെ, ആയുഷ് സംവിധാനത്തിന്റെ ശാസ്ത്രീയ സംയോജനത്തിനും, ശരിയായ വിലയിരുത്തലും, ഗവേഷണവും ഉപയോഗവും നേടിയെടുക്കുന്നതിനും മതിയായ തുക വിലയിരുത്തുന്നതടക്കം, യാതൊരു വ്യക്തമായ പദ്ധതികളും മുന്നോട്ടു വെക്കുന്നില്ല. അങ്ങനെ, കാലപ്പഴക്കം ചെന്ന രീതികളെ ആധുനികവൈദ്യശാസ്ത്രവുമായി ബന്ധിപ്പിക്കുന്നതിന്റെ ആവശ്യകതയെ അവഗണിക്കുകയാണ്. ഇത് നടക്കാതിരിക്കുന്നിടത്തോളം, പരമ്പരാഗത നാടൻ രീതികൾക്ക് അശാസ്ത്രീയവും യുക്തിരഹിതവുമായ അമിതപ്രാധാന്യം ഉണ്ടാകും. ഇത്, ആരോഗ്യപ്രശ്നങ്ങളിൽ ഒരു ശാസ്ത്രീയ മനോഭാവം നേടാനല്ല, മറിച്ച്, അന്ധവിശ്വാസങ്ങളും, പഴഞ്ചൻ ചിന്തയും രീതികളും, പിന്തിരിപ്പൻ ആശയങ്ങളും വിശ്വാസങ്ങളും (മന്ത്രവാദം പോലെ) ഒക്കെ പ്രോൽസാഹിപ്പിക്കാനേ സഹായിക്കൂ. ഈ സാഹചര്യത്തിൽ, ആരോഗ്യത്തിന്റെ പ്രതിരോധവും ഉന്നമനവുമായി ബന്ധപ്പെട്ട വശങ്ങൾ ആയുഷ് ഡോക്ടർമാരുടെ നേതൃത്വത്തിനു കീഴിൽ നടത്തുക എന്ന കരട് നയത്തിന്റെ നിർദ്ദേശം, ജനങ്ങളുടെ ആരോഗ്യപരിപാലനത്തെ ഫലത്തിൽ താറുമാറാക്കുകയേ ഉള്ളൂ. അതുകൊണ്ട്, ആരോഗ്യപരിപാലനം ശാസ്ത്രീയമായി നിർവ്വഹിക്കണമെങ്കിൽ, രോഗ-വാഹക-പരിസ്ഥിതികളെ സംബന്ധിച്ച ശാസ്ത്രീയ ധാരണകളെപ്പറ്റി ശരിയായ അറിവുള്ള ഒരു എംബിബിഎസ് ഡോക്ടറുടെയെങ്കിലും നേതൃത്വത്തിനു കീഴിലാകണം ആയുഷ് ഡോക്ടർ പ്രവർത്തിക്കേണ്ടത്. ആയുഷ് ഡോക്ടർമാരും മറ്റ് ജീവനക്കാരും ഒരു സംയോജിതസംഘത്തിലെ പ്രധാന അംഗങ്ങളായിരിക്കും. ആയുഷ് ഡോക്ടർമാരുടെ പങ്ക് അനുബന്ധമായിരിക്കും, ബദൽ ആകില്ല. ഇതാണ് ആയുഷ് ഡോക്ടർമാരെ ഉപയോഗിക്കാനും ഉൾക്കൊള്ളാനുമുള്ള ഏറ്റവും മികച്ച മാർഗ്ഗം. ഇതുമായി ബന്ധപ്പെട്ട് കൂട്ടിച്ചേർക്കട്ടെ, ഇത്തരം ശ്രമങ്ങൾ വിജയകരമായി ചൈനയിലും വിയറ്റ്നാമിലും ഉത്തരകൊറിയയിലും ക്യൂബയിലും നടന്നിട്ടുണ്ട്. അപ്പോൾ, അത് ഇന്ത്യയിൽ ചെയ്യാൻ പാടില്ല എന്നതിന് യാതൊരു കാരണവുമില്ല.

അതുപോലെ നമുക്കറിയാം, രാജ്യത്ത് മതിയായ ആരോഗ്യരക്ഷാ സംവിധാനങ്ങളുടെ അഭാവത്തിൽ, പ്രത്യേകിച്ചും വിശാല ഗ്രാമീണ മേഖലകളിൽ, നിസ്സഹായരായ ഗ്രാമീണർ ഗ്രാമഡോക്ടർമാരെന്നും മുറിവൈദ്യന്മാരെന്നും ഒക്കെ അറിയപ്പെടുന്ന യോഗ്യതയില്ലാത്ത, അംഗീകാരമില്ലാത്ത, പ്രാദേശിക വൈദ്യന്മാരുടെയടുത്ത് ചികിത്സക്കായി പോകാൻ നിർബന്ധിതരാകുകയാണ്. കരട് നയം തന്നെ അംഗീകരിക്കുന്നത്, എൻഎസ്എസ്ഒ വിവരങ്ങൾ പ്രകാരം, 40% സ്വകാര്യ ഔട്ട്പേഷ്യന്റ് സേവനങ്ങൾ നൽകുന്നത് അവരാണത്രേ. ഇത്തരം ഗ്രാമീണഡോക്ടർമാരുടെ പ്രതിരൂപങ്ങളെ ചില നഗരഭാഗങ്ങളിലും കാണാം. അധികാരികൾ അപമാനിക്കുകയും പരിഹസിക്കുകയും ഒക്കെ ചെയ്തിട്ടും, ഈ യോഗ്യതയില്ലാത്ത ചികിത്സകർ കുറഞ്ഞ പക്ഷം പാവപ്പെട്ടവർക്ക് പ്രഥമശുശ്രൂഷയും, പ്രാഥമികമായ ചികിത്സയും നൽകുന്നതിൽ കുറച്ചു പങ്കു വഹിക്കുന്നുണ്ടെന്നത് നിഷേധിക്കാനാകാത്ത വസ്തുതയാണ്. ആ രീതിയിൽ അവർ ഉപകാരപ്പെടുന്നുണ്ട്. എന്നാൽ ഈ മുറിവൈദ്യ സമ്പ്രദായം ഒരു സർവസജ്ജമായ വൈദ്യസംവിധാനത്തിനു പകരമല്ല. സർക്കാരിന്റെ ഭാഗത്തു നിന്ന് ചെയ്യാവുന്ന ഫലപ്രദമായ നടപടി എന്തെന്നാൽ, ഇത്തരം യോഗ്യതയില്ലാത്ത ചികിത്സകരെ പരിശീലിപ്പിച്ച്, അംഗീകാരമുള്ള ആരോഗ്യപ്രവർത്തകരായി കണക്കിൽ പെടുത്തി, സർക്കാരിന്റെ ആഭിമുഖ്യത്തിൽ പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകാനുള്ള വിശാലമായ സംവിധാനത്തിലേക്ക് അവരെ ഉൾക്കൊള്ളിക്കുക എന്നതാണ്. ആശ പ്രവർത്തകരെ ഫലപ്രദമായി പിന്തുണക്കാൻ അവർക്കാകും.

### അടിസ്ഥാനസൗകര്യം

ശരിയായ ആരോഗ്യപരിപാലനത്തിന് മതിയായ അടിസ്ഥാനസൗകര്യവും ആവശ്യമുണ്ട്. കരട് നയമാകട്ടെ, എസ്എച്ച്സി (Sub Health Center), പിഎച്ച്സി (Primary Health Center), സിഎച്ച്സി (Community Health Center), എന്നിവയുടെ എണ്ണത്തിലുള്ള ഗുരുതരമായ കുറവിനെക്കുറിച്ച് സംശയകരമാം വിധം മൗനം പാലിക്കുന്നു. പ്രാഥമിക ആരോഗ്യ പരിപാലന സ്ഥാപനമായി എസ്എച്ച്സിയെ ഉൾക്കൊള്ളിക്കുമെന്ന് അതിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ വസ്തുതയെന്തെന്നാൽ, ആരോഗ്യപരിപാലനം നൽകേണ്ടവരുടെ അഭാവത്താൽ ഇതിൽ വളരെയധികം സ്ഥാപനങ്ങളും തീർത്തും ഉപയോഗിക്കപ്പെടാതെയോ, വളരെക്കുറച്ചു മാത്രം ഉപയോഗിക്കപ്പെട്ടോ കിടക്കുകയാണ്. പിന്നെങ്ങനെയാണ് എസ്എച്ച്സികളെ പ്രാഥമികാരോഗ്യ പരിപാലന കേന്ദ്രങ്ങളായി പ്രവർത്തിപ്പിക്കാൻ കഴിയുക? താഴെത്തട്ടിൽ പ്രാഥമികശുശ്രൂഷാ സേവനങ്ങൾ നൽകുവാനായി, എംബിബിഎസ് ഡോക്ടർമാരെ വ്യാപകമായി നിയോഗിച്ചുകൊണ്ടുള്ള അടിസ്ഥാനശിലയായ നടപടികൾ കരട് നയം നിർദ്ദേശിക്കുന്നില്ല. ഭോർ കമ്മിറ്റിയുടെ ശ്രദ്ധേയമായ

(ശേഷം 15-ാം പേജിൽ)

# സഖാവ് ഗണേഷ്കുമാറിനും സഖാവ് കെ.എസ്.എബ്രഹാമിനും ലാൽസലാം



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കോട്ടയം ലോക്കൽ കമ്മിറ്റിയംഗം സഖാവ് ഗണേഷ് കുമാർ കരൾ രോഗത്തെത്തുടർന്ന് ചികിത്സയിലായിരിക്കവേ മെയ് ഒന്നിന് അന്തരിച്ചു.

മഹാത്മഗാന്ധി യൂണിവേഴ്സിറ്റിയിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയായിരിക്കേയാണ് ഗണേഷ്കുമാർ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുമായി ബന്ധപ്പെടുന്നത്. ശ്ലാഘനീയമായ ധീഷണയുടെയും പാണ്ഡിത്യത്തിന്റെയും ഉടമയായിരുന്ന സഖാവ് ഗണേഷ്കുമാർ കോട്ടയം ജില്ലയിൽ പാർട്ടി കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ബ്രേക്ത്രൂ സയൻസ് സൊസൈറ്റിയുടെയും ട്രെൻഡ് ചർച്ചാവേദിയുടെയും പ്രധാന സംഘാടകനായിരുന്നു.

മെയ് 12ന് കോട്ടയം പബ്ലിക് ലൈബ്രറി ഹാളിൽ നടന്ന അനുസ്മരണയോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ അനുസ്മരണ പ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മെഡിക്കൽ കോളേജിലെ സർജറി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ.ജോസ് സ്റ്റാൻലി, മിനി കെ.ഫിലിപ്പ്, പ്രൊഫ.പി.എൻ.തങ്കച്ചൻ, എം.ആർ. മണി, ഇ.വി.പ്രകാശ്, ടി.ജെ.ജോണിക്കുട്ടി, എൻ.കെ.ബിജു തുടങ്ങിയവർ പ്രസംഗിച്ചു. ■



സംസ്ഥാനത്ത് പാർട്ടിയുടെ ഏതാണ്ട് ആരംഭകാലംമുതൽ പ്രവർത്തനങ്ങളിൽ പങ്കാളിയായിരുന്ന സഖാവ് കെ.എസ്.എബ്രഹാം (76) ശ്വാസകോശ സംബന്ധമായ അസുഖം മൂലം മേയ് 8 ന് രാത്രി നിര്യാതനായി. കൊല്ലം ജില്ലയിലെ കണ്ടച്ചിറയിലായിരുന്നു താമസം.

അങ്ങേയറ്റം പ്രതികൂലമായ സാഹചര്യങ്ങളെ നേരിട്ടുകൊണ്ടാണ് പാർട്ടി കേരളത്തിൽ അറുപതുകളുടെ അവസാനം പ്രവർത്തനമാരംഭിക്കുന്നത്. ജീവനുപോലും ഭീഷണിയുണ്ടായിരുന്ന അന്ന്, സഖാവ് ശിബ്ദാസ്ഘോഷിന്റെ ആശയങ്ങൾ സ്വീകരിച്ചുകൊണ്ട് സ്വന്തം പ്രദേശത്ത് പാർട്ടി കെട്ടിപ്പടുക്കാൻ സഖാവ് മുന്നോട്ടുവന്നു. പ്രചാരണരംഗത്ത് ഏറെ സഹായകരമായിരുന്ന ശരത് പ്രിന്റേഴ്സിൽ ഒരു ജീവനക്കാരനായി അദ്ദേഹം ദീർഘകാലം പ്രവർത്തിച്ചു. അസുഖംമൂലം ഏറെ ശാരീരിക ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നിട്ടും ജീവിതാന്ത്യംവരെ അചഞ്ചലമായ കൂറുപുലർത്തി പാർട്ടിയോടൊപ്പം നിലകൊണ്ട സഖാവ് എബ്രഹാമിന്റെ നിര്യാണത്തോടെ അനുഭവ സമ്പത്തുള്ള അടിയുറച്ച ഒരു സഖാവിനെയാണ് പാർട്ടിക്ക് നഷ്ടപ്പെട്ടത്. സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ്, സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ ഉൾപ്പടെ നിരവധിസഖാക്കൾ സംസ്കാര ചടങ്ങിൽ പങ്കെടുത്തു. ■

# കരട് ദേശീയ ആരോഗ്യനയം-2015

*(14-ാം പേജിൽ നിന്ന്)*

നിർദ്ദേശം, താഴേത്തട്ടിൽ ഉയർന്ന വൈദഗ്ദ്ധ്യമുള്ള ഡോക്ടർമാരെ നിയമിക്കണമെന്നതായിരുന്നു. എന്നാൽ, കരട് നയം പറയുന്നതാകട്ടെ, ആയുഷ് ഡോക്ടർമാർ, നഴ്സുമാർ, സാമൂഹികാരോഗ്യ പരിപാലനത്തിൽ ബിഎസ്സി ബിരുദമുള്ളവർ, എഎൻഎം, ആശ പ്രവർത്തകർ എന്നിവരെ താഴേത്തട്ടിൽ നിയമിക്കണമെന്നും. പ്രാഥമികാരോഗ്യ പരിപാലനം നൽകുന്നതിന് ഇതൊരു പരിഹാരമേ അല്ല. ആരോഗ്യസേവനങ്ങളുടെ ശരിയായ കൈമാറ്റത്തിനായി, നേരത്തേ പരാമർശിച്ചതുപോലെ, ഈ തലത്തിൽ കഴിവുറ്റ എംബിബിഎസ് ഡോക്ടർമാരുടെ ഒപ്പവും, മേൽനോട്ടത്തിലും ആയുഷ് ബിരുദക്കാർ ജോലിചെയ്യേണ്ടത് ആവശ്യമാണ്.

കൂടാതെ കരട് നിർദ്ദേശിക്കുന്നത്, സിഎച്ച്സിയെ രണ്ടാംഘട്ട ആശുപത്രിയായി പരിവർത്തനം ചെയ്യുമെന്നാണ്. ഇതൊരു വ്യാമോഹം സൃഷ്ടിക്കുകയല്ലാതെ ഒന്നുമല്ല. എന്തായിരിക്കും ഈ ആശുപത്രികളുടെ അടിസ്ഥാന സൗകര്യം? ഒരു രണ്ടാംശ്രേണി ആശുപത്രിക്ക് പ്രത്യേകം, മെഡിസിൻ, ശിശുരോഗചികിത്സ, ഗൈനക്കോളജി, ശസ്ത്രക്രിയ, നേത്രരോഗ ചികിത്സ, ഇഎൻടി, ദന്തരോഗ ചികിത്സ, അസ്ഥിരോഗവിഭാഗം, ത്വക്ക് രോഗചികിത്സ തുടങ്ങിയ വകുപ്പുകളുണ്ടാകണമെന്നത് നിർബന്ധമാണ്. വെറും 30 കിടക്കകൾ മാത്രമുള്ള ഒരു ആശുപത്രിക്ക് എങ്ങനെ ഇത്രയും വൈദഗ്ദ്ധ്യങ്ങൾ കൈകാര്യം ചെയ്യാനാകും? മാത്രവുമല്ല, നിലവിലുള്ള ആരോഗ്യമാനദണ്ഡങ്ങൾ പ്രകാരം, ഓരോ സിഎച്ച്സിയിലും ഒരു ലക്ഷം ജനസംഖ്യക്ക് 30 കിടക്കകൾ ഉണ്ടാകണം. യഥാർത്ഥത്തിൽ, ഭൂരിപക്ഷം ബ്ലോക്ക് തല സിഎച്ച്സികളും ശരാശരി രണ്ടര ലക്ഷം ജനസംഖ്യക്കു മേലേയാണ് സേവിക്കുന്നത്. അതായത്, സിഎച്ച്സിയിൽ, എല്ലാ അവശ്യ വിഭാഗങ്ങളും സൗകര്യങ്ങളോടും കൂടി കുറഞ്ഞത് 100 കിടക്കകൾ എങ്കിലും ഉണ്ടാവുക എന്നതാണ് ആവശ്യം. അല്ലെങ്കിൽ സിഎച്ച്സിയെ രണ്ടാംതല ആശുപത്രിയാക്കി ഉയർത്തുന്നു എന്ന് അവകാശപ്പെടുന്നതിൽ യാതൊരു അർത്ഥവുമില്ല. അത് വെറുമൊരു പേരുമാറ്റം മാത്രമാകും. അതുപോലെ, എസ്എച്ച്സികളുടേയും പിഎച്ച്സികളുടേയും സ്ഥിതിയും ദയനീയമാണ്. ഇത് എങ്ങനെ മെച്ചപ്പെടുത്താം എന്ന് കരട് നയം പറയുന്നില്ല. ഐപിഎച്ച്എസ് പ്രകാരം എസ്എച്ച്സി, പിഎച്ച്സി, സിഎച്ച്സി എന്നിവയുടെ എണ്ണത്തിൽ ഭീമമായ കുറവുണ്ട്. ഈ വിടവ് നികത്തുന്നതിനെക്കുറിച്ച് കരട് നയം നിശ്ശബ്ദമാണ്. നിലവിലുള്ള ഐപിഎച്ച്എസ് മാനദണ്ഡപ്രകാരം മതിയായ അടിസ്ഥാനസൗകര്യം ഒരുക്കുകയെന്നത് അടിയന്തിരമായ അനിവാര്യതയാണ്.

### മരുന്നുകൾ

അവസാനമായി, മരുന്നുകളുടെ ലഭ്യത - സൗജന്യമായോ അല്ലെങ്കിൽ താങ്ങാവുന്ന വിലക്കോ, സംബന്ധിച്ച ചോദ്യമാണ്. തികഞ്ഞ ഗുണനിലവാരമുള്ള അവശ്യ-ജീവൻരക്ഷാ മരുന്നുകൾ ഒരു ജനകീയ ആരോഗ്യ നയത്തിന്റെ നിർമ്മാണത്തിൽ തുല്യപ്രാധാന്യമുള്ളതാണെന്ന് പറയേണ്ടതില്ലല്ലോ. മുൻകാല ദേശീയ ആരോഗ്യനയങ്ങളിലും, ഇപ്പോഴത്തെ ദേശീയ ആരോഗ്യനയത്തിലും പ്രസ്താവിക്കുന്നത്, ഗുണനിലവാരമുള്ള ജനറിക് മരുന്നുകൾ സർക്കാർ ഔട്ട്ലെറ്റുകളിലൂടെ സൗജന്യമായി വിതരണം ചെയ്യുമെന്നാണ്. ഗുണനിലവാരം അവിടെ നിൽക്കട്ടെ, ദേശീയ അവശ്യ മരുന്നു പട്ടികയിൽ പറയുന്നവയടക്കമുള്ള ജനറിക് മരുന്നുകൾ പോലും ആവശ്യമായ അളവിൽ നിർമ്മാതാക്കൾ ഉത്പാദിപ്പിക്കുന്നില്ല. അങ്ങനെ നിർമ്മിക്കുന്നതിന് അവരെ നിർബന്ധിക്കാൻ സർക്കാരിന് കരുത്തു പകരുന്ന യാതൊരു നിയമവുമില്ല. നിയമം ഭേദഗതി ചെയ്യാനും യാതൊരു നീക്കവുമില്ല. മുതലാളിത്ത ആഗോളവൽക്കരണ-ഉദാരവൽക്കരണത്തിന്റെ ആപത്കരമായ നയം നടപ്പാക്കിയതിനെ തുടർന്ന്, പൊതുമേഖലയിലെ മരുന്നു കമ്പനികളെ മനഃപൂർവ്വം രോഗാതുരമാക്കുകയും, മേഖലയെ സ്വകാര്യ നടത്തിപ്പുകാർക്കായി തുറന്നു കൊടുക്കുകയും ചെയ്തു. ഇവരാകട്ടെ, മരുന്നു വില നിയന്ത്രണ ഉത്തരവ് (DPCO - അവശ്യ വസ്തു നിയമത്തിനു കീഴിൽ, വ്യാപകമായി ഉപയോഗിക്കപ്പെടുന്ന ചില അവശ്യമരുന്നുകളുടേയും അവയുടെ കൂട്ടുകളുടേയും വില നിശ്ചയിക്കുന്നതിന് സഹായിക്കുന്നതിന് സർക്കാർ ഇറക്കിയ ഉത്തരവ്) അവഗണിച്ച്, മിക്കവാറും എല്ലാ മരുന്നുകളുടേയും വില ഉയർത്തി നിലനിർത്താൻ പോലും ധൈര്യം കാണിക്കുന്നു. വാസ്തവത്തിൽ, നിലവിൽ തന്നെ വ്യാപകമായി ഉപയോഗിക്കുന്ന മിക്കവാറും എല്ലാ മരുന്നുകളും, വളരെയധികം അവശ്യ ജീവൻരക്ഷാ മരുന്നുകളും വില നിയന്ത്രണ നടപടികളുടെ പുറത്താണ്. ഒപ്പം കൂട്ടിച്ചേർക്കട്ടെ, ജനകീയ സമ്മർദ്ദത്തെ തുടർന്ന് കഴിഞ്ഞ കോൺഗ്രസ് സർക്കാർ ഏർപ്പെടുത്താൻ നിർബന്ധിതമായ, അവശ്യ-ജീവൻ രക്ഷാ മരുന്നുകളുടെ മേലുള്ള പരിമിതമായ വിലനിയന്ത്രണം ഉണ്ടായിട്ടു കൂടി, മരുന്നു വിലകൾ അങ്ങേയറ്റം ദരിദ്രമായ നമ്മുടെ രാജ്യത്തെ ജനങ്ങളുടെ കൊക്കിലൊതുങ്ങുന്നതല്ല. ഇതു മൂലം ഓരോ വർഷവും ആയിരക്കണക്കിന് രോഗികളാണ്, മരുന്നിന്റെയും ചികിത്സയുടേയും അഭാവത്തിൽ മരണത്തിലേക്ക് തള്ളിവിടപ്പെടുന്നത്. എണ്ണം കൊണ്ട് കുട്ടികളാണ് ഇതിന്റെ ഏറ്റവും മോശം ഇരകൾ. എന്നാൽ അധികാരത്തിലേറി മാസങ്ങൾക്കകം തന്നെ ബിജെപി സർക്കാർ ജീവൻരക്ഷാ - അവശ്യ മരുന്നുകളുടെ പരിമിതമായ വിലനിയന്ത്രണം ഒറ്റയടിക്ക് റദ്ദാക്കി. ഇതുവഴി, ബഹുരാഷ്ട്ര മരുന്നുഭീമന്മാർക്കും ആഭ്യന്തര മരുന്നു കമ്പനികളുടെ ഉടമസ്ഥരായ കുത്തകകൾക്കും മരുന്നുവിലകൾ ആകാശം മുട്ടെ ഉയർത്താനും, ഇന്ത്യയിലെ ദരിദ്രരുടേയും താഴേ ഇടത്തരക്കാരുടേയും രോഗികളുടേയും ജീവന്റെ ചെലവിൽ വമ്പൻ ലാഭം കൊയ്യാനും അവസരമുണ്ടാക്കി. ഈ നീക്കം 108 അവശ്യമരുന്നുകളുടെ വിലയിൽ ഭീമമായ വർദ്ധനവിന് തിരി കൊളുത്തി. 4000 രൂപക്ക് നേരത്തേ ലഭ്യമായിരുന്ന ഒരു കാൻസർ മരുന്നിന് ഇപ്പോൾ ലക്ഷം രൂപ വരെ വില വർദ്ധിച്ചിരിക്കുന്നു. അപ്പോൾ, അവശ്യ മരുന്നുകൾ ഒരു സുശക്തമായ മരുന്ന് ഉൽപ്പാദന-വിതരണ-വില നിയന്ത്രണ സംവിധാനത്തിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കുന്ന കർത്തവ്യം സർക്കാർ ഏറ്റെടുക്കുന്നതിനു പകരം (ഏതൊരു പരിഷ്കൃത സർക്കാരും ഏറ്റെടുക്കുമെന്ന പ്രതീക്ഷിക്കപ്പെടുന്ന കർത്തവ്യം), ഇത്രയും പ്രധാനപ്പെട്ട ഒരു മേഖലയെ, സ്വകാര്യഭീമന്മാരുടെ അഭീഷ്ടത്തിനും ഉപായങ്ങൾക്കുമായി മുഴുവനായും വിട്ടു കൊടുക്കുന്നു. അതുപോലെ, മെഡിക്കൽ പരിശോധന ഉപകരണങ്ങളുടേയും യന്ത്രങ്ങളുടേയും നിർമ്മാണം, മൊത്തമായും സ്വകാര്യമേഖലയുടെ വരുതിയിലാണ്, അതിനാൽ തന്നെ അവ അത്യധികം വിലയേറിയതുമാകുന്നു. ഒരു ജനകീയ ആരോഗ്യ നയത്തിന് എതിരായാണ് ഇതെല്ലാം നടക്കുന്നത്.

ഇതു മാത്രമല്ല, തന്റെ കഴിഞ്ഞ വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പു മന്ത്രി അരുൺ ജയ്റ്റ്ലി പ്രസ്താവിച്ചത്, എല്ലാവർക്കും ആരോഗ്യം എന്നതിലേക്ക് നീങ്ങണമെങ്കിൽ രണ്ട് പ്രധാന സംരംഭങ്ങൾ, അതായത് സൗജന്യ മരുന്നു സഹായം, സൗജന്യ പരിശോധന സഹായം, എന്നിവ മുൻഗണനാക്രമത്തിൽ ഏറ്റെടുക്കേണ്ടതുണ്ട്. പക്ഷേ, ബജറ്റിൽ അതിനു യാതൊരു നീക്കിവെപ്പും ഉണ്ടായിരുന്നില്ല. ഈ വർഷത്തെ അദ്ദേഹത്തിന്റെ ബജറ്റ് പ്രസംഗത്തിൽ, മരുന്ന്, ചികിത്സ, പരിശോധന എന്നീ വാക്കുകൾ എങ്ങും പ്രത്യക്ഷപ്പെട്ടതു പോലുമില്ല. അതായത്, പതിവു വാഗ്ദാനങ്ങളെല്ലാം കടലാസിൽ തന്നെ ഒതുങ്ങി. അതു മാത്രമല്ല. പൊതുജനാരോഗ്യ മേഖലയിൽ നിന്നും സർക്കാർ പൂർണ്ണമായും പിൻമാറുന്നതിലേക്കുള്ള അടുത്ത ചുവടായി, സൗജന്യ മരുന്നിനും പരിശോധനക്കുമുള്ള കേന്ദ്ര പദ്ധതി തന്നെ സർക്കാർ അടുത്തിടെ ഉപേക്ഷിച്ചു. മുറിവിനുമേൽ അപമാനം കൂടി കൂട്ടിച്ചേർത്തു കൊണ്ട്, വാർഷിക വില പുനർനിർണ്ണയത്തിന്റെ പേരിൽ 509 അവശ്യ മരുന്നുകളുടെ കൂട്ടുകൾക്ക്- ഇൻസുലിൻ, ഹെപ്പറ്റൈറ്റിസ് കുത്തിവെപ്പ്, പ്രമേഹത്തിനുള്ള മരുന്നുകൾ, ആന്റിബയോട്ടിക്കുകൾ, ചില കാൻസർ മരുന്നുകൾ എന്നിവ അടക്കം, വില ഉയർത്താൻ മരുന്നു കമ്പനികളെ ബിജെപി സർക്കാർ അനുവദിച്ചു. അതായത്, ദാരിദ്ര്യരേഖക്കു താഴെയുള്ള ജനങ്ങൾക്ക് സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യുകയും, മറ്റുള്ളവർക്ക് എത്രത്തോളം കുറഞ്ഞ വിലക്ക് അവ ലഭ്യമാക്കാം എന്നു പരിശോധിക്കുകയും ചെയ്യുക എന്നതാണ് ആവശ്യമെന്നിരിക്കെ, സർക്കാരാകട്ടെ വിലകൾ ഉയർത്താനും, മരുന്നുൽപ്പാദക ഭീമന്മാർക്ക് കൊള്ളലാഭമുണ്ടാക്കി കൊടുക്കാനുമുള്ള അത്യുൽസാഹത്തിലാണ്.

### ആരോഗ്യപ്രസ്ഥാനം അനിവാര്യം

അപ്പോൾ, ഇവിടെ വ്യക്തമാകുന്നത് ഈ നീക്കം സമ്പൂർണ്ണമായും, ജനത്തെ കുറച്ച് മധുരഭാഷണത്തിലൂടെ വഞ്ചിക്കുകയും, അണിയറയിൽ ആതുരസേവനത്തെ മുഴുവനായും കച്ചവടവൽക്കരിക്കുകയും, സ്വകാര്യ മുതലാളിമാർക്ക് കമ്പോളാടിസ്ഥാനത്തിൽ നടത്താൻ ആരോഗ്യമേഖലയെ വിട്ടുകൊടുക്കുകയുമാണ്. സർക്കാർ ആശുപത്രികളിലേക്ക് സ്വകാര്യ നടത്തിപ്പുകാരുടെ പ്രവേശനം, പൊതുസ്വകാര്യ പങ്കാളിത്തത്തിലൂടെയും മറ്റു വഴികളിലൂടെയും കൂടുതൽ സുഗമമാക്കി കൊടുക്കുകയാണ്. നിർദ്ദിഷ്ട പൊതുസ്വകാര്യ പങ്കാളിത്ത വഴിയെന്നത്, സർക്കാരിന് ചില മേൽനോട്ട ചുമതലകളല്ലാതെ ഒന്നും ചെയ്യാനില്ലാത്ത ഒരു പ്രത്യേക തരത്തിലുള്ളതാണ്. തീർച്ചയായും, സ്വകാര്യമേഖല സർക്കാരിന്റെ മുഴുവൻ സൗകര്യങ്ങളും സന്തോഷത്തോടെ ഉപയോഗിച്ചു കൊണ്ട്, പൊതുതാൽപ്പര്യത്തിനു മേലെ തങ്ങളുടെ വാണിജ്യതാൽപ്പര്യങ്ങൾ അടിച്ചേൽപ്പിക്കും. അങ്ങനെ അത്തരത്തിലൊരു നയം, കൊടിയ ദാരിദ്ര്യത്തിലും പരാധീനതകളിലും നരകിക്കുന്ന രാജ്യത്തെ ജനങ്ങൾക്ക് അങ്ങേയറ്റം വിനാശകാരിയായി ഭവിക്കും. ഇങ്ങനെയാണ് ബിജെപിയുടെ എല്ലാവർക്കും ആരോഗ്യം എന്ന തെരഞ്ഞെടുപ്പു വാഗ്ദാനം നിറവേറ്റപ്പെടുന്നത്. ഇത് തെളിയിക്കുന്നത്, ഭരിക്കുന്ന മുതലാളിവർഗ്ഗത്തെ സേവിക്കുന്ന പാർട്ടികൾ തെരഞ്ഞെടുപ്പിനു മുമ്പ് ഒരു കാര്യം വാഗ്ദാനം ചെയ്യുകയും, അധികാരത്തിൽ ഉറച്ചതിനു ശേഷം അതിന് നേരേ വിപരീതമായത് പ്രവർത്തിക്കുകയും ചെയ്യും എന്നാണ്. എന്തു കൊണ്ട്? കാരണം ഓരോ ദിനം കഴിയുന്തോറും ഭരിക്കുന്ന മുതലാളിത്തം ആഴമേറിയ, അപരിഹാര്യമായ കമ്പോളപ്രതിസന്ധിയിലേക്ക് കൂടുതൽ കൂടുതൽ കൂപ്പുകുത്തുകയാണ്. ആ പ്രതിസന്ധിയാകട്ടെ, അതിന്റെ തന്നെ ഉത്പന്നവുമാണ്. അതുകൊണ്ട് ഭരിക്കുന്ന മുതലാളിവർഗ്ഗം, ജനങ്ങളെ അവരുടെ അവസാന തുള്ളി രക്തം വരെ ഊറ്റിയെടുത്ത്, കൊള്ളലാഭം കൊയ്യാനുള്ള പുതിയ ബദൽമാർഗ്ഗങ്ങൾ തേടിക്കൊണ്ടേയിരിക്കും. ഊർദ്ധ്വശ്വാസം വലിക്കുന്ന മുതലാളിത്തത്തിന് ജീവവായു നൽകാനായുള്ള സാമ്രാജ്യത്വ അജണ്ടയായ ആഗോളവൽക്കരണത്തിന്റെ, അവിഭാജ്യഘടകമായി ഉയർത്തിക്കാട്ടുന്നത് ഉദാരവൽക്കരണ-സ്വകാര്യവൽക്കരണ സിദ്ധാന്തമാണ്. അത് ആവശ്യപ്പെടുന്നതാകട്ടെ, അവശ്യ പൊതുസേവനങ്ങളിൽ നിന്നും സർക്കാർ കൂടുതലായി പിന്മാറിക്കൊണ്ട്, ആ മേഖലകൾ മുതലാളിമാർക്കായി കൈമാറാനാണ്. അതുകൊണ്ട്, പൊതുതാൽപ്പര്യത്തെ തീർത്തും അവഗണിച്ചുകൊണ്ടും, വൈദ്യശാസ്ത്രനൈതികതയെ ഭംഗിയായി കുഴിച്ചുമൂടിക്കൊണ്ടും, ആരോഗ്യമേഖലയുടെ സമ്പൂർണ്ണസ്വകാര്യവൽക്കരണത്തിന്റെ നയമാണ്, മുതലാളിത്ത വർഗ്ഗതാൽപ്പര്യത്തിന് അടിമവേല ചെയ്യുന്ന സർക്കാർ പിന്തുടരുന്നത്. ഈ വിനാശകരമായ ആരോഗ്യനയത്തിനെതിരേ ഉണർന്നെഴുന്നേൽക്കുവാനും പ്രതിഷേധിക്കുവാനും, ശക്തവും സംഘടിതമായ ആരോഗ്യ പ്രസ്ഥാനം രാജ്യത്ത് വളർത്തിയെടുത്ത് സ്ഥാപിത താൽപ്പര്യങ്ങളുടെ ഹീനപദ്ധതികളെ പരാജയപ്പെടുത്തുവാനും, എല്ലാ ഡോക്ടർമാരോടും, ആരോഗ്യപ്രവർത്തകരോടും, ശരിയായി ചിന്തിക്കുന്ന മുഴുവൻ ആളുകളോടും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. ●

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/05/2015
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

UNITY
MALAYALAM MONTHLY

Vol 42 No.2
Price : Rs 5.00
May 2015

# മീനാകുമാരി റിപ്പോർട്ടിനെതിരെ രാജ്ഭവനിലേയ്ക്ക് പ്രതിഷേധ മാർച്ച്

മൽസ്യമേഖലയെ ആകെ പ്രതിസന്ധിയിലേക്ക് തള്ളുന്ന മീനാകുമാരി കമ്മിറ്റി റിപ്പോർട്ടും അതിനെ അധികരിച്ചിറക്കിയ കേന്ദ്രസർക്കാർ ഉത്തരവും പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എഐയുറ്റിയുസിയുടെ നേതൃത്വത്തിലുള്ള കേരള മൽസ്യസംസ്ക്കരണ തൊഴിലാളി യൂണിയനും (കെഎംഎസ്റ്റിയു) കേരള മൽസ്യബന്ധന തൊഴിലാളി യൂണിയ(കെഎംബിടിയു)നും സംയുക്തമായി രാജ്ഭവൻ മാർച്ച് നടത്തി. മത്സ്യബന്ധന തൊഴിലാളികളോടൊപ്പം മത്സ്യസംസ്കരണതൊഴിലാളികളായ ആയിരത്തോളം സ്ത്രീതൊഴിലാളികളും ആവേശകരമായി മുദ്രാവാക്യം മുഴക്കിക്കൊണ്ട് അണിനിരന്ന മാർച്ച് രാജ്ഭവനുമുന്നിൽ പോലീസ് തടഞ്ഞു. തുടർന്നു നടന്ന ധർണ്ണ എഐയുടിയുസി സംസ്ഥാന പ്രസിഡന്റ് സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്തു. പൊതുസമ്പത്തും പ്രകൃതി വിഭവങ്ങളുമാകെ കോർപ്പറേറ്റുകൾക്ക് അടിയറവയ്ക്കുന്ന മോദി സർക്കാരിന്റെ നയത്തിന്റെ ഭാഗമായിട്ടാണ് കടലും സ്വദേശ-വിദേശ കുത്തകകൾക്ക് തീറെഴുതുന്നതെന്ന് അദ്ദേഹം പറഞ്ഞു. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിനെതിരെ തീരദേശ സംസ്ഥാനങ്ങളിലുടനീളം ഉയർന്നുവരുന്ന പ്രതിഷേധങ്ങളെ അവഗണിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന നരേന്ദ്രമോദി സർക്കാരിനെ നിലയ്ക്കുനിർത്താൻ ശക്തമായ പ്രക്ഷോഭണം ആവശ്യമാണെന്നും സഖാവ് സി.കെ.ലൂക്കോസ് പറഞ്ഞു. എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് എസ്.സീതിലാൽ അദ്ധ്യക്ഷത വഹിച്ചു. ആഴക്കടൽ മത്സ്യബന്ധനത്തിന്റെ പേരിൽ സ്വദേശ-വിദേശ കുത്തകകളുടെ വൻകിട കപ്പലുകൾക്ക് അനിയന്ത്രിതമായി ലൈസൻസ് നൽകുവാനും പിടിക്കുന്ന മത്സ്യം കടലിൽവെച്ച് തന്നെ സംസ്കരിച്ച് കയറ്റുമതി ചെയ്യുവാനുമുള്ള അനുമതി നൽകുന്ന 2014 നവംബർ 12 ലെ കേന്ദ്രസർക്കാർ ഉത്തരവ് പിൻവലിക്കുന്നതുവരേയും സമരവുമായി മുമ്പോട്ടുപോകുമെന്ന് സഖാവ് സീതിലാൽ പറഞ്ഞു. കേരള മത്സ്യസംസ്ക്കരണ തൊഴിലാളി യൂണിയൻ നേതാക്കളായ രേവമ്മ ചന്ദ്രൻ, വസന്ത ബാലചന്ദ്രൻ, ആർ.അർജ്ജുനൻ, കെ.പി.സുബൈദ, കേരള മൽസ്യബന്ധന തൊഴിലാളി യൂണിയൻ നേതാക്കളായ പി.ആർ.സതീശൻ, കെ.പ്രതാപൻ, കേരള ഫിഷ് വർക്കേഴ്സ് ഫോറം നേതാവ് സുരേഷ്, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന ജോയിന്റ് സെക്രട്ടറി കെ.ജെ.ഷീല എന്നിവർ പ്രസംഗിച്ചു.

രാജ്ഭവൻ മാർച്ചിനും ധർണ്ണയ്ക്കും എഐയുറ്റിയുസി സംസ്ഥാന നേതാക്കളായ പി.എം.ദിനേശൻ, ഡി.ഹരികൃഷ്ണൻ, എം.എ.ബിന്ദു, കെ.പി.മനോഹരൻ, എം.എ.സൂസി എന്നിവരും കെഎംഎസ്റ്റിയു നേതാക്കളായ സുഭദ്രാമുകുന്ദൻ, വി. ഉഷാകുമാരി, മൈന ഗോപിനാഥ്, ഷാനി നൂറാനി, ശോഭന, സീത, ഹേമ സുരേഷ്, റോസിലി സന്ധ്യാവ്, സരസി രാജൻ, എം.പി.കാർത്തികേയൻ തുടങ്ങിയവരും കെഎംബിറ്റിയു നേതാക്കളായ കെ.കെ. വിക്രമൻ, വർഗ്ഗീസ്കുട്ടി മുണ്ടുപറമ്പിൽ, സി.കെ.തിലകൻ, കെ.കെ.വിജയൻ, സി.കെ.തിലകൻ തുടങ്ങിയവരും നേതൃത്വം നൽകി. കെഎംഎസ്റ്റിയു പ്രസിഡന്റ് ഡി.സുന്ദരേശൻ, രേവമ്മ ചന്ദ്രൻ, രജേശ്വരി കുഞ്ഞുമോൻ, റെജി പുന്നപ്ര എന്നിവർ ചേർന്ന് ഗവർണർക്ക് നിവേദനം സമർപ്പിച്ചു. ■



മീനാകുമാരി റിപ്പോർട്ട് തള്ളിക്കളയുവാനാവശ്യപ്പെട്ടു നടന്ന രാജ്ഭവൻ മാർച്ച് എഐയുടിയുസി സംസ്ഥാന പ്രസിഡന്റ് സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു



രാജ്ഭവൻ മാർച്ചിന്റെ ഒരു ദൃശ്യം

## കോംസമോൾ ഏകദിന പഠന പരിപാടി

യുവകമ്മ്യൂണിസ്റ്റ് ദളമായ കോംസമോൾ സംസ്ഥാനഘടകത്തിന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശ്ശേരിയിൽ മെയ് ഒന്നാം തീയതി വിപുലീകൃതയോഗവും പഠനപരിപാടിയും നടന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)പാർട്ടിയുടെ പോളിറ്റ് ബ്യൂറോ അംഗം സഖാവ് കൃഷ്ണ ചക്രവർത്തി ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. മാർക്സിസ്റ്റ് ജീവിതവീക്ഷണം എന്ന വിഷയത്തിലൂന്നിയുള്ള ക്ലാസ്സുകളും ചർച്ചകളുമാണ് നടന്നത്. ഒരു വ്യക്തിയുടെ ജീവിതം അതിന്റെ പൂർണ്ണ സൗന്ദര്യവും മഹനീയതയും കൈവരിക്കുന്നത് സ്വയം സമൂഹത്തിനായി സമർപ്പിക്കുമ്പോഴാണ് എന്നദ്ദേഹം സഖാക്കളെ ഓർമപ്പെടുത്തി. തനിക്കായി സമൂഹത്തിൽനിന്ന് എത്ര സ്വീകരിക്കുന്നു എന്നതല്ല സമൂഹത്തിന് എത്ര സമർപ്പിക്കുന്നു എന്നതായിരിക്കണം ജീവിതലക്ഷ്യത്തെ നിർണ്ണയിക്കേണ്ട മാനദണ്ഡം എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പഠനപരിപാടിയിൽ കോംസമോൾ സംസ്ഥാന സെക്രട്ടറി മേധ സുരേന്ദ്രനാഥ് അധ്യക്ഷതവഹിച്ചു. പാർട്ടിസംസ്ഥാന സെക്രട്ടറിയും കേന്ദ്ര കമ്മിറ്റി അംഗവുമായ സഖാവ് സി.കെ.ലൂക്കോസ് പഠനപരിപാടി ഉദ്ഘാടനം ചെയ്തു. പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളായ സഖാക്കൾ വി.വേണുഗോപാൽ, ജി.എസ്.പത്മകുമാർ, ജയ്സൺ ജോസഫ് എന്നിവരും സന്നിഹിതരായിരുന്നു. ■



സഖാവ് കൃഷ്ണ ചക്രവർത്തി ക്ലാസ്സെടുക്കുന്നു. വേദിയിൽ സഖാക്കൾ സി.കെ.ലൂക്കോസ്, വി.വേണുഗോപാൽ, മേധ സുരേന്ദ്രനാഥ് തുടങ്ങിയവർ

## ജനകീയ പ്രതിരോധ സമിതി ഓഫീസ് ഉദ്ഘാടനം

ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ സ്ഥാപിച്ച കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിക്ക് മുളന്തുരുത്തിയിൽ ഓഫീസ് പ്രവർത്തനം ആരംഭിച്ചു. ജനകീയ പ്രവർത്തകർ തിങ്ങിനിറഞ്ഞ സദസ്സിൽ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം നിർവഹിച്ചു.

ജനങ്ങൾ തെരഞ്ഞെടുത്ത ഭരണാധികാരികൾ ജനവിരുദ്ധ നയങ്ങളുടെ വ്യക്താക്കളായി മാറുകയും പ്രതിപക്ഷം സമവായ രാഷ്ട്രീയം അനുവർത്തിച്ച് ഫലത്തിൽ ജനങ്ങളെ വഞ്ചിക്കുകയും ചെയ്തിരിക്കുകയാണ്. തികച്ചും ജനദ്രോഹമായി മാറിയിരിക്കുന്ന നയങ്ങളെയും നടപടികളെയും ചോദ്യം ചെയ്യാനും തിരുത്താനുമായി കക്ഷിരാഷ്ട്രീയത്തിനും ജാതി-മത ചിന്താഗതികൾക്കും ഉപരിയായി ജനങ്ങളെ അണിനിരത്തുന്നതിനുവേണ്ടി നിലകൊള്ളുന്ന പ്രസ്ഥാനമാണ് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയെന്ന് ഡോ.വി.വേണുഗോപാൽ അഭിപ്രായപ്പെട്ടു. വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നടത്തുന്ന സമരങ്ങൾ എല്ലാം പരാജയപ്പെടുമ്പോൾ ജനകീയപ്രതിരോധ പ്രസ്ഥാനങ്ങൾ നടത്തുന്ന സമരങ്ങളാണ് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതും വിജയിക്കുന്നതെന്നുമെന്നും അദ്ദേഹം പറഞ്ഞു.

പ്രോഗ്രാം കമ്മിറ്റി കൺവീനറും *നവോത്ഥാനശക്തി* ഭാരവാഹിയുമായ എൻ.ആർ.മോഹൻകുമാർ അദ്ധ്യക്ഷത വഹിച്ച ജനകീയ സംഗമത്തിൽ പ്രൊഫ.കെ.അരവിന്ദാക്ഷൻ, ഡോ.വിൻസന്റ് മാളിയേക്കൽ, കെ.കെ.ഗോപിനായർ, ഹാഷിം ചേന്നാമ്പിള്ളി, വി.പി.വിൽസൺ, ബിന്ദു ജോർജ്ജ്, കെ.ബാലകൃഷ്ണൻ, ജോബി വർഗ്ഗീസ്, പി.പി.സുകുമാരൻ, ടി.രവീന്ദ്രൻ, ഐ.ടി.സാബു, കെ.പി.പവിത്രൻ, കെ.എസ്.ഹരികുമാർ, പി.പി.എബ്രഹാം, രശ്മി രവി എന്നിവർ പ്രസംഗിച്ചു.

എം.ആർ.സെനിത്കുമാർ സ്വാഗതവും, സ്ലീബാദാസ് പി.സ്റ്റീഫൻ നന്ദിയും പറഞ്ഞു. ■



എറണാകുളം ജില്ലയിലെ മുളന്തുരുത്തിയിൽ ആരംഭിച്ച ജനകീയ പ്രതിരോധ സമിതി ഓഫീസ്, സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

## ബി.ജെ.പി സർക്കാരിന്റെ പുതിയ വിദ്യാഭ്യാസ നയത്തിനെതിരെ ദേശീയ ക്യാമ്പയിൻ ആരംഭിക്കും

പുതുതെന്ന പേരിൽ ദുരുപദിഷ്ടമായ ഒരു ദേശീയ വിദ്യാഭ്യാസ നയരേഖയ്ക്ക് രൂപം നൽകാൻ കേന്ദ്ര ബി.ജെ.പി സർക്കാർ നടത്തുന്ന നീക്കങ്ങൾക്കെതിരെ ദേശീയതല ക്യാമ്പയിൻ ആരംഭിക്കാൻ മെയ്7,8 തീയതികളിൽ കൊൽക്കത്തയിൽ ചേർന്ന അഖിലേന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റിയോഗം തീരുമാനിച്ചു. വിവിധ സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസ സംരക്ഷണ കൺവൻഷനുകൾ സംഘടിപ്പിക്കാനും ശാസ്ത്രീയ-മതേതര വിദ്യാഭ്യാസ സങ്കൽപ്പങ്ങളുടെ അടിസ്ഥാനത്തിൽ ഒരു നയരേഖ പ്രസിദ്ധപ്പെടുത്താനും യോഗം തീരുമാനിച്ചു. അന്തരിച്ച അഖിലേന്ത്യാ പ്രസിഡന്റ് ജസ്റ്റിസ് വി.ആർ കൃഷ്ണയ്യരുടെ വിയോഗത്തെതുടർന്ന് പുതിയ അഖിലേന്ത്യാ പ്രസിഡന്റായി ഡോ.എൻ.എ കരീമിനെ യോഗം ഐകകൺഠ്യേന തെരഞ്ഞെടുത്തു. പ്രൊഫസർ അനീസ് റോയിയെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായും യോഗം തെരഞ്ഞെടുത്തു. ■

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.